സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



Vol. LXXVI No. 2 February 2026 ദനഹാക്കാലം – നോമ്പുകാലം

മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ചിക്കാഗോ
രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത്
പിതാവിന് പാലാ രൂപതയുടെ

ആശംസകൾ

31.01.2026

പാലാ രൂപതയുടെ
14 -ാം പാസ്റ്ററൽ
കൗൺസിലിന്റെ രണ്ടാം
സമ്മേളനം ചൂണ്ടച്ചേരി SJCET
യിൽ വച്ചു നടന്നു

04.01.2026

മീനടത്തു വച്ചു നടന്ന
മലങ്കര ഓർത്തഡോക്സ്
സഭയുടെ കോട്ടയം ഭദ്രാസന
ജൂബിലിയാഘോഷ സമ്മേളനം
അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് ഉദ്ഘാടനം ചെയ്ത്
സന്ദേശം നൽകി.

5.01.2026

ഭരണങ്ങാനം
അൽഫോൻസാ തീർഥാടന
കേന്ദ്രത്തിൽ പ്രത്യാശയുടെ
കവാടം അടയ്ക്കുന്ന കർമ്മം
അത്യുന്നത
കർദ്ദിനാൾ മാർജോർജ്ജ് കൂവക്കാട്ട്,
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
എന്നീ പിതാക്കന്മാരുടെ
കാർമികത്വത്തിൽ നടന്നു.

22.01.2026

മാർ സ്ളീവാ ക്യാൻസർ കെയർ
ആൻഡ് റിസർച്ച് സെന്ററിൽ റേഡി
യേഷൻ തെറാപ്പി ഇൻസ്റ്റിറ്റ്യൂട്ടിന്റെ
വെഞ്ചരിപ്പുകർമ്മം അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
നിർവഹിച്ചു

24.01.2026

Psws ന്റെ
ഭാഗമായ പാലാ ഫുഡ് ഫാക്ടറി
വിശ്വാസ് കമ്പനിയുടെ
സഹകരണത്തോടെ യൂറോപ്യൻ
രാജ്യങ്ങളിലേക്ക്
കപ്പ കയറ്റുമതി ചെയ്യുന്നതിന്റെ
ഉദ്ഘാടനകർമ്മം
അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ്
നിർവഹിച്ചു

25.01.2026

ഇന്റർ ചർച്ച്
കൗൺസിലിന്റെ
ആഭിമുഖ്യത്തിൽ
കൂത്താട്ടുകുളത്തു വച്ചു നടന്ന
സഭൈക്യവാരസമാപന
പ്രാർത്ഥനയിലും സമ്മേളനത്തിലും
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് പങ്കെടുത്തു
സന്ദേശം നൽകി

24.01.2026

25.01.2026

ഇടയനടുത്ത സന്ദർശനം - മുത്തോലി ഇടവക

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

'സാന്ത്വനപ്രകാശമേ, നയിച്ചാലും'

സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ

FEBRUARY 2026
Vol. LXXVI No. 2

CONTENTS

ഇടയലേഖനം - 87 75

സർക്കുലർ 82

സർക്കുലർ 87

Transfer List 93

അറിയിപ്പുകൾ 98

വാർത്തകൾ 101

അഭിവന്ദ്യപിതാവിന്റെ ഡയറി 142

ഇടയലേഖനം - 87

നോമ്പുകാലം:
വിശ്വാസത്തിൽ ആഴപ്പെടാനും പ്രത്യാശയിൽ ഉറച്ചുനിൽക്കാനും സ്നേഹത്തിൽ ജീവിക്കാനുമുള്ള കൃപയുടെ വസന്തം

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്:
നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.

മിശാഹിയിൽ സ്നേഹം നിറഞ്ഞവരേ,

'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന ആപ്തവാക്യവുമായി മിശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി ആഗോളസഭയിൽ നമ്മൾ ആഘോഷിച്ചു. തിരുസ്സഭയുടെ വിശ്വാസതീർത്ഥാടനത്തിൽ പങ്കാളികളായിക്കൊണ്ട്, ഒരു രൂപതാസമൂഹം എന്ന നിലയിൽ ദൈവകൃപയുടെ നിറവിലും നന്ദിയിലും നമ്മൾ പ്ലാറ്റിനംജൂബിലിയും പൂർത്തിയാക്കി. ഈശോമിശിഹായുടെ പീഡാനുഭവ-കുരിശുമരണ- ഉത്ഥാന രഹസ്യങ്ങളുടെ മഹാജൂബിലി (2000 വർഷം) അടുത്തു വരുന്ന ഇക്കാലഘട്ടത്തിൽ ആത്മീയ ഉണർവിന്റെയും ജീവിതനവീകരണത്തിന്റെയും ദൈവദാനമായ നോമ്പുകാലത്തിലേക്കു നമ്മൾ പ്രവേശിക്കുകയാണ്. ഫെബ്രുവരിമാസം 15-ാം തീയതിയാണ് നോമ്പുകാലത്തിന്റെ ഒന്നാംഞായർ. ഫെബ്രുവരി

16-ാം തീയതി തിങ്കളാഴ്ച വിഭൂതിത്തിരുനാൾ ആചരിച്ചു കൊണ്ടും ഉപവസിച്ചുകൊണ്ടും ത്യാഗനിർഭരമായ നോമ്പിന്റെ ദിനങ്ങൾ നമ്മൾ ആരംഭിക്കുകയും ചെയ്യുന്നു.

സഭയിൽ മിശിഹാരഹസ്യം ഏറ്റവും ആഴത്തിൽ അനുഭവിക്കുകയും ഹൃദയപൂർവം ജീവിക്കുകയും തീക്ഷ്ണതയോടെ പ്രഘോഷിക്കുകയും ചെയ്യാൻ നമ്മെ ഒരുക്കുന്ന കാലഘട്ടമാണ് 'സൗമാ റമ്പാ' എന്നറിയപ്പെടുന്ന വലിയ നോമ്പുകാലം. ഇതു വെറും അനുഷ്ഠാനങ്ങളിലും ആചരണങ്ങളിലും ഒതുക്കേണ്ടതല്ല; അനുതാപത്തിന്റെയും വിശുദ്ധീകരണത്തിന്റെയും മാനസാന്തരത്തിന്റെയും ആത്മീയപരിശ്രമമായി അതു മാറണം. നോമ്പുകാലത്തെ ദിവ്യരഹസ്യഗീതം (ഓനീസാദ് റാസെ) നമ്മെ ഇപ്രകാരം അനുസ്മരിപ്പിക്കുന്നു: ''നമ്മുടെ മനസ്സിലെ എല്ലാ വിചാരങ്ങളും നമുക്കു ശുദ്ധീകരിക്കാം. നമ്മുടെ പാപങ്ങളുടെ മാലിന്യങ്ങളെല്ലാം അനുതാപത്തിന്റെ കണ്ണീരാൽ വെടിപ്പാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യാം. വിനയമുള്ള ആത്മാവും പശ്ചാത്തപിക്കുന്ന മനസ്സുമുള്ളവരായിത്തീരുകയും പരിഹാരകൃത്യങ്ങളോടു ചേർത്തു നമ്മെത്തന്നെ കറയില്ലാത്തതും സ്വീകാര്യവുമായ ബലിവസ്തുവായി മിശിഹായ്ക്കു സമർപ്പിക്കുകയും ചെയ്യാം.''

'നോമ്പിലൂടെ മനസ്സു ശാന്തമാകുമ്പോൾ, ഹൃദയം ദൈവശബ്ദം കേൾക്കാൻ തുടങ്ങുന്നു' വെന്നു നിനവേയിലെ മാർ ഇസഹാക്കും 'നോമ്പ് പ്രാർഥനയുടെ ശക്തിയും ധർമദാനത്തിന്റെ അടിത്തറ'യുമാണെന്നു മാർ ആഗസ്തീനോസും നമ്മെ പഠിപ്പിക്കുന്നു.

ക്രൈസ്തവജീവിതത്തിന്റെ അടിത്തറയായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവികപുണ്യങ്ങളിൽ വളരാൻ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു. 'വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനില്ക്കുന്നു'വെന്ന് (1 കോറി 13,12) പൗലോസ് ശ്ലീഹായും നമ്മെ ഓർമിപ്പിക്കുന്നു. വിശ്വാസത്തിൽ ആഴപ്പെടുമ്പോഴും പ്രത്യാശയിൽ ഉറയ്ക്കുമ്പോഴും ദൈവ

സ്നേഹത്തിൽ വളരുമ്പോഴുമാണ് നോമ്പുകാലം ഫലദായകമാകുന്നത്.

വിശ്വാസത്തിൽ ആഴപ്പെടുക

വിശ്വാസം സങ്കല്പങ്ങളല്ല; മറിച്ച്, മനുഷ്യരൂപം സ്വീകരിച്ച് നമ്മെ ജീവന്റെ പൂർണതയിലേക്കു നയിക്കുന്ന ഈശോമിശിഹായുടെ മാർഗത്തിൽ നടക്കുന്ന പ്രക്രിയയാണ്. 'നീതിമാൻ വിശ്വാസംവഴി ജീവിക്കുന്നു.' (റോമ 1,17). സഭാപിതാവായ മാർ അപ്രേം പറയുന്നു: 'വിശ്വാസം അന്ധകാരത്തിൽ തെളിയുന്ന വിളക്കാണ്; അതിന്റെ പ്രകാശത്തിൽ നടക്കുന്നവന് ഇടറുകയില്ല.' പ്രാർഥനയിലൂടെയും തിരുവചനധ്യാനത്തിലൂടെയും നമ്മുടെ അകമിഴികൾ, ഈശോയാകുന്ന പ്രകാശത്തിലേക്കു തുറക്കപ്പെടണം. അബ്രാഹം 'കർത്താവിൽ വിശ്വസിച്ചതുപോലെ' (ഉത്പ 15,6) നോമ്പുകാലത്ത് ആഴമായ വിശ്വാസത്തോടെ നമ്മുടെ ബലഹീനതകൾ ദൈവത്തിന്റെ വിശ്വസ്തതയ്ക്കു വിനയത്തോടെ നമ്മൾ ഏല്പിക്കുന്നു.

മിശിഹാ നാല്പതുദിനരാത്രങ്ങൾ ഉപവസിച്ച് പരീക്ഷണങ്ങളെ ദൈവവചനത്തിലൂടെ വിജയിച്ചതുപോലെ, നോമ്പുകാലം ദൈവവചനത്തിൽ ആശ്രയിക്കാൻ നമ്മെയും പഠിപ്പിക്കുന്നു. ദൈവവചനം ശ്രവിക്കുകയും ധ്യാനിക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുമ്പോഴാണ് നോമ്പ് അർഥപൂർണമാകുന്നത്.

തിരുവെഴുത്തുകളിലെ ഉപവാസം എപ്പോഴും പ്രാർഥനയോടും അനുതാപത്തോടും നീതിയോടും ചേർന്നാണ് പ്രത്യക്ഷപ്പെടുന്നത്. അത് അപ്പം ഒഴിവാക്കൽ മാത്രമല്ല; പാപം ഉപേക്ഷിക്കലാണ്. ഭക്ഷണം വേണ്ടെന്നുവയ്ക്കൽ മാത്രമല്ല; സ്നേഹം വർധിപ്പിക്കലാണ്. ശരീരം ക്ഷീണിപ്പിക്കലല്ല; ആത്മാവിനെ ശക്തിപ്പെടുത്തലാണ്.

മോശയ്ക്കു സീനായ്മലയിൽ ദൈവവചനത്തെ സ്വീകരിക്കുന്നതിനുള്ള ശുദ്ധീകരണമായിരുന്നു ഉപവാസം.

ഏലിയായ്ക്ക് ആത്മീയനവീകരണത്തിനുള്ള മാർഗമായിരുന്നു അത് (1 രാജ 19,8). നിനവേക്കാർക്ക് ഉപവാസം ദൈവത്തിലുള്ള വിശ്വാസത്തിന്റെ പ്രകടനമായിരുന്നു (യോന 3,5). ദാവീദിന് അതു ഹൃദയപരിവർത്തനത്തിന്റെ അടയാളമായിരുന്നു. (സങ്കീ 35,13). എസ്തേറിന് ഉപവാസം മധ്യസ്ഥപ്രാർഥനയുടെ ഭാഗമായിരുന്നു (എസ്തേർ 4,16). ഉപവാസം ആന്തരിക പരിവർത്തനമാണെന്നു ജോയേൽ പ്രവാചകനും (2:12,13) സാമൂഹികനീതിയുടെയും കരുണയുടെയും വഴിയായി ഏശയ്യാ പ്രവാചകനും പ്രബോധിപ്പിക്കുന്നു (ഏശ 58,37). മിശിഹാ പരസ്യജീവിതത്തിനുമുമ്പ് നാല്പതു ദിനരാത്രങ്ങൾ ഉപവാസത്തിലൂടെ തന്റെ മനുഷ്യത്വത്തെ ശക്തിപ്പെടുത്തി.

സഭയുടെ ശുശ്രൂഷയും പ്രാർഥനയും ഉപവാസത്തിലൂടെയാണ് രൂപം കൊള്ളേണ്ടത്. ആദിമസഭയിൽ എല്ലാ നിർണ്ണായകതീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും നിയോഗങ്ങൾ ഏല്പിക്കുന്നതിനും മുമ്പ് ശ്ലീഹന്മാർ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് റൂഹാദ്ക്കുദ്ശായുടെ സ്വരത്തിനു കാതോർത്തു എന്ന് നടപടിപ്പുസ്തകം സാക്ഷ്യപ്പെടുത്തുന്നു (ശ്ലീഹ 13,3. 14,23). അതിനാൽ തിരുവചനവെളിച്ചത്തിൽ നമുക്കും ഉപവസിച്ച് നോമ്പനുഷ്ഠിക്കാം.

മാർ അപ്രേം പറയുന്നതുപോലെ, 'ഉപവാസത്തിന്റെ വിഷയം അപ്പം മാത്രമാകരുത്. അത് അനീതി ഇല്ലാതാക്കാനുള്ള ഉപവാസമായിരിക്കണം, വിശക്കുന്നവനെ നിന്റെ മേശയിൽ പങ്കാളിയാക്കാനുള്ള ഉപവാസവുമായിരിക്കണം.'

പ്രത്യാശയിൽ ഉറച്ചുനിൽക്കുക

നോമ്പ് പ്രത്യാശയുടെ പാഠശാലയാണ്. പ്രത്യാശ, മനുഷ്യവേദനകളുടെ നടുവിലും ദൈവവാഗ്ദാനങ്ങളിൽ ഉറച്ചുനിൽക്കുന്ന ആത്മചൈതന്യമാണ്. മിശിഹായുടെ പീഡാനുഭവങ്ങളെ ധ്യാനിച്ചുകൊണ്ട് നമ്മൾ ഉത്ഥാനത്തിലേക്കാണ് കണ്ണുകൾ ഉയർത്തുന്നത്. ലോകമെങ്ങും യുദ്ധവും കലഹവും

വർഗീയപീഡനങ്ങളും അന്ധകാരവും വർധിക്കുന്ന ഇക്കാലത്ത്, നോമ്പ് മിശിഹായിലേക്കും അവിടുത്തെ വാഗ്ദാനങ്ങളിലേക്കും മിഴികൾ ഉയർത്താൻ നമ്മെ ക്ഷണിക്കുന്നു. ഉപവാസത്തിലൂടെയും പ്രാർഥനയിലൂടെയും സ്നേഹത്തിലൂടെയും നമ്മൾ പാപത്തിനുമരിച്ച്, മിശിഹായിൽ പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുന്നു. 'ഉപവാസം വിത്തു വിതയ്ക്കുന്നു; ഉയിർപ്പ് ഫലം കൊയ്യുന്നു.' (മാർ അപ്രേം). ദൈവവചനവായനയും ധ്യാനവും മൗനപ്രാർഥനയും നമ്മുടെ വെല്ലുവിളികളെ പ്രത്യാശയോടെ നേരിടാനുള്ള ആന്തരികശക്തി നമുക്കു നൽകുന്നു. കർത്താവിന്റെ വചനത്തിലും വാഗ്ദാനങ്ങളിലും പ്രത്യാശ വയ്ക്കാൻ സങ്കീർത്തകൻ നമ്മെ ഓർമപ്പെടുത്തുന്നു. (സങ്കീ 119, 74).

കർത്താവിൽ പ്രത്യാശയർപ്പിക്കുകയും അവിടുത്തെ വചനത്തിൽ ആശ്വാസം തേടുകയും ചെയ്യുന്ന നമ്മുടെ വാക്കുകൾ ആശ്വാസം പകരുന്നതും പ്രത്യാശ നൽകുന്നതുമായിരിക്കണം. നോമ്പിൽ നിന്ദയോ, അവഹേളനമോ, ദേഷ്യമോ കലരുന്ന വാക്കുകളെക്കാൾ, സൗഖ്യവും ആശ്വാസവും പ്രോത്സാഹനവും ശക്തിയും പകരുന്ന വാക്കുകൾ പറയാൻ നമുക്കു സാധിക്കണം.

സ്നേഹത്തിൽ ജീവിക്കുക

വിശ്വാസവും പ്രത്യാശയും സ്വാഭാവികമായി സ്നേഹത്തിലേക്കൊഴുകുന്നു. 'സ്നേഹത്തിലൂടെ പ്രവർത്തിക്കുന്ന വിശ്വാസം' (ഗലാ 5:6) തന്നെയാണ് ക്രൈസ്തവജീവിതത്തിന്റെ ഹൃദയം. അന്തിമവിധിയുടെ മാനദണ്ഡമായി മിശിഹാ പറയുന്നത്, 'ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുവനോടു നിങ്ങൾ ചെയ്തതെല്ലാം എനിക്കു ചെയ്തതായിരുന്നു'വെന്നാണ് (മത്താ 25:40). മറ്റുള്ളവരുടെ വേദനകളിലും ഏകാന്തതകളിലും നിസ്സഹായതകളിലും പങ്കുചേരുന്ന സ്നേഹത്തിലൂടെയാണ് നാം യഥാർത്ഥക്രിസ്ത്യാനികളാകുന്നത്. ദൈവാ

രാധനയുടെ ആധികാരികമായ അടയാളങ്ങളാണ് കാരുണ്യ പ്രവൃത്തികളെന്നു ലെയോ പതിന്നാലാമൻ മാർപാപ്പാ *ഞാൻ നിന്നെ സ്നേഹിച്ചു* എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ നമ്മെ ഓർമിപ്പിക്കുന്നു (DT.27).

സ്നേഹമാണ് നമ്മുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പരമമായ പ്രകാശനം. മിശിഹാരഹസ്യത്തിൽ വിശ്വാസവും പ്രത്യാശയും സ്നേഹവും ഒന്നിക്കുന്നു. അവനോടുകൂടെ മരിച്ചാൽ അവനോടുകൂടെ ജീവിക്കും. (2 തിമോ 2:11). മിശിഹായുടെ കാലടികളെ പിന്തുടർന്നുകൊണ്ട് എല്ലാവരോടും കരുതലും അനുകമ്പയും പുലർത്തുന്ന സ്നേഹം, മറ്റുള്ളവരുടെ വളർച്ചയിൽ സന്തോഷിക്കുന്ന സ്നേഹം, മറ്റുള്ളവരുടെ ആകുലതകളിലും ഏകാന്തതകളിലും രോഗങ്ങളിലും ഭവനരാഹിത്യത്തിലും നിസ്സഹായതകളിലും വേദനയനുഭവിക്കുന്ന സ്നേഹം നമുക്ക് അനുവർത്തിക്കാം. അങ്ങനെ നോമ്പുകാലം നമുക്ക് സ്വാർഥം വെടിയലിന്റെയും ദാനധർമത്തിന്റെയും സേവനത്തിന്റെയും ക്ഷമയുടെയും സമാധാനത്തിന്റെയും കാലമായിരിക്കട്ടെ.

ദൈവത്തിൽ വിശ്വസിക്കാനും പ്രത്യാശിക്കാനും സ്നേഹിക്കാനുമുള്ളതാണ് നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും. എങ്കിലും അതിനെ കൂടുതൽ അർഥവത്തായി ജീവിക്കാൻ നൽകപ്പെട്ട കൃപയുടെ സമയമാണ് നോമ്പുകാലം. ഈസ്റ്ററിന്റെ നവസൃഷ്ടി ജനിക്കുന്ന ആത്മീയഗർഭപാത്രമാണ് നോമ്പുകാലം എന്ന് സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. അതിനാൽ നോമ്പിന്റെ പുതുജീവനും ആത്മീയതീക്ഷ്ണതയും നമ്മിൽ നിറയട്ടെ. നോമ്പിന്റെ മധ്യത്തിലെത്തുന്ന, 'പൽഗൂസ് സൗമാ' എന്നറിയപ്പെടുന്ന പാതിനോമ്പ്, ആത്മപരിശോധനയുടെ ക്ഷണമാണ്, ആരംഭത്തിലെ തീക്ഷ്ണത മങ്ങിയിട്ടുണ്ടെങ്കിൽ അതിനെ വീണ്ടെടുക്കാനുള്ള പുണ്യാവസരമാണ്. ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായിൽനിന്നു

വരുന്ന വിശ്വാസവും റൂഹാദ്ക്കുദ്ശായിൽനിന്ന് ഉദിക്കുന്ന പ്രത്യാശയും പിതാവിന്റെ കരുണയിൽനിന്നു പിറക്കുന്ന സ്നേഹവും നമ്മുടെ ജീവിതത്തിൽ നിറഞ്ഞുകവിയട്ടെ. വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും പൂർണമായി ജീവിച്ച പരിശുദ്ധകന്യകാമറിയം നമ്മുടെ മാതൃകയും മധ്യസ്ഥയുമായിരിക്കട്ടെ. കുരിശിൻചുവട്ടിൽ വിശ്വാസത്തോടും പ്രത്യാശയോടുംകൂടെ സ്നേഹത്തിന്റെ സാക്ഷ്യമായി നിന്ന പരിശുദ്ധ അമ്മയുടെ സഹായം അപേക്ഷിച്ചുകൊണ്ട് ഈ നോമ്പുകാലം നമുക്ക് അർഥവത്തായി ജീവിക്കാൻ പരിശ്രമിക്കാം. വിശുദ്ധവാരകർമ്മങ്ങളെ സംബന്ധിച്ച മറ്റൊരു ഇടയലേഖനം പാതിനോമ്പിനുശേഷം നൽകുന്നതായിരിക്കും.

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 01.02.2026

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാമെത്രാൻ

NB: *ഈ ഇടയലേഖനം 2026 ഫെബ്രുവരി 15-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വിശുദ്ധ കുർബാനയർപ്പണമുള്ള കുരിശുപള്ളികളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

No. 4183/K-5/KCBC/OL/DS 29.01.2026

2026 ഫെബ്രുവരി 08

തിരുബാലസഖ്യദിനം

കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

ആഗോള കത്തോലിക്കാസഭ ഈ വർഷത്തെ തിരുബാലസഖ്യദിനം ഫെബ്രുവരി എട്ടാം തീയതി ഞായറാഴ്ചയാണ് ആചരിക്കുന്നത്. കുട്ടികളുടെ സമഗ്രമായ ഉന്നമനത്തെ ലക്ഷ്യം വച്ചുകൊണ്ട് അവരെ സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടാക്കുക എന്ന ഉദ്ദേശ്യത്തോടെ സാർവത്രികസഭ മുഴുവനായി പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. പരസ്പരം സഹായിക്കാൻ പ്രോത്സാഹിപ്പിച്ചുകൊണ്ടാണ് തിരുബാലസഖ്യത്തിലെ അംഗങ്ങളെ വിശുദ്ധിയുടെ പാതയിൽ നയിക്കേണ്ടത്. ഈ സംഘടനയിൽ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

'കുട്ടികൾ കുട്ടികളെ സഹായിക്കുന്നു' എന്നുള്ള മഹത്തായ ദൗത്യത്തെയാണ് തിരുബാലസഖ്യം എന്ന സംഘടന മുന്നോട്ടുവയ്ക്കുന്നതും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതും. ഇത് നമ്മുടെ ആപ്തവാക്യം മാത്രമല്ല, ഓരോ കുട്ടിയുടെയും ഹൃദയത്തിൽനിന്നുദിക്കേണ്ട ഒരു മിഷണറിബോധ്യം കൂടിയാണ്. തിരുബാലസഖ്യത്തിലെ ഓരോ കുട്ടിയും പ്രാർത്ഥിക്കുന്ന മിഷണറിയാവണം, സ്നേഹിക്കുന്ന മിഷണറിയാവണം, സഹായിക്കുന്ന മിഷണറിയാവണം.

പുതുതലമുറയിലെ കുട്ടികൾ ജനിച്ചുവീഴുന്നതുതന്നെ ഡിജിറ്റൽലോകത്തിലേക്കാണ്. നമ്മുടെ കുട്ടികൾ വളരുന്നത് ബൈബിളും പുസ്തകങ്ങളും മാത്രം തുറക്കുന്ന ലോകത്തിലല്ല, പകരം മൊബൈൽ ഫോൺ, ഗെയിംസ്, സോഷ്യൽ മീഡിയ എന്നിവ നിറഞ്ഞ പുതുലോകത്തിലാണ്. ഇവയുടെ ഉപഭോക്താക്കളായി തുടരുമ്പോഴും ഇതിന്റെ ഗുണദോഷങ്ങളെപ്പറ്റി നാമോരോരുത്തരും ബോധവാന്മാരുമാണ്. ഡിജിറ്റൽകാലത്തിന്റെ ഗുണങ്ങളെ സഭയോടുംകൂടി ചേർത്തുനിർത്തിയല്ലേ നാം പരിശീലിക്കേണ്ടത്? ഡിജിറ്റൽസാധ്യതകളെ ദൈവം തന്ന ഒരു അവസരമായിക്കണ്ട് ശരിയായി ഉപയോഗിച്ചാൽ കുട്ടികൾക്ക് സഭയെക്കുറിച്ചു കൂടുതൽ മനസ്സിലാക്കാനും മറ്റു പ്രദേശങ്ങളിലെ മനുഷ്യരുടെ ജീവിതം കാണാനും വിശുദ്ധരുടെ കഥകൾ കേൾക്കാനും പ്രാർത്ഥനകൾ കണ്ടും കേട്ടും പഠിക്കാനും ഓൺലൈൻ വഴി തിരുവചനം വായിക്കാനുമൊക്കെയുള്ള എത്രയെത്ര സാധ്യതകളെ കണ്ടെത്താം! ഇത്തരത്തിൽ നല്ലകാര്യങ്ങൾ ചെയ്യാനും പഠനാവശ്യത്തിനായും ഇവ ഉപയോഗിക്കാമെങ്കിലും കുട്ടികൾ കുറേയധികം സമയം ഫോണിലും കമ്പ്യൂട്ടറിലും ചെലവഴിക്കാതിരിക്കാനും കൂടി നമ്മുടെ പ്രത്യേക ശ്രദ്ധവേണം എന്നതും പ്രധാനകാര്യമാണ്. ഡിജിറ്റൽലോകത്തിന്റെ ദോഷങ്ങളും കുട്ടികളെ പറഞ്ഞു മനസ്സിലാക്കേണ്ടതുണ്ട്. അതിരുകടന്ന മൊബൈൽ ഉപയോഗം പ്രാർത്ഥനയ്ക്കുള്ള സമയം ഇല്ലാതാക്കുന്നു, കുടുംബത്തിൽ പരസ്പരമുള്ള സംസാരം കുറയ്ക്കുന്നു, ഒറ്റപ്പെടലും അസൂയയും താരതമ്യവും വളർത്തുന്നു. സ്ക്രീനിൽ വളരുന്ന കുട്ടി, ഹൃദയത്തിലെ ദൈവത്തെ നഷ്ടപ്പെടുത്താൻ ഇടയാവരുത്.

നമ്മുടെ മക്കൾക്ക് നാം നൽകുന്ന ഏറ്റവും വലിയ സമ്പാദ്യം എന്താണ്? ഭൗതികമായ സൗകര്യങ്ങൾക്കും മികച്ച വിദ്യാഭ്യാസത്തിനുമപ്പുറം, ഈശോയോടൊപ്പമുള്ള ഒരു സൗഹൃദം അവർക്കുണ്ടോ? ഈശോയെ അവർ തങ്ങളുടെ പ്രിയപ്പെട്ടയാളായി സ്വീകരിക്കുന്നുവോ? വിശുദ്ധ മത്തായിയുടെ

സുവിശേഷം 19:14-ൽ ഈശോ പറയുന്നു: ''ശിശുക്കളെ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ, സ്വർഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്''. പലപ്പോഴും പല കാരണങ്ങളാൽ കുട്ടികൾ ഈശോയുടെ സ്നേഹത്തിൽനിന്ന് അകന്നുപോകാറുണ്ട്. ദൈവാശ്രയത്തേക്കാൾ ഉപരിയായി ലോകചിന്തകളോ പരീക്ഷാവിചാരങ്ങളോ അവരിൽ കുത്തിനിറയ്ക്കുമ്പോൾ, ഈശോയുടെ അടുത്തേക്കുള്ള വഴി അവർക്കു മുന്നിൽ മറയാതിരിക്കാൻ നാം ശ്രദ്ധിക്കണം. സ്വർഗരാജ്യത്തിന് അർഹരായ കുഞ്ഞുങ്ങളെ ദൈവാനുഭവത്തിലേക്കു വളർത്തുക എന്നത് മാതാപിതാക്കളുടെ പ്രാഥമികകടമയാണ്. കുട്ടികൾ ഈശോയിലേക്കു വരുന്നത് മാതാപിതാക്കളിലൂടെയാണ്. എല്ലാവരും ഒന്നിച്ചുള്ള കുടുംബപ്രാർത്ഥന ഹൃദയത്തിൽ തൊടുന്ന ദൈവാനുഭവമായി മാറണം. മാതാപിതാക്കൾ ഈശോയുമായി പുലർത്തുന്ന ബന്ധമാണ് മക്കളുടെ ജീവിതത്തിലെ ഏറ്റവും വലിയ പാഠപുസ്തകം.

കുട്ടികളുടെ എല്ലാ വിചാരങ്ങളിലും അവരുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളിലും ഈശോയോട് കൂട്ടുകൂടണം എന്ന ബോധ്യം അവർക്കു നൽകണം. കുട്ടികൾക്ക് അവരുടെ പഠനം, കളികൾ, സങ്കടങ്ങൾ, കൊച്ചുകൊച്ച് ആഗ്രഹങ്ങൾ എന്നിവയിലെല്ലാം ഈശോയെ കൂട്ടുപിടിക്കാൻ സാധിക്കണം. ദൈവമായ ഈശോ അവരുടെ എല്ലാ കാര്യങ്ങളും കേൾക്കുന്ന ഒരു അടുത്ത സുഹൃത്താണെന്ന് അവരെ പഠിപ്പിക്കുക. കുട്ടിക്കു പഠിക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങൾ പഠിക്കുമ്പോൾ ഈശോയോടു സഹായം ചോദിക്കാൻ അവരെ ശീലിപ്പിക്കുക. സങ്കടങ്ങളിൽ ഈശോയുടെ വാക്കുകൾ അവർക്ക് ആശ്വാസമാകട്ടെ. 'എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം' (മത്തായി 11:28) എന്ന വചനം കേൾക്കുന്ന ഒരു കുട്ടിക്ക് ആ വചനത്തെ അവന്റെ ജീവിതവുമായി ചേർത്തു മനസ്സിലാക്കാൻ മാതാപിതാക്കളും മുതിർന്നവരും സഹായിക്കണം. ദൈവവചനം കുഞ്ഞുങ്ങൾ പഠിക്കേണ്ടതും മനസ്സിലാക്കേണ്ടതും ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. തോൽവികളിലും ചെറിയ

വീഴ്ചകളിലും തളരാതെ, ഈശോയുടെ വചനത്തിൽ അവർക്ക് ആശ്വാസം കണ്ടെത്താൻ കഴിയണം.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധകന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. വിശുദ്ധരുടെ സ്നേഹത്തണലിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. എല്ലാവരെയും സഹായിക്കുവാനും പരിഗണിക്കുവാനും നന്മ ചെയ്യുവാനുമുള്ള പരിശീലനത്തിലൂടെ ക്രിസ്തുവാകുന്ന വെളിച്ചത്തിലേക്ക് അവർ നയിക്കപ്പെടുകയാണ്. സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും യഥാർത്ഥ മൂല്യാധിഷ്ഠിതജീവിതം നയിക്കുവാനും തിരുബാലസഖ്യം അവരെ സഹായിക്കുന്നുവെന്നത് പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ഓരോ കുഞ്ഞും ഈശോയുടെ സ്നേഹം അനുഭവിക്കാനും ആ തണലിൽ വളരാനും അർഹരാണ്. അവരുടെ കുഞ്ഞു ഹൃദയങ്ങളിലെ ചെറിയ വിചാരങ്ങൾപോലും ഈശോയുടെ പക്കൽ സമർപ്പിക്കാൻ നമുക്ക് അവരെ സഹായിക്കാം.

തിരുബാലസഖ്യത്തിലെ പ്രിയ കുട്ടികളേ, നിങ്ങൾ ചെറുതാണെന്നു വിചാരിക്കരുത്. നിങ്ങൾ ഈശോയുടെയും നമ്മുടെ സഭയുടെയും ഏറ്റവും പ്രിയപ്പെട്ട മക്കളാണ്. ഒരു പ്രാർത്ഥന കൊണ്ട്, ഒരു ചെറിയ ത്യാഗംകൊണ്ട്, ഒരു പുഞ്ചിരികൊണ്ട്, ചെറിയ സഹായംകൊണ്ട് ലോകം മാറ്റാൻ നിങ്ങൾക്ക് കഴിയും. 'നീ എന്റെ സ്വന്തമാണ്' എന്ന് ഉണ്ണീശോ നിങ്ങളോരോരുത്തരോടും പറയുന്നുണ്ട്. വർണ്ണങ്ങളുടെ ഡിജിറ്റൽ ലോകം നമ്മുടെ മുന്നിലുണ്ടാകാം, പക്ഷേ, അതിനേക്കാൾ ആർദ്രമായ സ്നേഹത്തോടെ ഈശോയുടെ വിളിയും കരുതലുമുണ്ട്, അവിടുത്തെ തിരുഹൃദയത്തിൽ നമുക്ക് ഇടവുമുണ്ട്. ഈ വർഷത്തെ തിരു

ബാലസഖ്യദിനത്തിൽ നിങ്ങൾ വിശ്വാസത്തിൽ ഉറച്ചവരാകട്ടെ, മിഷനറിചൈതന്യത്തിൽ ജ്വലിക്കുന്നവരാകട്ടെ, ഉണ്ണീശോയുടെ ഹൃദയത്തിന് അനുയോജ്യരാവട്ടെ.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

ബിഷപ് ഡോ. ആന്റണി വാലുങ്കൽ

ചെയർമാൻ, കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

ബിഷപ് മാർ ജോസഫ് പണ്ടാരശ്ശേരിൽ

വൈസ് ചെയർമാൻ, കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യലയം

പി.ഒ.സി., കൊച്ചി - 682 025

NB: 2026 ഫെബ്രുവരി 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

Prot. No. 0008/2026

സിനഡനന്തര സർക്കുലർ

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

മാർ റാഫേൽ തട്ടിൽ

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും
കൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പത്തിനാലാമതു സിനഡിന്റെ ആദ്യസമ്മേളനം 2026 ജനുവരി ആറു മുതൽ പത്തുവരെ തീയതികളിൽ സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ കർത്താവിന്റെ അനന്തമായ കരുണയുടെയും അനുഗ്രഹത്തിന്റെയും ആത്മീയാനുഭവം പകർന്നുനല്കിയ ജൂബിലിവർഷം പൂർത്തിയായിരിക്കുകയാണല്ലോ. 'പ്രത്യാശയുടെ തീർഥാടകർ' എന്ന ആപ്തവാക്യമുയർത്തി ആചരിച്ച ഈ കൃപാവർഷത്തിൽ നാം പ്രാപിച്ച ആത്മീയനവീകരണത്തിനും ദൈവാനുഭവങ്ങൾക്കും നമുക്ക് ഒന്നുചേർന്നു ദൈവത്തിനു നന്ദിയർപ്പിക്കാം. ജൂബിലിവർഷാചരണത്തിലൂടെ ആർജിച്ചെടുത്ത ആത്മീയചൈതന്യം നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും നിലനിറുത്താനും മിശിഹായുടെ സ്നേഹത്തിന്റെ സാക്ഷികളായി ജീവിക്കാനും നാം തുടർന്നും പരിശ്രമിക്കേണ്ടതുണ്ട്.

ലോകമെങ്ങും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സന്ദേശം മുഴങ്ങേണ്ട ക്രിസ്മസ്കാലം നിർഭാഗ്യവശാൽ നമ്മുടെ മാതൃരാജ്യമായ ഭാരതത്തിലെ ചില ഭാഗങ്ങളിൽ ഭീതിയുടെയും അശാന്തിയുടെയും ദിനങ്ങളായി മാറി. ഭരണഘടന നല്കുന്ന അവകാശങ്ങൾപോലും നിഷേധിച്ചു ക്രൈസ്തവദൈവാലയങ്ങൾക്കും പ്രാർത്ഥനക്കൂട്ടായ്മകൾക്കും

നേരേ നടന്ന അതിക്രമങ്ങൾ അങ്ങേയറ്റം വേദനാജനകമാണ്. നമ്മുടെ സ്നേഹത്തിന്റെ പ്രവൃത്തികളെ നിർബന്ധിതമതപരിവർത്തനശ്രമങ്ങളായി വ്യാഖ്യാനിക്കുന്ന വിദ്വേഷത്തിന്റെ സംസ്കാരം വളരാൻ അനുവദിക്കുന്നതു നമ്മുടെ രാജ്യത്തിന്റെ മതേതരസ്വഭാവത്തെത്തന്നെ ദുർബലമാക്കുന്നു. കുരിശിലെ ബലിയിലൂടെ എല്ലാവരെയും തന്നിലേക്ക് ആകർഷിച്ച മിശിഹായുടെ സ്നേഹത്തിന്റെ ശക്തിയാണു നമ്മുടെ വിദ്യാഭ്യാസ, കാരുണ്യപ്രവർത്തനങ്ങളിൽ പ്രകടമാകുന്നത്. എതിർപ്പുകളും പീഡനങ്ങളുമുണ്ടാകുമ്പോഴും ധൈര്യപൂർവം സുവിശേഷത്തിന്റെ സന്തോഷം ജീവിക്കുന്ന എല്ലാ സഭാമക്കളെയും സഭ വാത്സല്യത്തോടെ പ്രോത്സാഹിപ്പിക്കുന്നു. 'നമ്മുടെ കർത്താവിനു സാക്ഷ്യം നല്കുന്നതിൽ നീ ലജ്ജിക്കരുത്, ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് അവന്റെ സുവിശേഷത്തെ പ്രതിയുള്ള ക്ലേശങ്ങളിൽ നീയും പങ്കുവഹിക്കുക' (2 തിമോ1:8) എന്ന വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്കു പ്രചോദനമാകട്ടെ.

ശക്തീകരണത്തിലൂടെ മുന്നോട്ട്

സമുദായശക്തീകരണവർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചുകൊണ്ടായിരുന്നു ജനുവരി ആറാം തീയതി സിനഡ് ആരംഭിച്ചത്. സഭയുടെ വളർച്ചയും നിലനില്പും അതിന്റെ ഓരോ അംഗത്തിന്റെയും ആത്മീയവും സാമൂഹികവുമായ ഉന്നമനത്തിൽ അധിഷ്ഠിതമാണ്. സീറോ-മലബാർസഭ പ്രഖ്യാപിച്ച സമുദായശക്തീകരണവർഷം കേവലം ഒരു ആചരണമല്ല; മറിച്ച്, നമ്മുടെ സമുദായാംഗങ്ങളെ തങ്ങളുടെ ദൗത്യങ്ങളെപ്പറ്റി അവബോധമുള്ളവരാക്കാനും അതിനായി അവരെ ബലപ്പെടുത്താനും അങ്ങനെ പൊതുജീവിതത്തിന്റെ എല്ലാ മേഖലകളെയും മിശിഹായുടെ പ്രബോധനത്താൽ ശുദ്ധീകരിക്കാനുമുള്ള പരിശ്രമത്തിന്റെ ഭാഗമാണ്. സഭാംഗങ്ങൾ, പ്രത്യേകിച്ചു കുടുംബങ്ങളും ഇടവകകളും, വിശ്വാസത്തിലും തനിമയിലും അവബോധമുള്ളവരായി നിലനിന്നാൽ മാത്രമേ പൊതുസമൂഹത്തോടുള്ള നമ്മുടെ സുവിശേഷദൗത്യം നിറവേറ്റാൻ നാം പ്രാപ്തരാകുകയുള്ളൂ.

ക്രിസ്ത്യാനിക്കു ശത്രുക്കളില്ല, സഹോദരീസഹോദരന്മാർ മാത്രം. പരസ്പരം മനസ്സിലാകാത്തപ്പോഴും അവർ സഹോദരങ്ങളായി തുടരുന്നു എന്ന ലെയോ പതിന്നാലാമൻ പാപ്പായുടെ വാക്കുകൾ, വിശ്വസാഹോദര്യമാണു നാം ലക്ഷ്യംവയ്ക്കുന്നത് എന്ന യാഥാർഥ്യത്തിന് അടിവരയിടുന്നതാണ്.

ആധുനികലോകം ഉയർത്തുന്ന വെല്ലുവിളികളെ ധീരമായി നേരിടാൻ യുവജനങ്ങളെയും കുടുംബങ്ങളെയും പ്രാപ്തരാക്കുക എന്നതാണ് ഈ വർഷാചരണത്തിന്റെ പ്രധാനലക്ഷ്യം. പൊതുവിടങ്ങളിൽ നമ്മുടെ സാന്നിധ്യത്തെ ദുർബലപ്പെടുത്തുന്ന ജനസംഖ്യാശോഷണം കുടുംബങ്ങളിൽ ചർച്ചാവിഷയമാകണം. സീറോമലബാർ സഭാംഗങ്ങൾ പൊതുഭരണരംഗത്തേക്കും രാഷ്ട്രീയത്തിലേക്കും സജീവമായി കടന്നുവരേണ്ടതു പൗരധർമത്തിന്റെ ഭാഗമാണ്. 'പൗരന്മാരുടെ നിതാന്തജാഗ്രതയിലാണു ജനാധിപത്യത്തിന്റെ നിലനില്പ്' എന്നു നമുക്കു മറക്കാതിരിക്കാം. നമ്മുടെ സമുദായാംഗങ്ങളുടെ ഇടയിൽ സംഭവിക്കുന്ന, വിദേശരാജ്യങ്ങളിലേക്കുള്ള വീണ്ടുവിചാരമില്ലാത്ത കുടിയേറ്റം, ചിലരെയെങ്കിലും വലിയ കടബാധ്യതകളിലേക്കും വിശ്വാസശോഷണത്തിലേക്കും നയിക്കുന്നുണ്ട്. തൊഴിൽ തേടുന്നവർ മാത്രമാകാതെ തൊഴിൽ സൃഷ്ടിക്കുന്നവരും തൊഴിൽദാതാക്കളുമാകാനുള്ള നമ്മുടെ സാധ്യത നാം മനസ്സിലാക്കണം. കൃഷി ലാഭകരമല്ല എന്നു പറയുമ്പോഴും, ശാസ്ത്രീയമായി കൃഷിചെയ്ത് അനേകം പേർക്കു തൊഴിൽ കൊടുക്കാൻ കഴിയും എന്നതിനു നമ്മുടെ ചില രൂപതകളിൽ അഭിനന്ദനാർഹമായ മാതൃകകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്നതു ശ്രദ്ധേയമാണ്. വർത്തമാനകാലത്തു നമ്മുടെ മുൻപിലുള്ള പ്രതിസന്ധികളെ മറികടക്കാൻ സമുദായശക്തീകരണവർഷത്തിലെ കർമപദ്ധതികളെ ഗൗരവമായി ഏറ്റെടുക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

ഗൾഫുമേഖലയ്ക്ക് അപ്പസ്തോലിക് വിസിറ്റർ

ഗൾഫുമേഖലയിലെ സീറോ മലബാർ സഭാവിശ്വാസികൾക്കു ഫലപ്രദമായ അജപാലനശുശ്രൂഷ ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾക്കായി വളരെ നാളുകളായി നാം

പരിശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഗൾഫുനാടുകളിലെ സീറോ മലബാർ സഭാംഗങ്ങൾക്കായി പരിശുദ്ധസിംഹാസനം അപ്പസ്തോലിക് വിസിറ്ററെ നിയമിച്ചതുവഴി സഭയുടെ വളർച്ചയിൽ നിർണായകമായൊരു ചുവടുവയ്പാണു സംഭവിച്ചിരിക്കുന്നത്. ഗൾഫുമേഖലയിലെ സീറോ മലബാർവിശ്വാസികൾക്കാവശ്യമായ അജപാലനസംവിധാനങ്ങൾ അനുവദിക്കുന്നതിനു മുന്നോടിയായി അവിടങ്ങളിലുള്ള നമ്മുടെ വിശ്വാസിസമൂഹങ്ങളുമായും നിലവിലുള്ള അജപാലനസംവിധാനങ്ങളുമായും സംവദിച്ച് ഒരു വിശദമായ പഠനറിപ്പോർട്ടു തയ്യാറാക്കി പരിശുദ്ധ സിംഹാസനത്തിനു സമർപ്പിക്കുക എന്നതാണ് അപ്പസ്തോലിക് വിസിറ്ററുടെ പ്രഥമദൗത്യം. പരിമിതികൾക്കു നടുവിലും മാതൃസഭയുടെ ആരാധനക്രമപാരമ്പര്യത്തിൽ നിലനില്ക്കാൻ ത്യാഗപൂർവം പരിശ്രമിച്ച എല്ലാവരെയും നന്ദിയോടെ ഓർമിക്കുന്നതിനൊപ്പം അപ്പസ്തോലിക് വിസിറ്ററായി നിയമിതനായ ബഹു. ജോളി വടക്കനച്ചന് എല്ലാ പിന്തുണയും നല്കണമെന്നു ഗൾഫുനാടുകളിലെ എല്ലാ സീറോ മലബാർസഭാമക്കളോടും അഭ്യർഥിക്കുന്നു.

അനുരഞ്ജനത്തിലൂടെ ഐക്യത്തിലേക്ക്

ഐക്യമുള്ള സമുദായത്തിനു കാലത്തിന്റെ ഗതിമാറ്റാൻ കഴിയുമെന്നും ആരാധനക്രമത്തിലെ ഐക്യം വിശ്വാസികൾക്കിടയിലുള്ള ആഴമേറിയ സാഹോദര്യത്തിന്റെ പ്രകാശനമാണ് എന്നുമുള്ള ബോധ്യത്തിൽനിന്നാണു വി. കുർബാന അർപ്പണരീതിയിൽ ഏകീകരണം നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചത്. എന്നാൽ, നാം ലക്ഷ്യംവച്ച ഐക്യം പൂർണമായും യാഥാർഥ്യമായിട്ടില്ല എന്നതു ദുഃഖകരമാണ്. ഏകീകൃതരീതിയിലുള്ള കുർബാനയർപ്പണം നടപ്പിലാക്കണം എന്ന സഭയുടെ തീരുമാനം, എറണാകുളം - അങ്കമാലി അതിരൂപതയിൽ ഘട്ടംഘട്ടമായി നടപ്പിലാക്കാനുള്ള ശ്രമങ്ങളെ സിനഡ് അനുഭാവപൂർവം പരിഗണിക്കുന്നു. പരിശുദ്ധസിംഹാസനം അംഗീകരിച്ച ഏകീകൃത വിശുദ്ധകുർബാനയർപ്പണരീതി സംബന്ധിച്ചുള്ള സിനഡിന്റെ തീരുമാനം മാറ്റമില്ലാതെ തുടരുന്നതാണ്. ഏകീകൃതകുർബാനയർപ്പണത്തിനുവേണ്ടി ആഗ്രഹിക്കുകയും നിലപാടെടുക്കുക

യും നടപ്പിലാക്കുകയും ചെയ്ത രൂപതകളെയും വ്യക്തികളെയും സഭ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. എറണാകുളം - അങ്കമാലി അതിരൂപതയുടെ പ്രത്യേക സാഹചര്യത്തിൽ ഘട്ടം ഘട്ടമായി ഏകീകൃത വിശുദ്ധകുർബാനയർപ്പണം നടപ്പിലാക്കാനുള്ള സിനഡുതീരുമാനത്തോട് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർഥിക്കുകയും ക്രൈസ്തവാരൂപിക്കുചേരാത്ത പ്രതിഷേധമാർഗങ്ങൾ വെടിഞ്ഞ് അനുരഞ്ജനത്തിന്റെ പാത സ്വീകരിക്കാൻ ബന്ധപ്പെട്ട ഏവരെയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

വൈദികപരിശീലനത്തിന്റെ കാലോചിതനവീകരണം

മാറുന്ന സാഹചര്യങ്ങളിൽ സഭയുടെ ദൗത്യം കൂടുതൽ ഫലപ്രദമാക്കുന്നതിനു വൈദികപരിശീലനം കാലോചിതമായി നവീകരിക്കേണ്ടത് അനിവാര്യമാണെന്നു മെത്രാൻസിനഡ് വിലയിരുത്തി. സുവിശേഷപ്രഘോഷണത്തിൽ തീക്ഷ്ണത ജ്വലിപ്പിക്കുന്ന വൈദികപരിശീലനം കാലത്തിന്റെ അനിവാര്യതയാണ്. ആത്മീയവും ദൈവശാസ്ത്രപരവുമായ അറിവിനോടൊപ്പം, വൈദികാർഥികൾ മാനസികമായ പക്വതയും സാമൂഹിക പ്രതിബദ്ധതയും ആധുനികസാങ്കേതികവിദ്യകളിൽ നൈപുണ്യവുമുള്ളവരായി വളരേണ്ടതുണ്ട്. വൈദികപരിശീലനത്തെക്കുറിച്ചു സിനഡിന്റെ നേതൃത്വത്തിൽ ശാസ്ത്രീയമായ ഗവേഷണങ്ങളും പഠനങ്ങളും വർഷങ്ങളായി നടന്നുവരികയായിരുന്നു. അവയുടെ വെളിച്ചത്തിൽ വിശദമായ ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം നവീകരിച്ച പരിശീലനപദ്ധതിക്കു സിനഡ് അന്തിമരൂപം നല്കിയിട്ടുണ്ട്. ഇവ നടപ്പിൽ വരുത്തുന്നതിന്റെ ആദ്യഘട്ടമായി മൈനർ സെമിനാരി പരിശീലനകാലഘട്ടത്തിൽ കാതലായ ചില നവീകരണങ്ങൾക്കു സിനഡ് അംഗീകാരം നല്കുകയും ഈ രംഗത്തുള്ള എല്ലാവരുടെയും പങ്കാളിത്തത്തോടെ അതു നടപ്പിലാക്കാൻ വൈദികർക്കായുള്ള സിനഡൽ കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു.

അജപാലനത്തിലും സുവിശേഷവത്കരണത്തിലും മുന്നോട്ട്

കേരളത്തിനു പുറത്തു പുതിയ അതിരൂപതകളും വിവിധ രാജ്യങ്ങളിൽ അജപാലനസംവിധാനങ്ങളുമായി സീറോ മല

ബാർസഭ വളർച്ചയുടെ പടവുകൾ കയറുമ്പോൾ, ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കാനുള്ള നമ്മുടെ ഉത്തരവാദിത്വവും വർധിക്കുകയാണ്. സഭയുടെ പൈതൃകവും ആത്മീയതയും മുറുകെപ്പിടിച്ചുകൊണ്ടുതന്നെ, വ്യത്യസ്ത സംസ്കാരങ്ങളിലുള്ളവരുമായി സംവാദത്തിൽ ഏർപ്പെടാനും മിശിഹായുടെ സ്നേഹം സാർവത്രികമായി പ്രഘോഷിക്കാനും നാം കടപ്പെട്ടവരാണ്. ഈയൊരു ദൗത്യം ഏറ്റെടുക്കാൻ പ്രാപ്തരായ കൂടുതൽ മിഷനറിമാരെ വാർത്തെടുക്കാനും തങ്ങളുടെ വിശ്വാസത്തെക്കുറിച്ചും സഭയെക്കുറിച്ചും അഭിമാനബോധമുള്ളവരായി സഭാംഗങ്ങളെ വളർത്താനും സഹായകമാകുന്ന രീതിയിൽ, അല്മായർക്കുവേണ്ടിയുള്ള ഒരു പ്രേഷിതമുന്നേറ്റം, 'ജീവൻജ്യോതി സീറോ മലബാർ മിഷനറി മൂവ്മെന്റ്' എന്ന പേരിൽ ആരംഭിക്കുകയാണ്. സുവിശേഷവത്കരണം നമ്മുടെ പ്രഥമദൗത്യമാകയാൽ കൂടുതൽ വൈദിക-സമർപ്പിതദൈവവിളികളെ പ്രോത്സാഹിപ്പിക്കാൻ കുടുംബങ്ങൾ പ്രത്യേക താത്പര്യം കാണിക്കേണ്ടതുണ്ട്.

ജൂബിലിവർഷം സമാപിച്ചെങ്കിലും അതു നമ്മുടെ ഹൃദയങ്ങളിൽ വിതച്ച പ്രത്യാശയുടെയും കാരുണ്യത്തിന്റെയും വിത്തുകളെ നമുക്കു പരിപോഷിപ്പിക്കാം. 'ജൂബിലിവർഷം സമാപിക്കുമ്പോഴും പ്രത്യാശയുടെ തീർഥാടനം തുടരുകയാണെന്ന' ലെയോ പതിന്നാലാമൻ മാർപാപ്പായുടെ വാക്കുകൾ നമ്മെ പ്രചോദിപ്പിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2026-ാമാണ്ട് ജനുവരിമാസം 10-ാം തീയതി നല്കപ്പെട്ടത്.

റാഫേൽ തട്ടിൽ

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

NB : ഈ സർക്കുലർ 2026 ജനുവരി 18-ാം തീയതി ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ ഇടവകപ്പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കാൻ നല്കപ്പെട്ടത്.

Transfer List - 07 February 2026

Vicars

Rev. Fr Joseph Alanickal (Moothedathu)	Vicar, Vagamon
Rev. Fr Mathew Arackaparampil	Spiritual Director & Coordinator of Sacrament of Reconciliation, St Alphonsa Shrine Church & Pilgrim Center, Bharananganam
Rev. Fr Thomas Brahmanavelil	Vicar, Thuruthipally
Rev. Fr Mathew Chandrankunnel	Vicar, Aruvithura
Rev. Fr Michael Cheeramkuzhy	Vicar, Karoor
Rev. Fr George Chollanal	Vicar, Moolamattom
Rev. Fr George Choorakatt	Vicar, Eravimangalam
Rev. Fr Joseph Ellathuparampil	Assistant Finance Officer, Eparchy of Palai & Secretary to Mar Joseph Pallikaparampil
Rev. Fr Mathew Ennackappallil	Relieved, Director, Jesus Youth
Rev. Fr Philip Eruppakkattu	Vicar, Edappady
Rev. Fr Joseph Illimoottil	Vicar, Palayam
Rev. Fr Augustine Kachiramattom	Vicar, Chennad
Rev. Fr Mathew Kadankavil	Asst. Director, Family Apostolate
Rev. Fr Sebastian Kadaplackal	Vicar, Gagultha - Mattathipara
Rev. Fr Joseph Kadhaliyil	Formator, Good Shepherd Minor Seminary, Karoor
Rev. Fr Mathew Kadookunnel	Retired, Mar Aprem Priests' Home Pala
Rev. Fr Jose Kakkallil	Spiritual Director & Formator, St Joseph Pontifical Seminary, Mangalapuzha, Aluva
Rev. Fr Kurian Kalayil	Vicar, Kothanalloor
Rev. Fr Abraham Kaniyampadickal	Relieved, Spiritual Director, Bharananganam Shrine & Residence at Casa del Clero, Cherpunkal
Rev. Fr Joseph Kaniyodickal	Syncellus, Eparchy of Palai
Rev. Fr John Kannamthanam	Vicar, Vakakkad

Rev. Fr George Karamvelil	Bursar, General Warden & Chaplain, St Joseph's College of Engineering & Techonology, Choondacherry
Rev. Fr Thomas Kizhakkekollithanathu	Director, DCMS
Rev. Fr Augustine Koottiyaniyil	Vicar, Marangattupally
Rev. Fr Kurian Kottayil	Vicar, Melukavumattom
Rev. Fr Mani Kozhuppankutty	Relieved, Asst. Director, DCMS
Rev. Fr Philip Kulangara	Sick Leave
Rev. Fr Paul Kunnumpurath	Director, Bible Apostolate; Asst. Director, Evangelization Programmes & KCSL; Residence at the Presbytery of Lalam Old
Rev. Fr Paul Madathikunnel	Relieved, Spiritual Asst., Kuravilangad & Residence at Vianney Priests' Home, Muttuchira
Rev. Fr Joseph Maleparampil	Vicar, Pala Cathedral
Rev. Fr Tom Jose Mamalassery	Vicar, Josemount
Rev. Fr Kurian Mattam	Relieved, Chaplain, SJCET, Choondacherry
Rev. Fr John Mattamundayil	Relieved, Bursar, SJCET General Coordinator and Mess Manager of institutions under Palai Diocesan Technical Education Trust & Warden, St. Thomas Hostel
Rev. Fr Scaria Menamparampil	Assistant Curator, Christian Cultural Centre (Golden Jubilee Cultural Museum), St Thomas Press Building, Pala. residence at the Presbytery of Cherpunkal
Rev. Fr Thomas Moolechalil	Spiritual Director, St Alphonsa Shrine Church & Pilgrim Center, Bharananganam
Rev. Fr Kurian Mukkamkuzhiyil	Professor, St Joseph Pontifical Seminary, Mangalapuzha, Aluva
Rev. Fr John Naduthadam	Vicar, Cholathadam
Rev. Fr Michael Narikkatt	Manager, Sea View Estate, Parathanam
Rev. Fr Joseph Njarakkattil	Vicar, Arunoottimangalam

Rev. Fr Sebastian Padickakuzhuppil	Vicar, Marangoly
Rev. Fr John Palithottam	Vicar, Kaduthuruthy
Rev. Fr James Panachikkal Karottu	Relieved, Secretary to Mar Joseph Pallikaparampil
Rev. Fr Jacob Pandaraparampil	Pastoral Ministry, Eparchy of Great Britain
Rev. Fr Emmanuel Parekkattu	Director, Alphonsian Pastoral Institute, Arunapuram
Rev. Fr Joseph Pariath Sr.	Vicar, Kaveekunnu
Rev. Fr Augustine Peedikamalayil	Vicar, Sibigiri - Muttom
Rev. Fr Mathew Peedikayil	Vicar, Yendayar
Rev. Fr Mathew Pulickaparampil	Asst. Director, PSWS
Rev. Fr James Puliurumpil	Vice Postulator, Cause of Bl Kunjachan, Ramapuram
Rev. Fr Joseph Purayidathil	Relieved, General Warden, St Joseph's College of Engineering & Techonology, Choondacherry&Warden, St Thomas Hostel
Rev. Fr Jose Tharappel Sr.	Vicar, Retnagiri
Rev. Fr Thomas Thayyil	Relieved, Vicar, Cholathadam & Residence at the Presbytery of Aruvithura
Rev. Fr Mathew Thekkel	Managing Director, Mar Sleeva Medicity, Cherpunkal
Rev. Fr Joseph Theruvil	Vicar, Adivaram
Rev. Fr Mathew Thuruthippallil	Associate Director, Mar Sleeva Medicity, Cherpunkal
Rev. Fr Joseph Vadakara	Retired, Mar Aprem Priests' Home Pala
Rev. Fr Joseph Vadakkekutt	Vicar, Mallikassery
Rev. Fr George Vadakkethottiyil	Retired, Vianney Priests' Home, Muttuchira
Rev. Fr Jose Vallompurayidathil	Vicar, Cherpunkal
Rev. Fr Abraham Vanchipurackal	Vicar, Mannarappara
Rev. Fr Joseph Vanchipurackal	Vicar, Kunnonny

Rev. Fr George Varakukalaparampil	Relieved, Warden, BEd College Hostel, Pala & Residence at the Presbytery of Koottickal
Rev. Fr Augustine Varickamakal	Vicar, Kalathookadavu
Rev. Fr Joseph Vattappillil	Relieved Mess Manager of Institutions under Palai Diocesan Technical Education Trust, Warden of St. Alphonsa College & Judge, Eparchial Tribunal (additional)
Rev. Fr Mathew Vazhacharickal	Vicar, Kavaly
Rev. Fr Antony Vazhakkalayil	Vicar, Lourdes Monut
Rev. Fr Antony Vazhayil	Vicar, Paingulam
Rev. Fr Thomas Vazhayil	Vicar, Kulamavu
Rev. Fr Mathew Vennayappillil	Warden, BEd College Hostel, Pala
Rev. Fr Mathew Vettukallel Sr.	Vicar, Manathoor
Rev. Fr Sebastian Vettukallel	Vicar, Nelliany
Rev. Fr Thomas Vettukattil	Spiritual Director, Mar Sleeva Medicity, Cherpunkal; Residence at St Joseph's Children's Home, Kummannoor
Rev. Fr. Cherian Moolayil	Bursar, SJHMCT Choondacherry additional

Assistant Vicars

Rev. Fr James Andassery	Asst. Vicar, Thudanganad
Rev. Fr George Chathenkunnel	Asst. Vicar, Kuravilangad
Rev. Fr Joseph Cheenothuparampil	Asst. Vicar, Elanji
Rev. Fr Paul Erattamakil	Asst. Vicar, Thidanad
Rev. Fr Joseph Kandaparambath RCJ	Asst. Vicar, Marangattupally
Rev. Fr Mathew Kaniyampady	Licentiate Study, Potifical Oriental Institute of Religious sciences, Vadavathoor
Rev. Fr Alex Kanjirathumkal	Asst. Vicar, Kanjirathanam
Rev. Fr Joseph Kannuthotty Kalluvelil	Asst. Vicar, Poonjar
Rev. Fr Jacob Karinattu	Asst. Vicar, Teekoy

Rev. Fr Thomas Kizhakkekara	Licentiate Study, Potifical Oriental Institute of Religious sciences, Vadavathoor
Rev. Fr Joseph Koonanickal	Asst. Vicar, Elamthottam & Teaching
Rev. Fr Kuriakose Koottumkal	Asst. Vicar, Lalam Old
Rev. Fr Joseph Kurumuttathu	Asst. Vicar, Chakkampuzha & Teaching
Rev. Fr Joanny Kuruvachira	Asst. Vicar, Kuravilangad
Rev. Fr Joseph Madathiparampil Jr	Asst. Vicar, Muttuchira
Rev. Fr Varghese (Jeevan V. Jose OSsT) Mariabhavan	Asst. Vicar, Arunoottimangalam
Rev. Fr Mathew Mukalel	Asst. Vicar, Melukavumattom
Rev. Fr Xavier Mukkudikkattil	Asst. Vicar, Vadakara
Rev. Fr Michael Naduvilekoot	Asst. Vicar, Kothanalloor
Rev. Fr Antony Nangaparampil	Formator, Mar Aprem Seminary
Rev. Fr Devasia Padinjarekutt	Asst. Vicar, Mannarappara
Rev. Fr Libin Palackathadathil O Praem	Relieved, Aruvithura
Rev. Fr Mathew Panagatt	Asst. Vicar, Ramapuram
Rev. Fr Sebastian Pendanam	Asst. Vicar, Kanjiramattom
Rev. Fr George Plathottathil	Asst. Vicar, Kizhathadiyoor
Rev. Fr Sebastian Plathottathil	Asst. Vicar, Neeloor
Rev. Fr Joseph Poyyaniyil	Asst. Rector, St Alphonsa Shrine Church & Pilgrim Center, Bharananganam
Rev. Fr Abraham Pullickattil	Asst. Vicar, Retnagiri
Rev. Fr Thomas Puthenpurackal	Asst. Vicar, Poovarany
Rev. Fr Abraham Puthiyath	Asst. Vicar, Koodalloor
Rev. Fr Thomas Puthuparampil	Asst. Vicar, Vayala & Director, Jesus Youth
Rev. Fr Joseph Thayyil	Asst. Vicar, Elanji
Rev. Fr George Thekkechooranolil	Asst. Vicar, Piravom
Rev. Fr Michael Thottumkal	Asst. Vicar, Moozhoor
Rev. Fr John Vayalil	Asst. Vicar, Kozhuvanal
Rev. Fr Antony Villanthanam	Study, SJCET, Choondacherry
Rev. Fr. Sebastian Kaduppil	Professor, SJCET Choondacherry (additional)

പാലാ ഹോം പ്രോജക്ട്

സാമ്പത്തികസഹായം ലഭിച്ചവർ	Amount From Centre	Amount From Parish / Congregation
ഏലിക്കുട്ടി, സേവ്യർപുരം	18283	
വിനോദ് കെ., വലവൂർ	25000	
തങ്കമ്മ, മുത്തോലി	7019	
അനിത അബ്രാഹം, മണ്ണാറപ്പാറ	22335	
ജോർജുകുട്ടി, മണിയംകുന്ന്	20710	
അജി, ളാലം പള്ളി	21000	
ബാബു പോൾസ്, സേവ്യർപുരം	21938	
ഓമന, സേവ്യർപുരം	20642	
കുഞ്ഞുമോൻ, സേവ്യർപുരം	20865	
മേരിക്കുട്ടി വർഗീസ്, ഏന്തയാർ	43810	
ബീനാ, കൂട്ടിക്കൽ	22000	
മേരി ബാബു, വാഗമൺ	24659	
ജോർജ് ലൂക്കോസ്, മലയിഞ്ചിപ്പാറ	50000	
ജോബി ജെയിംസ്, കുന്നോന്നി	20593	
ലൂസി ജോയി, കരിമ്പാനി	21995	
ജോസ് പീറ്റർ, മണിയംകുളം	9685	
സെബാസ്റ്റ്യൻ കെ.എം. കൂട്ടിക്കൽ	30000	
ജോയി, വിളക്കുമാടം	21825	
മോളി മത്തായി, മുത്തോലി	21731	
എൽസി ബെന്നി, പ്രവിത്താനം	21897	
സെബാസ്റ്റ്യൻ പി.എഫ്., ചേറ്റുതോട്	22643	
ജോയി ജോർജ്, മുട്ടുചിറ	50000	
ഏലിക്കുട്ടി, മുട്ടുചിറ	50000	

മാത്യു ജോർജ്, മുട്ടുചിറ	50000	
സലോമി, മഞ്ഞാമറ്റം	22789	
പി.എം. കുര്യാക്കോസ്, മൂന്നിലവ്	19415	
ബെന്നി, കൈപ്പള്ളി	20000	
ജോസ്, കൈപ്പള്ളി	20000	
തോമസ്, ഇളന്തോട്ടം	19756	
റോസമ്മ തോമസ്, മംഗളഗിരി	21400	
ഷൈജു ജോസഫ്, മാവടി	22745	
സിബിച്ചൻ തോമസ്, വാഗമൺ	22344	
ദേവസ്യാ, കാവാലി	50000	
ആൻസി റ്റോമി, നീറന്താനം	20000	
ജയ്നി ജോസ്, ഏന്തയാർ	20000	
തെയ്യാമ്മ, കയ്യൂർ	22442	
അന്നമ്മ, കയ്യൂർ	16997	
ആന്റണി രാജ്, ളാലം പഴയപള്ളി	22404	
ജോർജ് അഗസ്റ്റിൻ, രാമപുരം	22005	
ജോബി തോമസ്, പാദുവ	50000	

കുര്യാക്കോസ് വെള്ളച്ചാലിൽ
എക്സിക്യൂട്ടീവ് ഡയറക്ടർ

ഫാ. ജോസഫ് മലേപ്പറമ്പിൽ
കോർഡിനേറ്റർ

അറിയിപ്പുകൾ

പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിങ്

2026 ഫെബ്രുവരി 26-ാം തീയതി രാവിലെ 10 മണിക്ക് പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെടുന്നു.

സംഭാവനശേഖരണം

തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് 2025 ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ പിരിവു നടത്തുകയും കിട്ടുന്ന തുക മാർച്ച് 30 ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യണം.

വിശപ്പിനും രോഗത്തിനുമെതിരേ നോമ്പുകാലത്തിലെ ഒരു ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും പിരിവ് നടത്തുകയും കിട്ടുന്ന തുക ഏപ്രിൽ 30 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യണം.

മാർ സ്ലീവാ മെഡിസിറ്റി, പാലാ

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താൽപര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

77 കാരിക്ക് ശസ്ത്രക്രിയ കൂടാതെ വാൽവ് മാറ്റി വച്ച് മാർ സ്ലീവാ മെഡിസിറ്റി

ഗുരുതരമായ അയോർട്ടിക് സ്റ്റെനോസിസ് ഹൃദ്രോഗം ബാധിച്ച 77കാരിക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ ട്രാൻസ്കത്തീറ്റർ അയോർട്ടിക് വാൽവ് ഇംപ്ലാന്റേഷൻ (ടാവി) വിജയകരമായി നടത്തി. അമയന്നൂർ സ്വദേശിനിയായ 77കാരിക്കാണ് ഏറെ സങ്കീർണ്ണമായ ചികിത്സ നടത്തി ആശുപത്രിയിലെ ഉന്നതനിലവാരത്തിലുള്ള കാർഡിയാക് സയൻസസ് വിഭാഗം ഹൃദ്രോഗചികിത്സയിൽ മറ്റൊരു നേട്ടംകൂടി സ്വന്തമാക്കിയത്. ആശുപത്രിയിലെ കാർഡിയോളജി, കാർഡിയാക് സർജറി, കാർഡിയാക് അനസ്തേഷ്യ വിഭാഗങ്ങളുടെ സഹകരണത്തോടെയായിരുന്നു ചികിത്സ. ഗുരുതര ശ്വാസംമുട്ടൽ, ക്ഷീണം എന്നിവയെത്തുടർന്നാണ് 77കാരി മാർ സ്ലീവാ മെഡിസിറ്റിയിൽ ചികിത്സ തേടിയത്. തുടർന്നുനടത്തിയ വിശദമായ

പരിശോധനയിലാണ് അയോർട്ടിക് വാൽവിന്റെ ഗുരുതരമായ ചുരുങ്ങൽ കണ്ടെത്തിയത്. സാധാരണനിലയിലുള്ള ഓപ്പൺ-ഹാർട്ട് ശസ്ത്രക്രിയയ്ക്ക് രോഗിയുടെ ആരോഗ്യനില അനുകൂലമല്ലെന്നു വിലയിരുത്തിയതിനെത്തുടർന്ന് കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രാജീവ് എബ്രഹാമിന്റെ നേതൃത്വത്തിലുള്ള ഹൃദ്രോഗവിദഗ്ധരുടെ സംഘം ടാവി ചികിത്സയ്ക്കു തീരുമാനം എടുക്കുകയായിരുന്നു.കാലിലെ രക്തധമനിയിൽ വളരെ ചെറിയൊരു മുറിവ് വഴിയായിരുന്നു ടാവി ചികിത്സ നടത്തിയത്. പുതിയ വാൽവ് വിജയകരമായി സ്ഥാപിച്ചതോടെ അത് ഉടൻ പ്രവർത്തനമാരംഭിച്ചു. രോഗി വളരെ വേഗത്തിൽ സുഖം പ്രാപിക്കുകയും മണിക്കൂറുകൾക്കുള്ളിൽ ഐസിയുവിൽനിന്നു മാറ്റുകയും ചെയ്തു. കാർഡിയാക് സയൻസസ് വിഭാഗം മേധാവി ഡോ രാംദാസ് നായിക്, സീനിയർ കൺസൾട്ടന്റുമാരായ ഡോ.ജെയിംസ് തോമസ്, ഡോ.ബിബി ചാക്കോ ഒളരി, കാർഡിയാക് അനസ്തേഷ്യവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. നിതീഷ് പി.എൻ, കാർഡിയോ തൊറാസിക് ആൻഡ് വാസ്കുലർ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. കൃഷ്ണൻ.സി എന്നിവരും ചികിത്സയുടെ ഭാഗമായി .

കിഡ്നിമാറ്റിവയ്ക്കലിനു വിധേയനായ അധ്യാപകൻ, ഡോക്ടർക്ക് ആദരവായി കവിത എഴുതി സമർപ്പിച്ചു

കിഡ്നി മാറ്റിവയ്ക്കലിനു വിധേയനാക്കപ്പെട്ട അധ്യാപകൻ ചികിത്സിച്ച ഡോക്ടർക്കു നന്ദിയർപ്പിച്ച് കവിത എഴുതി സമർപ്പിച്ചു. മാർ സ്ലീവാ മെഡിസിറ്റിയിലെ നെഫ്രോളജിവിഭാഗം മേധാവിയും ട്രാൻസ്പ്ലാന്റ് നെഫ്രോളജിസ്റ്റുമായ ഡോ. മഞ്ജുള രാമചന്ദ്രനെക്കുറിച്ചാണ് പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ പ്രിൻസിപ്പൽ പ്രഫ.ടി.സി.തങ്കച്ചൻ കവിത എഴുതി സമർപ്പിച്ചത്. മനോഹരി എന്നു പേരിട്ടിരിക്കുന്ന കവിത ഡോക്ടർമാർക്കിടയിൽ വൈറലാകുകയും ചെയ്തു. കിഡ്നിമാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ മികവിന്റെ കേന്ദ്രമായ മാർ സ്ലീവാ മെഡിസിറ്റിയിൽ 115ൽ പരം ശസ്ത്രക്രിയകളാണ് ഡോ. മഞ്ജുള രാമചന്ദ്രന്റെ നേതൃത്വത്തിൽ വിജയകരമായി പൂർത്തിയാക്കിയത്. കിഡ്നി മാറ്റിയ്ക്കലിനെത്തുടർന്നുള്ള വിശ്രമസമയത്ത് മാർ സ്ലീവാ മെഡിസിറ്റിയിലെ ഡയാലിസിസ്, ടിഐസിയു യൂണിറ്റിലെ പ്രിയപ്പെട്ടവർക്കായി കരുതൽ എന്ന കവിതയും മാർ സ്ലീവാ മെഡിസിറ്റിയെക്കുറിച്ച് ആതുരാലയം എന്ന കവിതയും പ്രഫ.ടി.സി.തങ്കച്ചൻ എഴുതി സമർപ്പിച്ചിരുന്നു.

വൃക്കമാറ്റിവയ്ക്കലിനു പുറമേ അപകടത്തിൽ ഗുരുതരപരുക്കേറ്റ രോഗിയെ ജീവിതത്തിലേക്ക് തിരിച്ചെത്തിച്ച് മാർ സ്ലീവാ മെഡിസിറ്റി

രണ്ടു തവണ വൃക്കമാറ്റിവയ്ക്കലിനു വിധേയനായ 50 കാരൻ റോഡപകടംകൂടി ഉണ്ടായി ഗുരതരാവസ്ഥയിലായപ്പോൾ സങ്കീർണ്ണ ശസ്ത്ര

ക്രിയയിലൂടെ ജീവിതത്തിലേക്കു തിരിച്ചെത്തിച്ച് മാർ സ്ലീവാ മെഡിസിറ്റി. അപകടത്തിൽ തുടയെല്ല് നാലു കഷണങ്ങളായി ഒടിഞ്ഞ പന്തളം സ്വദേശിയായ 50കാരനെയാണ് മാർ സ്ലീവാ മെഡിസിറ്റിയിലെ നെഫ്രോളജി, ഓർത്തോപീഡിക്സ്, അനസ്തേഷ്യ വിഭാഗങ്ങളുടെ മികവിൽ വീണ്ടും സാധാരണനിലയിലേക്ക് എത്തിച്ചത്. മറ്റൊരു ആശുപത്രിയിൽ 2 തവണ വൃക്കമാറ്റിവയ്ക്കലിനു വിധേയനാക്കപ്പെട്ട 50കാരൻ ആഴ്ചയിൽ 3 ദിവസം ഡയാലിസിസ് ചെയ്തുവരികയായിരുന്നു. ഇതിനിടെയാണ് സ്കൂട്ടർ മറിഞ്ഞുണ്ടായ അപകടത്തിൽ തുടയെല്ല് തകർന്നത്.

രോഗിക്ക് രക്തം സ്വീകരിക്കുന്നതിനു തടസ്സമുള്ളതിനാൽ ഇവർ തുടയെല്ലിന്റെ ശസ്ത്രകിയയ്ക്കായി വിവിധ ആശുപത്രികളെ സമീപിച്ചെങ്കിലും സാധിച്ചിരുന്നില്ല. തുടർന്നാണ് നെഫ്രോളജി, ഓർത്തോപീഡിക്സ് വിഭാഗങ്ങളിൽ ഉൾപ്പെടെ മികവിന്റെ കേന്ദ്രമായ മാർ സ്ലീവാ മെഡിസിറ്റിയെ സമീപിച്ചത്. വൃക്കരോഗത്തിനും തുടയെല്ലിലെ വിവിധ ഒടിവുകൾക്കും പുറമേ ഗുരുതര പൾമണറി ആർട്ടറി ഹൈപ്പർ ടെൻഷനും, ഹീമോഗ്ലോബിന്റെ കുറവും രോഗിക്കുണ്ടായിരുന്നു. ഇതിനാൽ രോഗിയെ ശസ്ത്രകിയ നടത്തുക എന്നത് ഏറെ വെല്ലുവിളി നിറഞ്ഞ സാഹചര്യമായിരുന്നു. നെഫ്രോളജിവിഭാഗം മേധാവിയും ട്രാൻസ്പ്ലാന്റ് നെഫ്രോളജിസ്റ്റുമായ ഡോ.മഞ്ജുള രാമചന്ദ്രൻ, കൺസൾട്ടന്റ് ഡോ. തരുൺ ലോറൻസ്, ഓർത്തോപീഡിക്സ് വിഭാഗം കൺസൾട്ടന്റ് ഡോ. ജോസഫ് ജെ. പുല്ലാട്ട് എന്നിവരുടെ നേതൃത്വത്തിലാണ് ഗുരുതരാവസ്ഥയിലുള്ള രോഗിക്ക് ചികിത്സ ഒരുക്കിയത്. ഡോ. ജോസഫ്. ജെ. പുല്ലാട്ടിന്റെ നേതൃത്വത്തിൽ തുടയെല്ല് പുറത്തുനിന്നു കമ്പിയിട്ട് ഫിക്സ് ചെയ്യുന്ന ശസ്ത്രക്രിയ ആദ്യം നടത്തി. രക്തം മാറ്റി സ്വീകരിക്കാൻ രോഗിക്കു സാധിക്കാത്തതിനാൽ ഹീമോഗ്ലോബിന്റെ അളവ് ഉയർത്തിക്കൊണ്ടുവന്ന ശേഷം അകത്തു കമ്പിയിട്ട് തുടയെല്ല് ഫിക്സ് ചെയ്യുന്ന രണ്ടാമത്തെ സങ്കീർണ്ണമായ ശസ്ത്രക്രിയയും ഒരു മാസത്തിനുള്ളിൽ നടത്തി. അനസ്തേഷ്യോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ലിബി ജെ.പാപ്പച്ചൻ, കൺസൾട്ടന്റും ട്രാൻസ്പ്ലാന്റ് അനസ്തെറ്റിസ്റ്റുമായ ഡോ.ജെയിംസ് സിറിയക്, കൺസൾട്ടന്റ് ഡോ.ശിവാനി ബക്ഷി എന്നിവരും മണിക്കൂറുകൾ നീണ്ട ശസ്ത്രക്രിയയുടെ ഭാഗമായി.

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലായിൽ റോഡ് സുരക്ഷാവാരാചരണപരിപാടി സംഘടിപ്പിച്ചു

റോഡ് സുരക്ഷ എല്ലാവരുടെയും ഉത്തരവാദിത്വമാണെന്ന സന്ദേശവുമായി മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചേർപ്പുങ്കൽ ബി.വി.എം കോളജ് എൻ.എസ്.എസ് യൂണിറ്റ്, മോട്ടോർ വാഹനവകുപ്പ്

എന്നിവയുമായി സഹകരിച്ച് ദേശീയ റോഡ് സുരക്ഷാവാരാചരണപരിപാടി സംഘടിപ്പിച്ചു. പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂളിൽനിന്ന് കൊട്ടാരമറ്റം ബസ് സ്റ്റാൻഡിലേക്ക് ബോധവൽക്കരണവുമായി വാക്കത്തോൺ നടത്തി.ആശുപത്രി ഫിനാൻസ്, അക്കൗണ്ട്സ് ആൻഡ് മെറ്റീരിയൽസ് ഡയറക്ടർ റവ.ഡോ.എമ്മാനുവൽ പാറേക്കാട്ട് സന്ദേശം നൽകി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ കെ.കെ.റെജി റോഡ് സുരക്ഷാസന്ദേശം നൽകി. മാർ സ്ലീവാ മെഡിസിറ്റി പൊതുജനങ്ങൾക്കായി പുറത്തിറക്കിയ ഫസ്റ്റ് എയ്ഡ് ഹാൻഡ് ബുക്കായ 'ഒരു നിമിഷം മതി ഒരു ജീവൻ രക്ഷിക്കാൻ', എന്ന ബുക്കിന്റെ പ്രകാശനം റവ.ഡോ. എമ്മാനുവൽ പാറേക്കാട്ടിൽനിന്ന് ഏറ്റുവാങ്ങി എം.വി.ഐ കെ.കെ.റെജി നിർവഹിച്ചു. പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ ഹെഡ്മാസ്റ്റർ റവ.ഫാ.റെജി തെങ്ങുംപള്ളിൽ, പ്രിൻസിപ്പൽ റെജിമോൻ കെ. മാത്യു, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ കെ.ധനേഷ്, അസി.മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ജിനു ജേക്കബ് എന്നിവർ പങ്കെടുത്തു. ബി.വി.എം. കോളജ് പ്രിൻസിപ്പൽ റവ.ഡോ.ബോബി സെബാസ്റ്റ്യൻ, എൻ.എസ്.എസ് കോഓർഡിനേറ്റർമാരായ ജിബിൻ അലക്സ്, ഷെറിൻ ജോസഫ് എന്നിവർ നേതൃത്വം നൽകി. ബോധവൽക്കരണത്തിന്റെ ഭാഗമായി കൊട്ടാരമറ്റം ബസ് സ്റ്റാൻഡിൽ ഫ്ളാഷ് മോബും അവതരിപ്പിച്ചു.

ഐ.എസ്.സി.സി.എം കോട്ടയം ചാപ്റ്റർ സയന്റിഫിക് മീറ്റിങ് മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തി

ഇന്ത്യൻ സൊസൈറ്റി ഓഫ് ക്രിട്ടിക്കൽ കെയർ മെഡിസിൻ കോട്ടയം ചാപ്റ്ററിന്റെ സയന്റിഫിക് മീറ്റിങ് മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ആശംസ നേർന്നു. കൊച്ചിൻ മെഡിക്കൽ ട്രസ്റ്റ് ആശുപത്രി ക്രിട്ടിക്കൽ കെയർ മെഡിസിൻ മേധാവി ഡോ.ജോജോ കുര്യൻ ജോൺ, മാർ സ്ലീവാ മെഡിസിറ്റി ക്രിട്ടിക്കൽ കെയർ വിഭാഗത്തിലെ ഡോ.അനീഷ് സി. അഗസ്റ്റിൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു.

സൗജന്യ എ.ഐ മാമ്മോഗ്രാം പരിശോധന ക്യാമ്പ് – അരുവിത്തുറ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ റോട്ടറി ക്ലബ്ബ് ഓഫ് അരുവിത്തുറയുമായി സഹകരിച്ച് സൗജന്യ എ.ഐ മാമ്മോഗ്രാം പരിശോധന ക്യാമ്പ് നടത്തി.

സൗജന്യ എച്ച്ബിഎ1സി ക്യാമ്പ് – അരുവിത്തുറ

മാർ സ്ലീവാ മെഡിസിറ്റി അരുവിത്തുറ മെഡിക്കൽ സെന്ററിൽ വച്ച് പൊതുജനങ്ങൾക്കായി സൗജന്യ എച്ച്ബിഎ1സി മെഡിക്കൽ ക്യാമ്പ് നടത്തി.

സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലന ക്ലാസ്സ് - പൂഞ്ഞാർ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പൂഞ്ഞാർ സെന്റ് ആന്റണീസ് എച്ച്.എസ്.എസിൽ സൗജന്യ ബി.എൽ.എസ് പരിശീലന പരിപാടി നടത്തി. എമർജൻസി ടെക്നീഷ്യൻ രൂപവതി ക്ലാസ്സ് നയിച്ചു.

സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - പൊൻകുന്നം

മാർ സ്ലീവാ മെഡിസിറ്റി ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ പൊൻകുന്നം എസ്.എച്ച് യു.പി സ്കൂളിൽ എയ്ഡ്സ്രോഗത്തെക്കുറിച്ച് സൗജന്യ ബോധവൽക്കരണക്ലാസ്സും ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനവും നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ്, ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗത്തിലെ ഡോ.അനീഷ് സി.അഗസ്റ്റിൻ, ഡോ. ജെറിൻ ജോസ് എന്നിവർ നേതൃത്വം നൽകി.

സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലന ക്ലാസ്സ് - കുറവിലങ്ങാട്

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കുര്യനാട് സെന്റ് ആൻസ് ഹയർ സെക്കൻഡറി സ്കൂൾ എൻ.എസ്.എസ് വിദ്യാർത്ഥികൾക്കായി കുറവിലങ്ങാട് സെന്റ് മേരീസ് എച്ച്.എസ്.എസിൽ വച്ച് സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനക്ലാസ്സ് നടത്തി.എമർജൻസി ടെക്നീഷ്യൻ അഖിൽ വിജയൻ നേതൃത്വം നൽകി.

സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - മുത്തോലി

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കൊഴുവനാൽ സെന്റ് ജോൺ നെപുംസ്യാൻസ് എച്ച്.എസ്.എസിലെ എൻ.എസ്.എസ് വിദ്യാർത്ഥികൾക്കായി മുത്തോലി സെന്റ് ആന്റണീസ് എച്ച്.എസ്.എസിൽ വച്ച് എയ്ഡ്സ്രോഗത്തെക്കുറിച്ച് സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി.

സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - പാലാ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അൽഫോൻസാ കോളജിലെ എൻഎസ്എസ് വിദ്യാർത്ഥികൾക്കായി സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനക്ലാസ്സ് നടത്തി.എമർജൻസി ടെക്നീഷ്യൻ അഖിൽ വിജയൻ നേതൃത്വം നൽകി.

സൗജന്യ വൈദ്യസഹായം നൽകി - പാലാ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് എച്ച്.എസ്.എസിൽ നടന്ന സംസ്ഥാന സബ്ജൂണിയർ നെറ്റ് ബോൾ ടൂർണ്ണമെന്റിന് സൗജന്യ വൈദ്യസഹായം ക്രമീകരിച്ചു നൽകി.

സൗജന്യ എ.ഐ മാമ്മോഗ്രാം പരിശോധന ക്യാമ്പ് – കോട്ടയം

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ റോട്ടറി ക്ലബ്ബ് ഓഫ് കോട്ടയം നോർത്തുമായി സഹകരിച്ച് സൗജന്യ എ.ഐ മാമ്മോഗ്രാം പരിശോധനക്യാമ്പ് നടത്തി.

സൗജന്യ വൈദ്യസഹായം നൽകി – കുറവിലങ്ങാട്

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കുറവിലങ്ങാട് ദേവമാതാ കോളജിൽ നടന്ന ഫുട്ബോൾ ടൂർണമെന്റിൽ സൗജന്യ വൈദ്യസഹായം ക്രമീകരിച്ചു നൽകി.

സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം – പാലാ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചാവറ സി.എം.ഐ പബ്ലിക് സ്കൂളിലെ വിദ്യാർത്ഥികൾക്കായി ബി.എൽ.എസ് പരിശീലനം നൽകി. എമർജൻസി ടെക്നീഷ്യൻ അഖിൽ വിജയൻ നേതൃത്വം നൽകി.

സൗജന്യ ബോധവൽക്കരണ ക്ലാസ്സ് – പാലാ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം പവർ ബ്രിഗേഡ് ഡിസ്ട്രിക്കുമായി സഹകരിച്ച് പാലാ ഗവ.എച്ച്.എസ്.എസിൽ 'എമർജൻസി മെഡിക്കൽ മാനേജ്മെന്റ്' എന്ന വിഷയത്തിൽ സൗജന്യ ബോധവൽക്കരണ ക്ലാസ്സ് നടത്തി. എമർജൻസി ടെക്നീഷ്യൻ അഖിൽ വിജയൻ നേതൃത്വം നൽകി.

സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം – ഏറ്റുമാനൂർ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഏറ്റുമാനൂർ വി. ആർ.എം.ആർ സ്കൂൾ വിദ്യാർത്ഥികൾക്കായി ബി.എൽ.എസ് പരിശീലനം നൽകി.എമർജൻസി ടെക്നീഷ്യൻ അഖിൽ വിജയൻ നേതൃത്വം നൽകി.

സൗജന്യ എ.ഐ മാമ്മോഗ്രാം പരിശോധന ക്യാമ്പ് –പെരുവ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ റോട്ടറി ക്ലബ്ബ് ഓഫ് പെരുവയുമായി സഹകരിച്ച് സൗജന്യ എ.ഐ മാമ്മോഗ്രാം പരിശോധന ക്യാമ്പ് നടത്തി.

സൗജന്യ കാൻസർ ബോധവൽക്കരണക്ലാസ്സ് – അരുവിത്തുറ

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് കോളജിൽ സർവിക്കൽ കാൻസറിനെക്കുറിച്ച് സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. ഓങ്കോളജിവിഭാഗം അസോ.കൺസൾട്ടന്റ് ഡോ. ആൻസി മാത്യു ക്ലാസ്സ് നയിച്ചു.

സൗജന്യ ഹോമിയോപ്പതി മെഡിക്കൽ ക്യാമ്പ് – മൂന്നിലവ്

മാർ സ്ലീവാ മെഡിസിറ്റി ഹോമിയോപ്പതിവിഭാഗവും ലയൺസ് ക്ലബ്ബുമായി സഹകരിച്ച് മൂന്നിലവ് സെന്റ് പോൾസ് ഹൈസ്കൂളിൽ സൗജന്യ

ഹോമിയോപ്പതി മെഡിക്കൽ ക്യാമ്പ് നടത്തി. സീനിയർ കൺസൾട്ടന്റ് ഡോ. കെ. ആർ. ജനാർദനൻനായർ നേതൃത്വം നൽകി.

സൗജന്യ ഇ.എൻ.റ്റി മെഡിക്കൽ ക്യാമ്പ് – ആയാംകുടി

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ആയാംകുടി അൽഫോൻസാപുരം ആശാനികേതൻ സ്പെഷ്യൽ സ്കൂളിൽ സൗജന്യ ഇ.എൻ.റ്റി മെഡിക്കൽ ക്യാമ്പ് നടത്തി. മെഡിക്കൽ ഓഫിസർ ഡോ. അമലു നേതൃത്വം നൽകി.

സൗജന്യ ബോധവൽക്കരണക്ലാസ്സ് – കൂവപ്പള്ളി

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കൂവപ്പള്ളി സെന്റ് മേരീസ് റബ്ബേഴ്സിൽ, ജീവിതശൈലീരോഗങ്ങൾ തൊഴിൽസ്ഥലങ്ങളിൽ, എന്ന വിഷയത്തിൽ സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ. കെ ലീറ്റ ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി.

സൗജന്യ ബോധവൽക്കരണക്ലാസ്സ് – മാരാരിക്കുളം

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മാരാരിക്കുളം കെ.എസ്.ഇ.ബി പെൻഷനേഴ്സ് അസോസിയേഷനുമായി സഹകരിച്ച് 'ഒറ്റപ്പെടലിന്റെ അതിജീവനം' എന്ന വിഷയത്തിൽ സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. ക്ലിനിക്കൽ സൈക്കോളജിവിഭാഗം സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.ഏയ്ഞ്ചൽ തോമസ് നേതൃത്വം നൽകി

സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം – കൂത്താട്ടുകുളം

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കൂത്താട്ടുകുളം ഏരിയായിലെ ആംബുലൻസ് ഡ്രൈവർമാർക്കായി അരീക്കര ക്ലബ്ബിൽ വച്ച് സൗജന്യ ബി.എൽ.എസ് പരിശീലനം നൽകി. എമർജൻസി വിഭാഗം കൺസൾട്ടന്റ് ഡോ.ശ്രീജിത്ത് ആർ നായർ നേതൃത്വം നൽകി.

സൗജന്യ പി.എഫ്.റ്റി പരിശോധന – അരുവിത്തുറ

മാർ സ്ലീവാ മെഡിസിറ്റി അരുവിത്തുറ മെഡിക്കൽ സെന്ററിൽ വച്ച് സൗജന്യ പി.എഫ്.റ്റി പരിശോധന നടത്തി.

ഡോ.മഞ്ജിത്ത് ജോർജ് ചുമതലയേറ്റു

മാർ സ്ലീവാ മെഡിസിറ്റിയിൽ അനസ്തേഷ്യോളജി ആൻഡ് പെരിഓപ്പറേറ്റീവ് മെഡിസിൻ സീനിയർ കൺസൾട്ടന്റായി ഡോ. മഞ്ജിത്ത് ജോർജ് ചുമതലയേറ്റു.

ഫാ. ജോസഫ് കണിയോടിക്കൽ

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

അൽഫോൻസാ തീർത്ഥാടനകേന്ദ്രം

കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ

*കർദിനാൾ മാർ ജോർജ് കൂവക്കാട്ട് (prefect of the Dicastery for Interreligious Dialogue, Vatican)

*Bp. DominikusSchwaderlapp (കൊളോൺ (ജർമ്മനി)അതിരൂപതസഹായ മെത്രാൻ)

* മാർ ജോസഫ് കൊടകല്ലിൽ (സാറ്റ്ന)
* മാർ ജോസഫ് കൊല്ലംപറമ്പിൽ (ഷംഷാബാദ്)
* മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ (കല്യാൺ അതിരൂപത)
* മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൻ)
* മാർ തോമസ് പാടിയത്ത് (ഷംഷാബാദ്)
* മാർ അഗസ്റ്റിൻ ചരണംകുന്നേൽ (റെയ്പൂർ മുൻരൂപതാധ്യക്ഷൻ)
* മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജെജൻ)
* മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ)
* മാർ ജോസഫ് പള്ളിക്കാപറമ്പിൽ (Bp. Emeritus Palai)
* മാർ ജേക്കബ് മുരിക്കൻ (പാലാ രൂപത മുൻസഹായമെത്രാൻ)
* മാർ തോമസ് തുരുത്തിമറ്റം (ഗോരഖ്പൂർ മുൻമെത്രാൻ)

മഹാജൂബിലിസമാപനം

ക്രിസ്തുവിന്റെ തിരുപ്പിറവിയുടെ മഹാജൂബിലിയാഘോഷങ്ങളുടെ സമാപനം ജനുവരി 5 ന് വിശുദ്ധ അൽഫോൻസാതീർത്ഥാടന കേന്ദ്രത്തിൽ നടന്നു. സമാപനച്ചടങ്ങുകളിൽ മുഖ്യാതിഥിയായി കർദിനാൾ മാർ ജോർജ് കൂവക്കാട്ട് സന്നിഹിതനായിരുന്നു. വൈകുന്നേരം 5 മണിക്കുള്ള വിശുദ്ധ കുർബാന അർപ്പിച്ച കർദിനാൾ ജീവിതം മുഴുവൻ സഹനത്തിലൂടെ കടന്നുപോയ അൽഫോൻസാമ്മ പ്രത്യാശയുടെ പ്രവാചികയാണെന്നും, അൽഫോൻസാമ്മയെ മാതൃകയാക്കി നമുക്കും പ്രത്യാശയുടെ തീർത്ഥാടകരാകാമെന്നും ഓർമ്മിപ്പിച്ചു.

ജൂബിലിയുടെ ഭാഗമായ പ്രത്യാശയുടെ കവാടം അടയ്ക്കൽ കർമ്മങ്ങൾക്ക് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നേതൃത്വം നൽകി. വികാരിജനറാൾ മോൺ. ജോസഫ് കണിയോടിക്കൽ, അൽഫോൻസാ തീർത്ഥാടനകേന്ദ്രം റെക്ടർ വെരി. റവ.ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ, MST അസിസ്റ്റന്റ് ജനറാൾ റവ. ഫാ. ജോസഫ് തെക്കേക്കരോട്ട്, അസ്സീസിആശ്രമം സുപ്പീരിയർ ഫാ. മാർട്ടിൻ മാന്നാത്ത് OFM, ഫാ. അഗസ്റ്റിൻ കണ്ടത്തിക്കുടിലിൽ എന്നിവർ സഹകാർമികരായിരുന്നു.

2025 നവംബർ 30 നാണ് മാർ ജോസഫ് കല്ലറങ്ങാട്ട് ഭരണങ്ങാനത്ത് പ്രത്യാശയുടെ കവാടം തുറന്നത്. അന്നു മുതൽ വിവിധ രൂപതാധ്യക്ഷന്മാർ, വിവിധ സന്യാസസഭകളിലെ സിസ്റ്റേഴ്സ്, വൈദികവിദ്യാർഥികൾ, വിവിധ ഇടവകകളിലെ സൺഡേസ്കൂൾ വിദ്യാർഥികൾ തുടങ്ങി നൂറുകണക്കിന് തീർത്ഥാടകരാണ് ഈ ദിവസങ്ങളിൽ പ്രത്യാശയുടെ കവാടം കടന്ന് ദണ്ഡവിമോചനം പ്രാപിച്ചത്.

തീർത്ഥാടകരുടെ പ്രവാഹം

ജനുവരിമാസത്തിൽ ജർമ്മനി, കെനിയ, ഓസ്ട്രിയ മിലാൻ, യു.എസ്. എന്നീ രാജ്യങ്ങളിൽനിന്നും വിവിധ തീർത്ഥാടകസംഘങ്ങൾ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിക്കുകയും വിവിധ ഭാഷകളിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

കൊളോൺ ആർച്ചുബിഷപ്പിന്റെ സന്ദർശനം

ജനുവരി 13 ന് കൊളോൺ രൂപതയുടെ സഹായമെത്രാൻ Bp. Dominikus Schwaderlapp വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു.

സ്കൂൾവിദ്യാർഥികളുടെ സന്ദർശനം

ഈ വർഷത്തെ 10,+2 പരീക്ഷകൾ അടുത്തുവരുന്ന സാഹചര്യത്തിൽ കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും എസ്.എസ്.എൽ.സി., +2 വിദ്യാർത്ഥികൾ, അധ്യാപകരുടെ നേതൃത്വത്തിൽ തീർത്ഥാടനകേന്ദ്രത്തിൽ എത്തുകയും വിശുദ്ധ കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തുവരുന്നു.

ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ

ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാനക്കാരായ ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടി ജനുവരി 4 ഞായറാഴ്ച ഉച്ചയ്ക്ക് ഒരു മണിക്ക് കുമ്പസാരവും വി. കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

ഇംഗ്ലീഷിൽ വിശുദ്ധ കുർബാന

വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ഞായറാഴ്ചയും 2.45 pm ന് ഇംഗ്ലീഷ് ഭാഷയിൽ വി. കുർബാന നടന്നുവരുന്നു.

രാത്രിയാരാധന

എഫ്സിസി ഭരണങ്ങാനം പ്രോവിൻസിന്റെ നേതൃത്വത്തിൽ ജനുവരി മൂന്നാം തീയതി രാത്രിയാരാധന നടത്തപ്പെട്ടു. വൈകിട്ട് 7 മണിക്ക് ആരംഭിച്ച രാത്രിയാരാധന രാവിലെ 4.30 നുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു.

രാത്രിയാരാധന

എല്ലാമാസവും അവസാനത്തെ ശനിയാഴ്ചകളിൽ നടത്തിവരാറുള്ള രാത്രിയാരാധന ജനുവരിമാസം 31-ാം തീയതി നടന്നു. വൈകിട്ട് 7 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ആരാധന രാവിലെ 4 മണിക്കുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു. ഫാ. ജെയിംസ് മാക്കിയിൽ (Director, Karuna-Divine Mercy Retreat Centre, Nedumkandam)ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

ജപമാലപ്രദക്ഷിണം

ജനുവരി 3 ശനിയാഴ്ച നടന്ന മെഴുകുതിരി ജപമാല പ്രദക്ഷിണത്തിന് ഭരണങ്ങാനം സെന്റ് മേരിസ് ഫൊറോനപ്പള്ളി നേതൃത്വം നൽകി.

വൈദികരുടെ മീറ്റിങ്

കോട്ടയം വടവാതൂർ സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ പഠനം പൂർത്തിയാക്കി 1982 ൽ പട്ടം സ്വീകരിച്ച വൈദികരുടെ മീറ്റിങ് ജനുവരി 13 ന് അൽഫോൻസാ സ്പിരിച്ചാലിറ്റി സെന്ററിൽ വച്ചു നടന്നു. ഈ ബാച്ചിലെ ബിഷപ്പുമാരായ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, ചിക്കാഗോ രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട്, ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ എന്നിവരും സന്നിഹിതരായിരുന്നു. നാലാം തീയതി രാവിലെ 6:45 ന് തീർത്ഥാടനകേന്ദ്രത്തിൽ അഭിവന്ദ്യപിതാക്കന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

നവവൈദികർ തീർത്ഥാടനകേന്ദ്രത്തിൽ

പാലാ രൂപതയിൽ ഈ വർഷം വൈദികപട്ടം സ്വീകരിച്ച 16 നവവൈദികർ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കലെത്തി പ്രാർത്ഥിച്ചു. ജനുവരി 31 വൈകിട്ട് 5 മണിക്ക് നവവൈദികർ തീർത്ഥാടനകേന്ദ്രത്തിൽ സമൂഹബലി അർപ്പിക്കുകയും തുടർന്നുള്ള മെഴുകുതിരി ജപമാലപ്രദക്ഷിണത്തിനു നേതൃത്വം നൽകുകയും ചെയ്തു.

ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ (റെക്ടർ)

വിശ്വാസപരിശീലനകേന്ദ്രം

1. CTPകോഴ്സ്

2025-26 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ജനുവരിമാസത്തെ ക്ലാസുകൾ 10-ാം തീയതി നടന്നു. ഫാ. അഗസ്റ്റിൻ കണ്ടത്തിക്കുടിലിൽ, ശ്രീ അനിൽ മാനുവൽ പുന്നത്താനത്ത് എന്നിവർ ക്ലാസുകൾ നയിച്ചു.

2026 ഫെബ്രുവരി മാസത്തെ ക്ലാസ്

ഫെബ്രുവരി 14

Sacraments : Asst.Prof. Fr. Mathew Kumbulumkal

2. തിരുബാലസഖ്യം ക്വിസ്

2025-26 വർഷത്തെ തിരുബാലസഖ്യം ക്വിസ് മത്സരം 2026 ജനുവരി 4-ാം തീയതി 2 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ടു. 20 ഫൊറോനകളിൽനിന്ന് 40 കുട്ടികൾ പങ്കെടുത്തു. അന്നേദിവസം എല്ലാവർക്കും സമ്മാനങ്ങൾ നൽകി.

വിജയികൾ:

I st - ആൻ ഗ്രെയ്സ് ജോസഫ് മൂലംതുരുത്തിയിൽ, ഇലഞ്ഞി

IInd- ഈതൻ ടോം അനീഷ് തോണിക്കുഴിയിൽ, മുണ്ടാങ്കൽ

IIIrd - ഫബിയ ഷിജോ ചേർപ്പുങ്കൽ

IVth ശ്രീയ റോസിൻ സുജിത്ത് വെട്ടുകാട്ടിൽ, അരുവിത്തുറ

Vth ദൃശ്യാ ട്രീസാ ജോർജ് കലശയിൽ, ഇലഞ്ഞി

പങ്കെടുത്ത ഏവർക്കും അഭിനന്ദനങ്ങൾ!

3. മികച്ച വിശ്വാസപരിശീലകനുള്ള അവാർഡ്

2025-26 പ്രവർത്തനവർഷത്തിലെ മികച്ച വിശ്വാസപരിശീലകനായി ചൂണ്ടച്ചേരി സൺഡേസ്കൂൾ അധ്യാപകൻ ശ്രീ ജോയി ജേക്കബ് ആറ്റുചാലിൽ തിരഞ്ഞെടുക്കപ്പെട്ടു.

4. മികച്ച സൺഡേസ്കൂളുകൾ 2025-26

രൂപതയിലെ ഈ വർഷത്തെ മികച്ച സൺഡേ സ്കൂളുകളായി A, B, C വിഭാഗങ്ങളിൽ താഴെപ്പറയുന്ന സൺഡേ സ്കൂളുകൾ തിരഞ്ഞെടുക്കപ്പെട്ടു.

A വിഭാഗം	**B വിഭാഗം**	**C വിഭാഗം**
I st മാവടി	I st സിബിഗിരി	I st തീക്കോയി
IInd അടിവാരം	IInd നസ്രത്ത്ഹിൽ	IInd രാമപുരം

ഈ സൺഡേസ്കൂളുകളിലെ ബഹുമാനപ്പെട്ട വൈദികർക്കും പ്രഥമാധ്യാപകർക്കും വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കും രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ!

5. തിരുബാലസഖ്യം 'എന്റെ ഡയറി മത്സരം'

'എന്റെ ഡയറി മത്സര'ത്തിൽ 89 കുട്ടികൾ പങ്കെടുത്തു. വിജയികൾക്കും പങ്കെടുത്തവർക്കും ജനുവരി 4-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.

വിജയികൾ :

I st - അനോവ ടോംസ് പുളിക്കൽ, ചേർപ്പുങ്കൽ

II nd - എമി എലിസബത്ത് ജോർജ് ഇടയാടിയിൽ, അരുവിത്തുറ

III rd - സാനറ്റ് സാന്റോ കുഞ്ചിറക്കാട്ട്, രാമപുരം

IV th - ക്രിസ്റ്റിൻ വി ജസ്റ്റിൻ വള്ളിയാംതടത്തിൽ, കൂട്ടിക്കൽ
V th - ഡിവിൻ സോണി മൂന്നാനപ്പള്ളിൽ, പറത്താനം
V th - എസ്തേർ അന്ന മെൽബിൻ കിഴക്കേടത്ത്, രത്നഗിരി

6. സ്കൂൾ വിശ്വാസസന്മാർഗസ്കോളർഷിപ്പ് പരീക്ഷ

സ്കൂൾ വിശ്വാസസന്മാർഗസ്കോളർഷിപ്പ് പരീക്ഷ ജനുവരി 17-ാം തീയതി ശനിയാഴ്ച പാലാ സെന്റ് തോമസ് എച്ച്.എസ്, അരുവിത്തുറ സെന്റ് ജോർജ് എച്ച്.എസ്, മൂലമറ്റം സെന്റ് ജോർജ് യു.പി.എസ്, കുറവിലങ്ങാട് സെന്റ് മേരീസ് ജി.എച്ച്.എസ് എന്നീ നാലു സെന്ററുകളിൽ വച്ചു നടത്തപ്പെട്ടു.

7. പ്രഥമാധ്യാപകരുടെയും പ്രമോട്ടേഴ്സിന്റെയും സമ്മേളനം

രൂപതയിലെ പ്രഥമാധ്യാപകരുടെയും പ്രമോട്ടേഴ്സിന്റെയും സംയുക്തസമ്മേളനം 2026 ജനുവരി 26-ാം തീയതി രാവിലെ 9.30 ന് അരുണാപുരം സെന്റ് തോമസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ അധ്യക്ഷത വഹിച്ചു. പ്രഫ. അനിയൻ കുഞ്ഞ് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് അടുത്ത വർഷത്തെ കലണ്ടർ സംബന്ധവും, വിശ്വാസപരിശീലനസംബന്ധവുമായ കാര്യങ്ങളും ചർച്ചചെയ്യപ്പെട്ടു. മികച്ച വിശ്വാസപരിശീലകനായ ശ്രീ ജോയി ജേക്കബ് ആറ്റുചാലിനെയും, 5 വർഷം വിശ്വാസപരിശീലന ഓഫീസ് സെക്രട്ടറിയായിരുന്ന ഡോ. ജോസ് ജെയിംസ് കടത്തലക്കുന്നേലിനെയും ആദരിച്ചു. അടുത്ത രണ്ടു വർഷത്തേക്ക് പുതിയ സെക്രട്ടറിയായി ശ്രീ ജോൺസൺ തടത്തിലിനെയും നിയോഗിച്ചു.

8. 2025-26 രൂപത വിശ്വാസപരിശീലന വാർഷികം

2025-26 വർഷത്തിലെ വിശ്വാസപരിശീലനവാർഷികം 2026 ജനുവരി 26-ാം തീയതി അരുണാപുരം സെന്റ് തോമസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് ഉച്ചകഴിഞ്ഞു 2 മണിമുതൽ നടത്തപ്പെട്ടു. അഭിവന്ദ്യ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രൂപതയിലെ മികച്ച വിശ്വാസപരിശീലകൻ, വിശ്വാസപരിശീലനത്തിൽ 20,40,50 വർഷങ്ങൾ പൂർത്തിയാക്കിയ അധ്യാപകർ എന്നിവരെ അഭിവന്ദ്യപിതാവ് ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഈ വർഷത്തെ കലാസാഹിത്യമത്സരങ്ങളുടെ സമ്മാനങ്ങളും, രൂപതയിലെ ഈ വർഷത്തെ മികച്ച സൺഡേസ്കൂളുകൾ, പ്രതിഭകൾ, 12 മാസവും മുഴുവൻ ഹാജരും നേടിയ കുട്ടികൾ, മിഷൻ ക്വസ്റ്റ് വിജയികൾ എന്നിവർക്കുള്ള ട്രോഫികളും സമ്മാനങ്ങളും സ്കോളർഷിപ്പുകളും ഈ വാർഷികയോഗത്തിൽ വച്ച് വിതരണം ചെയ്യപ്പെട്ടു.

ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (ഡയറക്ടർ)

മിഷൻലീഗ് വാർത്തകൾ

രൂപത എക്സിക്യൂട്ടീവ്

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത സമിതിയുടെ 2026 ജനുവരിമാസത്തെ എക്സിക്യൂട്ടീവ് യോഗം ജനുവരിമാസം നാലാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ്3 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു.

കുഞ്ഞുമിഷനറി ക്വിസ് വിജയികൾ

രൂപതതല കുഞ്ഞുമിഷനറി ക്വിസിന്റെ അവസാനഘട്ടമത്സരം ജനുവരിമാസം പതിനൊന്നാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. മത്സരത്തിൽ അന്ന സജി പാറമ്പുഴ (ചേർപ്പുങ്കൽ), ലീനിയ മരിയ മധു ആഴാത്ത് (അരുവിത്തുറ), മെറീന സോജൻ കുഴിത്തോട്ട് (തീക്കോയി), അൽക്ക മരിയ സന്തോഷ് (തീക്കോയി) എന്നിവർ യഥാക്രമം ആദ്യ നാലു സ്ഥാനങ്ങൾക്ക് അർഹരായി. ക്ലാസ്സ് അടിസ്ഥാനത്തിൽ ഡിയോൺ കെ. ജോബിൻ കാക്കനാട്ട് (തിടനാട്), സെറാഫിൻ അന്ന ബെൻ മുളക്കത്തറ (ചേർപ്പുങ്കൽ), ജോവന്ന ജിൻസ് കോലത്ത് (രാമപുരം), അഗസ്റ്റിൻ ബിനോയ് മുളന്തറവയലിൽ (രാമപുരം), അന്ന ജോജോ നമ്പുടാകത്ത് (തിടനാട്), അൽഫോൻസിൻ ജോർജ് കളറുപാറ (തോടനാൽ), നെവിൻ നോബി പുതിയാപറമ്പിൽ (പറത്താനം), ജെറോം കുര്യൻ കല്ലുമാടിക്കൽ (ചേർപ്പുങ്കൽ) എന്നിവർ യഥാക്രമം 5 മുതൽ 12 വരെ ക്ലാസുകളിലെ വിജയികളായി.

പോസ്റ്റർ രചനാമത്സരം

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തിയ പോസ്റ്റർ രചനാമത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. എ കാറ്റഗറിയിൽനിന്ന് വാഗമൺ, കയ്യൂർ, മണ്ണയ്ക്കനാട് എന്നീ ശാഖകളും ബി കാറ്റഗറിയിൽനിന്ന് കുരുവിനാൽ, കളത്തൂക്കടവ്, തുരുത്തിപ്പള്ളി എന്നീ ശാഖകളും സി കാറ്റഗറിയിൽനിന്ന് കൊഴുവനാൽ, മൂലമറ്റം, തീക്കോയി ശാഖകളും യഥാക്രമം ആദ്യ മൂന്നു സ്ഥാനങ്ങൾക്ക് അർഹരായി.

കൈയെഴുത്തുമാസിക മത്സരം

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ നടത്തിയ കൈയെഴുത്തുമാസികമത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു. മത്സരത്തിൽ എ കാറ്റഗറിയിൽനിന്ന് വാഗമൺ, വാരിയാനിക്കാട്, സ്ലീവാപുരം എന്നീ ശാഖകളും ബി കാറ്റഗറിയിൽനിന്ന് വാകക്കാട്, അറുനൂറ്റിമംഗലം, മുത്തോലി എന്നീ ശാഖകളും സി കാറ്റഗറിയിൽ നിന്ന് ളാലം ഓൾഡ്, തീക്കോയി, കുറവിലങ്ങാട് ശാഖകളും യഥാക്രമം ആദ്യ മൂന്നു സ്ഥാനങ്ങൾക്ക് അർഹരായി.

കുഞ്ഞുമിഷനറി മാസിക

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന കുഞ്ഞുമിഷനറിമാസികയുടെ 2026 ജനുവരി മാസത്തെ പതിപ്പ് ജനുവരിമാസം നാലാം തീയതി പ്രസിദ്ധീകരിച്ചു. രൂപത മേഖല ഭാരവാഹികളുടെ നേതൃത്വത്തിൽ മാസിക ശാഖകളിലെത്തിച്ചു വിതരണം ചെയ്തു.

മേഖലസന്ദർശനം

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ 2026 ജനുവരിമാസം മേഖലസന്ദർശനങ്ങൾ നടത്തി. ജനുവരി 11-ാം തീയതി കൊഴുവനാൽ മേഖലയും ജനുവരി 25-ാം തീയതി കടുത്തുരുത്തിമേഖലയും രൂപത സമിതി സന്ദർശിച്ചു.

ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (ഡയറക്ടർ)

കെ.സി.എസ്.എൽ.

സ്റ്റേറ്റ് കലോത്സവം

ഈ വർഷത്തെ സ്റ്റേറ്റ് കലോത്സവം ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് എച്ച്.എസ്.എസ്, സെന്റ് ആൻസ് എച്ച്.എസ്.എസ് എന്നീ സ്കൂളുകളിൽ വച്ച് ജനുവരി 10 ശനിയാഴ്ച നടത്തപ്പെട്ടു. പാലാ രൂപതയിൽ നിന്നു 119 കുട്ടികൾ വിവിധതരം മത്സരങ്ങളിൽ പങ്കെടുത്ത് നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കി.

പരിചമുട്ടുകളിയിൽ കുറവിലങ്ങാട് സെന്റ് മേരീസ് എച്ച്.എസ്.എസ് ഒന്നാം സ്ഥാനവും (എച്ച്.എസ്.എസ്) ചെമ്മലമറ്റം എൽ.എഫ്.എച്ച്.എസ് രണ്ടാം സ്ഥാനവും (യു.പി) കരസ്ഥമാക്കി. മാർഗംകളിയിൽ ഭരണങ്ങാനം എസ്.എച്ച്.ജി.എച്ച്.എസ് രണ്ടാം സ്ഥാനവും (എച്ച്.എസ്) കരസ്ഥമാക്കി. കെസി.എസ്.എൽ ആന്തം ആലാപനത്തിൽ ഭരണങ്ങാനം സെന്റ് ലിറ്റിൽ തെരേസാസ് (എൽ.പി) ഒന്നാം സ്ഥാനവും ചെമ്മലമറ്റം എൽ.എഫ്.എച്ച്. എസ് (എച്ച്.എസ്) രണ്ടാം സ്ഥാനവും കരസ്ഥമാക്കി. കഥാപ്രസംഗമത്സരത്തിൽ തീക്കോയി സെന്റ് മേരീസ് എച്ച്.എസ്.എസിലെ അമല ആന്റണി രണ്ടാം സ്ഥാനവും (എച്ച്.എസ്.എസ്) പ്രസംഗമത്സരത്തിൽ ഭരണങ്ങാനം എസ്.എച്ച്.ജി.എച്ച്.എസിലെ സാന്ദ്ര ഷോബിൻ (എച്ച്.എസ്) ഒന്നാം സ്ഥാനവും കരസ്ഥമാക്കി. മോണോ ആക്ട് മത്സരത്തിൽ പാലാ സെന്റ് മേരീസ് ജി.എച്ച്.എസ്.എസിലെ ജിൽസി ജോസഫ് രണ്ടാം സ്ഥാനവും (എച്ച്.എസ്) പുത്തൻപാനമത്സരത്തിൽ മുട്ടം ഷന്താൾ ജ്യോതി പബ്ളിക് സ്കൂളിലെ മരിയ ജിമ്മി മൂന്നാം സ്ഥാ

നവും (എച്ച്.എസ്) കരസ്ഥമാക്കി. കഥപറച്ചിൽമത്സരത്തിൽ രാമപുരം എസ്.എച്ച്.എൽ.പി സ്കൂളിലെ ജിയന്ന മേരി മെൽബി രണ്ടാം സ്ഥാനവും നേടി (എൽ.പി).

ഓവറോൾ കരസ്ഥമാക്കി

ജനുവരി 10 ശനിയാഴ്ച ചങ്ങനാശ്ശേരിയിൽ വച്ചു നടന്ന കെ.സി.എസ്.എൽ സ്റ്റേറ്റ് കലോത്സവത്തിൽ എൽ. പി വിഭാഗത്തിൽ പാലാ രൂപത ഓവറോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

സമ്മാനങ്ങൾ വിതരണം ചെയ്തു

കെ.സി.എസ്.എൽ ന്റെ ഈ വർഷത്തെ സ്റ്റേറ്റ് സാഹിത്യരചനാ മത്സരങ്ങളിൽ സമ്മാനാർഹരായ കുട്ടികൾക്ക് മെഡൽ, സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

ഫാ. ജോർജ് പുല്ലുകാലായിൽ (ഡയറക്ടർ)
ഫാ. തോമസ് പുതുപ്പറമ്പിൽ (അസി. ഡയറക്ടർ)

എസ്.എം.വൈ.എം. - കെ.സി.വൈ.എം.

1. രൂപത വാർഷികം

എസ്.എം.വൈ.എം - കെ.സി.വൈ.എം. പാലാ രൂപതയുടെ 2025 പ്രവർത്തനവർഷത്തെ വാർഷികസമ്മേളനം 2026 ജനുവരി രണ്ടാം തീയതി രാവിലെ 9:30 ന് പാലാ അൽഫോൻസാ കോളേജിൽ വച്ചു നടത്തപ്പെട്ടു. പാലാ രൂപത കെ.സി.വൈ.എം മുൻപ്രസിഡന്റും, ഞീഴൂർ ഗ്രാമപഞ്ചായത്തുപ്രസിഡന്റുമായ ചെറിയാൻ കെ. ജോസ് യോഗം ഉദ്ഘാടനം ചെയ്തു. 2025 പ്രവർത്തനവർഷത്തെ പ്രസിഡന്റ് അൻവിൻ സോണി അധ്യക്ഷത വഹിച്ചു. രൂപതയിലെ മികച്ച ഫൊറോനകൾക്കും യൂണിറ്റുകൾക്കും സമ്മാനം വിതരണം ചെയ്തു. മികച്ച യുവജനപ്രവർത്തകൻ - പ്രവർത്തകയ്ക്കുള്ള ഡാനിയേൽ - എസ്തേർ പുരസ്കാരങ്ങളും, മറ്റ് ഇതര സമ്മാനങ്ങളും യോഗത്തിൽ വിതരണം ചെയ്തു.

2. രൂപത ഇലക്ഷൻ

എസ്.എം.വൈ.എം - കെ.സി.വൈ.എം പാലാ രൂപതയുടെ 2026 - 28 പ്രവർത്തനവർഷത്തേക്കുള്ള പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2026 ജനുവരി 02 നു നടത്തപ്പെട്ടു. പാലാ അൽഫോൻസാ കോളേജിൽ നടന്ന രൂപത കൗൺസിലിൽ പാലാ രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി തിരഞ്ഞെടുപ്പിനു നേതൃത്വം നൽകി.

2026-28 പ്രവർത്തനവർഷത്തെ പ്രസിഡന്റായി മണ്ണയ്ക്കനാട് യൂണിറ്റ് അംഗം മിജോ ജോയി കുന്നത്താനിയേൽ, ജനറൽ സെക്രട്ടറിയായി കടപ്ലാമറ്റം യൂണിറ്റ് അംഗം സോനാ എ. മാത്യു കൊച്ചുപറമ്പിൽ,

വൈസ് പ്രസിഡന്റുമാരായി പൂഞ്ഞാർ യൂണിറ്റ് അംഗം റെയ്ച്ചൽ മേരി ചാൾസ് കുളത്തിനാൽ, കടനാട് യൂണിറ്റ് അംഗം എബിൻ തോമസ് കല്ലറയ്ക്കൽ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

സെക്രട്ടറി - അഡോൺ ടോമി (കടുത്തുരുത്തി), ജോയിന്റ് സെക്രട്ടറി - റിയ സാബു (കോതനല്ലൂർ), ട്രഷറർ - ജോസ് ചാൾസ് (അരുവിത്തുറ) എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ട മറ്റു ഭാരവാഹികൾ. കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായി റോബിൻ റ്റി. ജോസ് താന്നിമല (പൂവക്കുളം), സെഞ്ചു ജേക്കബ് (അരുവിത്തുറ), എസ്.എം.വൈ.എം കൗൺസിലർമാരായി അഡ്വ. സാം സണ്ണി (കത്തീഡ്രൽ), നിഖിൽ ഫ്രാൻസിസ് (ഇലഞ്ഞി), അഡ്വ. പ്രതീക്ഷാരാജ് (കത്തീഡ്രൽ) എന്നിവരും നോമിനേറ്റ് ചെയ്യപ്പെട്ടു. പുതിയ ഭാരവാഹികൾ രൂപത ഡയറക്ടർ റവ.ഫാ. മാണി കൊഴുപ്പൻകുറ്റിയുടെ മുമ്പിൽ സത്യപ്രതിജ്ഞ ചൊല്ലി അധികാരമേറ്റു.

3. പ്രോജക്ട് അവതരണം

2026 പ്രവർത്തനവർഷത്തേക്കുള്ള യൂണിറ്റ് - ഫൊറോനാ പ്രോജക്ടുകൾ രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി ജനുവരി രണ്ടാം തീയതി പാലാ അൽഫോൻസാ കോളജിൽ വച്ചു ഫൊറോനാ ഭാരവാഹികളുടെ മുമ്പാകെ അവതരിപ്പിച്ചു.

4. സംയുക്ത എക്സിക്യൂട്ടീവ് മീറ്റിങ്

എസ്.എം.വൈ.എം - കെ.സി.വൈ.എം പാലാ രൂപതയുടെ 2025 & 2026-28 പ്രവർത്തനവർഷത്തെ സമിതികളുടെ സംയുക്ത എക്സിക്യൂട്ടീവ് മീറ്റിങ് 2026 ജനുവരിമാസം രണ്ടാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

5. എക്സിക്യൂട്ടീവ് മീറ്റിങ്

എസ്.എം.വൈ.എം - കെ.സി.വൈ.എം. പാലാ രൂപതയുടെ 2026-28 പ്രവർത്തനവർഷത്തെ എക്സിക്യൂട്ടീവ് യോഗം 04/01/2026 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

6. പ്രത്യാശയുടെ തീർത്ഥാടകരായി പ്രത്യാശയുടെ കവാടത്തിലൂടെ

രൂപത യുവജനപ്രസ്ഥാനത്തിന്റെ 2026-28 പ്രവർത്തനവർഷത്തെ നേതൃനിര ജനുവരി നാലാം തീയതി ഭരണങ്ങാനത്തെ പ്രത്യാശയുടെ കവാടത്തിലൂടെ കടന്ന് ആത്മീയതയോടെ പുതിയ പ്രവർത്തനവർഷത്തിനു തുടക്കം കുറിച്ചു.

7. ദനഹാ/രാക്കുളി തിരുനാൾ ആചരണം

ജോർദാൻനദിയിലെ ഈശോയുടെ ജ്ഞാനസ്നാനത്തിന്റെ ഓർമ്മ പുതുക്കിക്കൊണ്ട് എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭി

മുഖ്യത്തിൽ പരിശുദ്ധ റൂഹാദ്ക്കുദ്ശായുടെ നാമത്തിലുള്ള ഏഷ്യയിലെ ആദ്യത്തെ പള്ളിയായ മുട്ടുചിറ റൂഹാദ്ക്കുദ്ശാ പള്ളിയിൽ വച്ച് ജനുവരി 5-ാം തീയതി വൈകുന്നേരം 6:30 ന് രാക്കുളിത്തിരുനാൾ ആചരണം നടത്തപ്പെട്ടു. മുട്ടുചിറ ഫൊറോന വികാരി പെരിയ ബഹു. ഫാ അബ്രാഹം കൊല്ലിത്താനത്തുമലയിൽ, രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, മുൻ ഡയറക്ടർ റവ.ഫാ. സിറിൽ തയ്യിൽ, SMYM യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു വാഴചാരിക്കൽ എന്നിവരുടെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ തിരുനാൾ ആരംഭിച്ചു. രൂപത പ്രസിഡന്റ് മിജോ ജോയി, വൈസ് പ്രസിഡന്റ് എബിൻ തോമസ്, ട്രഷറർ ജോസ് ചാൾസ്, നിഖിൽ ഫ്രാൻസിസ്, മുട്ടുചിറ യൂണിറ്റ് പ്രസിഡന്റ് നിജോ, ജോസ് ആന്റണി എന്നിവർ രാക്കുളിത്തിരുനാളിൽ ഇടവകയുടെ പള്ളിക്കുളത്തിൽ മുങ്ങിദനഹാ ആചരിച്ചു. റവ.ഫാ. ജോൺ കുറ്റാരപ്പള്ളിൽ, റവ. ഫാ. ആന്റണി ഞരളക്കാട്ട്, SMYM മുട്ടുചിറ ഫൊറോന പ്രസിഡൻറ് ഗ്രിൻസു, ജില്ലാ പഞ്ചായത്തംഗം ആൻ മരിയ എന്നിവർ സന്നിഹിതരായിരുന്നു. തിരുനാൾ ആചരണത്തിൽ രൂപതയിലെ നൂറിലധികം യുവജനങ്ങൾ പങ്കെടുത്തു.

8. ഇടയനോടൊപ്പം

2026-28 എസ്.എം.വൈ.എം പാലാ രൂപത സമിതി പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ ജനുവരി 13-ാം തിയതി ബിഷപ്സ് ഹൗസിൽ സന്ദർശിച്ചു. രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, ജോയിന്റ് ഡയറക്ടർ റവ.സി. നവീന സിഎംസി, ആനിമേറ്റർ റവ. സി. ആൻസ് SH, രൂപത പ്രസിഡന്റ് മിജോ ജോയി തുടങ്ങിയവരുടെ നേതൃത്വത്തിലാണ് സന്ദർശനം നടത്തിയത്. മുൻ രൂപത പ്രസിഡന്റ് അൻവിൻ സോണി, ജനറൽ സെക്രട്ടറി റോബിൻ താന്നിമല, വൈസ് പ്രസിഡന്റ് ജോസഫ് എന്നിവർ അഭിവന്ദ്യപിതാവിനു നന്ദി അർപ്പിക്കുകയും ചെയ്തു. ജനറൽ സെക്രട്ടറി സോനാ മാത്യു, ജോയിന്റ് സെക്രട്ടറി റിയ സാബു, ട്രഷറർ ജോസ് ചാൾസ്, കെ.സി.വൈ.എം. സ്റ്റേറ്റ് സിൻഡിക്കേറ്റ് അംഗങ്ങളായ റോബിൻ റ്റി.ജോസ്, സെഞ്ചു ജേക്കബ്, ഓഫീസ് സെക്രട്ടറി ഡോൺ എന്നിവരുടെ സാന്നിധ്യവും ഉണ്ടായിരുന്നു. രൂപതാപ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടും തീക്ഷ്ണതയോടും കൂടെ ചെയ്യാനുള്ള ആശീർവാദവും ആശംസകളും പിതാവ് നേരുകയും ചെയ്തു.

9. വലിയപിതാവിനോടൊപ്പം

മുൻ രൂപതാധ്യക്ഷനും പ്രഥമ രൂപത ഡയറക്ടറുമായ ബിഷപ് പള്ളിക്കാപറമ്പിൽ പിതാവിനെ ജനുവരി 13-ാം തീയതി രൂപതാസമിതി സന്ദർശിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്തു.

10. മറുപടി മാഗസിൻ സമർപ്പിച്ചു

2025 പ്രവർത്തനവർഷത്തെ വാർഷികറിപ്പോർട്ട് 'മറുപടി മാഗസിൻ' മുൻ രൂപത പ്രസിഡന്റ് അൻവിൻ സോണി, ജനറൽ സെക്രട്ടറി റോബിൻ താന്നിമല, വൈസ് പ്രസിഡന്റ് ജോസഫ് തോമസ്, 2026-28 പ്രവർത്തനവർഷത്തിലെ രൂപത സമിതി അംഗങ്ങൾ എന്നിവർ ചേർന്ന് പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന് സമർപ്പിച്ചു.

11. എസ്.എം.വൈ.എം ഗ്ലോബൽ മീറ്റിൽ പങ്കെടുത്തു

കാക്കനാട് മൗണ്ട് സെൻറ് തോമസിൽ ജനുവരി 21-ാം തീയതി നടന്ന എസ്.എം.വൈ.എം. ഗ്ലോബൽ മീറ്റിൽ രൂപത ഡയറക്ടർ റവ.ഫാ.മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡൻറ് മിജോ ജോയി, എസ്.എം.വൈ.എം കൗൺസിലേഴ്സ് നിഖിൽ ഫ്രാൻസിസ്, അഡ്വ.സാം സണ്ണി, അഡ്വ. പ്രതീക്ഷാരാജ് എന്നിവർ പങ്കെടുത്തു.

12. യൂത്ത് എപ്പാർക്കിയൽ അസംബ്ലിയുടെ കണ്ടെത്തലുകൾ സമർപ്പിച്ചു

പാലാ രൂപത യൂത്ത് എപ്പാർക്കിയാൽ അസംബ്ലിയിൽ ചർച്ച ചെയ്ത കാര്യങ്ങളും കണ്ടെത്തലുകളും സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡൻറ് മിജോ ജോയി, കൗൺസിലേഴ്സ് നിഖിൽ ഫ്രാൻസിസ്, അഡ്വ.സാം സണ്ണി, അഡ്വ. പ്രതീക്ഷാരാജ് എന്നിവർ ചേർന്നു സമർപ്പിച്ചു.

13. പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിനെ സന്ദർശിച്ചു

പാലക്കാട് രൂപതാധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിനെ ജനുവരി 21 ന് രൂപത ഭാരവാഹികൾ സന്ദർശിച്ചു.

14. നന്ദിയോടെ

2025 പ്രവർത്തനവർഷത്തിൽ രൂപതയോടും സഭയോടും സമുദായത്തോടും വിശാലസമൂഹത്തോടും ചേർന്നുനിന്ന് മികച്ച രീതിയിൽ പ്രവർത്തിച്ച്, പ്രസ്ഥാനത്തെ വളർത്തിയതിന് SMYM - KCYM പാലാ രൂപത 2025 സമിതിക്ക് ഹൃദയം നിറഞ്ഞ നന്ദി.

യുവജനപ്രസ്ഥാനത്തെ നയിച്ച, അൻവിൻ സോണി ഓടച്ചുവട്ടിൽ - പ്രസിഡന്റ് (പാലാക്കാട്), റോബിൻ റ്റി. ജോസ് താന്നിമല - ജനറൽ സെക്രട്ടറി (പൂവക്കുളം), ബിൽന സിബി - വൈസ് പ്രസിഡന്റ് (ഗാഗുൽത്താ), ജോസഫ് തോമസ് - ഡെപ്യൂട്ടി പ്രസിഡന്റ് (ഏന്തയാർ), ബെനിസൺ സണ്ണി - സെക്രട്ടറി (അരുവിത്തുറ), ജിസ്മി ഷാജി - സെക്രട്ടറി (പാലക്കാട്ടുമല), എഡ്വിൻ ജെയ്സ് - ട്രഷറർ (പെരിങ്ങുളം), KCYM സിൻഡി

ക്കേറ്റംഗം മിജോ ജോയ് (മണ്ണയ്ക്കനാട്), അലീന കുര്യാക്കോസ് (കോതനല്ലൂർ), SMYM കൗൺസിലേഴ്സായ അഡ്വ. സാം സണ്ണി (കത്തീദ്രൽ), അഡ്വ. പ്രതീക്ഷാരാജ് (കത്തീദ്രൽ), നിഖിൽ ഫ്രാൻസിസ് (ഇലഞ്ഞി), സിൻഡിക്കേറ്റ് കൗൺസിലേഴ്സായ സാം സണ്ണി (ഭരണങ്ങാനം), ലീന തോമസ് (കടപ്ലാമറ്റം), ജിബിൻ സാബു (ഇലഞ്ഞി), എബിൻ തോമസ് (കടനാട്), തോമസ് ജി. വേലം (കടുത്തുരുത്തി), ലെന മരിയ ഐസക് (മൂലമറ്റം), ബിബിൻ ബേബി (മുട്ടുചിറ), അലക്സ് ജിമ്മി (രാമപുരം), ഐവിൻ ഡേവിസ് (പ്രവിത്താനം), റിയ സിസിലി (പാലാ), ബിയോ ബെന്നി (തുടങ്ങനാട്), റോജ ബാബു (തീക്കോയി) എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

ഫാ. മാണി കൊഴുപ്പൻകുറ്റി (ഡയറക്ടർ)

ജീസസ് യൂത്ത്

ജാഗോ 2025

ജീസസ് യൂത്ത് ഇന്ത്യയുടെ നേതൃത്വത്തിൽ ബാംഗ്ലൂർ ക്രൈസ്റ്റ് അക്കാദമിയിൽ ബാംഗ്ലൂരിൽവച്ച് 2025 ഡിസംബർ 28 മുതൽ 31 വരെ ജാഗോ 25 നടത്തപ്പെട്ടു. കത്തോലിക്കാസഭയിലെ യുവജനങ്ങൾക്കുവണ്ടി നടത്തപ്പെട്ട ജാഗോ 25, സഭയുടെ ഉണർവിന് ഉത്തേജനമേകുന്നതായിരുന്നു. മാർ ജോർജ് കൂവക്കാട്ട്, വിവിധ മെത്രാന്മാർ, വൈദികർ, സന്ന്യസ്തർ, അല്മായർ തുടങ്ങിയവരുടെ സാന്നിധ്യം ഏറെ അനുഗ്രഹപ്രദമായിരുന്നു. ഇരുന്നൂറോളം അംഗങ്ങൾ പങ്കെടുത്ത പാലാ സോണിന്റെ നേതൃത്വത്തിലാണ് ഫുഡ് സ്റ്റാൾ ഒരുക്കപ്പെട്ടത്.

AVIV

2026 ജനുവരി 10-ാം തീയതി ശനിയാഴ്ച വിവിധ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർഥികൾക്കായി AVIV നടത്തപ്പെട്ടു. ജാഗോ 25 നുശേഷം നടത്തപ്പെട്ട ഈ പ്രോഗ്രാമിൽ ഏറെ ആവേശത്തോടെയാണ് ജീസസ് യൂത്ത് അംഗങ്ങൾ പങ്കുചേർന്നത്. പുതിയ ഒരു വർഷത്തിനും കഴിഞ്ഞവർഷം ചൊരിഞ്ഞ നന്മകൾക്കും നന്ദിപറയാനും ഈ ഗാതറിങ്ങിലൂടെ കഴിഞ്ഞു.

ACT SIXTEEN

എല്ലാ ഞായറാഴ്ചയും ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിൽ വച്ച് പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ACT SIXTEEN' ഒരു മണിക്കൂർ സ്തുതി ആരാധന നടത്തുവാൻ ആരംഭിച്ചു.

മ്യൂസിക് മിനിസ്ട്രി ഗാതറിങ്

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ചുചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി ശനിയാഴ്ചകളിൽ രാത്രി 9 മണിമുതൽ 9:30 വരെ ഗൂഗിൾ മീറ്റിൽവച്ച് ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതെറിങ് നടത്തിവരുന്നു.

സോണൽ മ്യൂസിക് ടീം

ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രി കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുനന്നതിനുമായി ജീസസ് യൂത്ത് രൂപത കൗൺസിലിന്റെ നേതൃത്വത്തിൽ അടുത്ത ഒരു വർഷത്തേക്കുള്ള മ്യൂസിക് ടീം രൂപീകരിച്ചു. പന്ത്രണ്ട് അംഗങ്ങളുള്ള ടീമിന്റെ കോർഡിനേറ്ററായി താരാ ഷാജിയെ നിയോഗിച്ചു. ഫാ. ജോസ് വെള്ളാച്ചേരി ചാപ്ലയിനും സി. ജോൺസി FCC ആനിമേറ്ററുമായി സ്ഥാനമേറ്റു.

നൈറ്റ് വിജിൽ

ളാലം പുത്തൻപള്ളിയിൽവച്ച് ജനുവരി 2 ആദ്യവെള്ളിയാഴ്ച വൈകുന്നേരം വി. കുർബാനയ്ക്കുശേഷം നൈറ്റ് വിജിൽ നടത്തപ്പെടുകയും മാത്യു എം. കുര്യാക്കോസ് ക്ലാസ് നയിക്കുകയും ചെയ്തു. വൈകുന്നേരം 5.30ന് വി. കുർബാനയ്ക്കുശേഷം 8.30 വരെ വലിയപള്ളിയിലും തുടർന്ന് 9 മുതൽ 10 മണി വരെ ചാപ്പലിലുമായി ആരാധന നടത്തപ്പെട്ടു.

ഇടവക ക്രിസ്മസ് ആഘോഷം

ജീസസ് യൂത്ത് അരുവിത്തുറ മേഖല ഡിസംബർ 26-ാം തീയതി വല്യച്ചൻമലയിൽ ക്രിസ്മസ് ആഘോഷിച്ചു. കൊഴുവനാൽ ഇടവക ജനുവരി 3-ാം തീയതി കാരുണ്യഭവനിൽ പ്രായമായവർക്ക് സ്നേഹവും സന്തോഷവും പങ്കുവച്ചുകൊണ്ട് ക്രിസ്മസ് ആഘോഷിച്ചു. ക്രിസ്മസിന്റെ യഥാർത്ഥ ആത്മാവും കരുണയും സ്നേഹവും ആസ്പദമാക്കിയുള്ള ഈ പരിപാടികൾ ആത്മപരിശോധനയ്ക്കും ആത്മീയ സന്തോഷത്തിനും ഐക്യത്തിനും വഴിയൊരുക്കി. ജീസസ് യൂത്ത് അംഗങ്ങളിൽ പുതുക്കിയ ദൗത്യബോധവും ആത്മീയ ഉത്സാഹവും ഉണർത്തുന്ന ഒരു സംഗമമായി ഇതു മാറി.

കൊഴുവനാൽ ഇടവക കോർ ടീം

ഇടവകയിലെ ജീസസ് യൂത്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനുമായി പാലാ പാരിഷ് ടീമിന്റെ നേതൃത്വത്തിൽ അടുത്ത ഒരു വർഷത്തേക്കുള്ള പുതിയ കോർ ടീം കൊഴുവനാൽ ഇടവകയിൽ രൂപീകരിക്കുകയും അൻസൽ മരിയ തോമസിനെ കോർഡിനേറ്ററായി നിയോഗിക്കുകയും ചെയ്തു.

ദിവ്യകാരുണ്യ ആരാധന

പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ച് പ്രാർത്ഥിക്കാനായി എല്ലാ ദിവസവും വൈകുന്നേരം 4 മുതൽ 5 മണി വരെ പാലാ SH മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തപ്പെട്ടു.

ബുധനാഴ്ചക്കൂട്ടായ്മ

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5.15 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടന്നുവരുന്നു. പ്രാർത്ഥനയാലും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്.

ഹൗസ്ഹോൾഡ്

2026 ജനുവരി 4 ഞായറാഴ്ച അരുവിത്തുറ, പാലാ, കുറവിലങ്ങാട് എന്നീ സ്ഥലങ്ങളിൽ വച്ച് ജീസസ് യൂത്ത് ഹൗസ്ഹോൾഡ് നടത്തപ്പെട്ടു.

ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ (ഡയറക്ടർ)

കുടുംബക്കൂട്ടായ്മ

കുടുംബക്കൂട്ടായ്മ

1) 2/1/2026 9.30 രൂപത റിസോഴ്സ് ടീം മീറ്റിങ് ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്ന് ക്ലാസ്സുകളിൽ ഉൾപ്പെടുത്തുന്ന വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. രൂപത റിസോഴ്സ്ടീമിൽനിന്നു ത്രിതലപഞ്ചായത്തു തിരഞ്ഞെടുപ്പിൽ വിജയികളായ ബ്ലോക്ക് മെമ്പർ ലൈസമ്മ കച്ചോലക്കാലായെയും മുനിസിപ്പൽ കൗൺസിലർ പ്രിൻസി സണ്ണിയെയും പാസ്റ്ററൽ കൗൺസിലിലേക്കു തിരഞ്ഞെടുക്കപ്പെട്ട ജോണി വേലംകുന്നേലിനെയും ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം അനുമോദിച്ചു.

2) 4/1/2026 ഞായർ കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീമിന്റെ വാർഡുതല ക്ലാസ്സ് മണിയംകുളം ഇടവകയിൽ നടത്തപ്പെട്ടു. വികാരി റവ. ഫാ. പോൾ പാറപ്ലാക്കലിന്റെ പ്രാർത്ഥനയോടെ ക്ലാസുകൾ ആരംഭിച്ചു.

3) 7/1/2026 ബുധൻ 9.30 am ന് രൂപത എക്സിക്യൂട്ടീവ് യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു വാർഷികത്തിന്റെ കാര്യങ്ങളെക്കുറിച്ചു ചർച്ച ചെയ്തു. 11 am ന് രൂപത കൗൺസിൽ യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. ജനുവരി 27 ന് വാർഷികം നടത്താൻ തീരുമാനിച്ചു.

4) 23/1/2026 9.30 am ന് എക്സിക്യൂട്ടീവ് യോഗം ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്തിന്റെ അധ്യക്ഷതയിൽ ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു.

വാർഷികത്തിന്റെ സുഗമമായ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ രൂപീകരിക്കുന്നതിനെപ്പറ്റി യോഗം ചർച്ച ചെയ്തു.

5) 11 am ന് രൂപത കൗൺസിലിന്റെയും റിസോഴ്സ് ടീമിന്റെയും സംയുക്ത യോഗം ചേർന്നു. കുടുംബക്കൂട്ടായ്മ രൂപതാ വാർഷികം 27 ചൊവ്വാഴ്ച 2 pm ന് ളാലം സെന്റ് മേരീസ് പാരിഷ് ഹാളിൽ നടത്താൻ തീരുമാനിച്ചു. വിവിധ കമ്മിറ്റികളുടെ രൂപീകരണം നടത്തി.

6) 27/1/2026 കുടുംബക്കൂട്ടായ്മ രൂപതാവാർഷികം ളാലം സെന്റ് മേരീസ് പാരിഷ് ഹാളിൽ നടന്നു. പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവഹിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അനുഗ്രഹപ്രഭാഷണം നടത്തി. രൂപത പ്രസിഡൻറ് സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ അധ്യക്ഷത വഹിച്ചു. ഫാ. ആൽബിൻ പുതുപ്പറമ്പിൽ ബൈബിൾപ്രതിഷ്ഠ നടത്തി. ളാലം പള്ളി വികാരി ഫാ. ജോസഫ് തടത്തിൽ ആശംസയർപ്പിച്ചു. സെക്രട്ടറി ബാബു പോൾ പെരിയപ്പുറം റിപ്പോർട്ട് അവതരിപ്പിച്ചു. ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് സ്വാഗതവും സെല്ലി അഗസ്റ്റിൻ തോണിക്കുഴി കൃതജ്ഞതയും പറഞ്ഞു. മികച്ച പ്രവർത്തനം കാഴ്ചവച്ച ഇടവകകളെയും സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതിയവരെയും സമ്മേളനത്തിൽ ആദരിച്ചു.

A വിഭാഗം

1. സെന്റ് അൽഫോൻസാ ചർച്ച്, അൽഫോൻസാഗിരി
2. സെന്റ് മേരീസ് ചർച്ച്, കാട്ടാമ്പാക്ക്
3. സെന്റ് ജോസഫ് നവ നസറത്ത് ചർച്ച്, വേഴങ്ങാനം

B വിഭാഗം

1. സേക്രട്ട് ഹാർട്ട് ചർച്ച്, ഉള്ളനാട്
2. സെന്റ് ആന്റണി ദ ആബട്ട് ചർച്ച്, ഇളന്തോട്ടം
3. സെന്റ് ജോസഫ് ചർച്ച്, കുന്നോന്നി

C വിഭാഗം

1 സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, സിബിഗിരി

2 മാർ സ്ലീവാ ചർച്ച്, കാഞ്ഞിരമറ്റം

3 സെന്റ് മേരീസ് ഫൊറോന ചർച്ച്, കടപ്ലാമറ്റം

D വിഭാഗം

1 മേജർ ആർക്കി എപ്പിസ്കോപ്പൽ ഫൊറോന ചർച്ച്, കുറവിലങ്ങാട്

2 റൂഹാദ്കുദിശ ഫൊറോന ചർച്ച്, മുട്ടുചിറ

3 സെൻറ് പീറ്റർ ആൻഡ് പോൾ ചർച്ച്, ഇലഞ്ഞി

ഫൊറോനകളിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ച ഇടവകകൾ

1 പാലാ - സെന്റ് മേരീസ് ചർച്ച്, വലവൂർ
2 അരുവിത്തുറ - സെന്റ്ജോസഫ്സ് ചർച്ച്, വാരിയാനിക്കാട്
3 ഭരണങ്ങാനം - സെന്റ് ജോസഫ്സ് ചർച്ച്, ഇടപ്പാടി
4 ചേർപ്പുങ്കൽ - സെന്റ് ജോർജ് ചർച്ച്, മുത്തോലി
5 ഇലഞ്ഞി - സെന്റ് പീറ്റർ ആൻഡ് പോൾ ഫൊറോന ചർച്ച്, ഇലഞ്ഞി
6 കടനാട് - സെന്റ് അഗസ്റ്റിൻസ് ഫൊറോന ചർച്ച്, കടനാട്
7 കടപ്ലാമറ്റം - സെന്റ് മേരീസ് ഫൊറോന ചർച്ച്, കടപ്ലാമറ്റം
8 കടുത്തുരുത്തി - സെന്റ് മേരീസ് മൗണ്ട് ചർച്ച്, മാന്നാർ
9 കുറവിലങ്ങാട് - മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ഫൊറോന ചർച്ച്, കുറവിലങ്ങാട്
10 കൂട്ടിക്കൽ - സെന്റ് ജോർജ് ഫൊറോന ചർച്ച്, കൂട്ടിക്കൽ
11 കോതനല്ലൂർ - സെന്റ് തോമസ് മൗണ്ട് ചർച്ച്, നമ്പ്യാകുളം
12 കൊഴുവനാൽ - സെന്റ് ജോർജ് ചർച്ച്, ഉരുളികുന്നം
13 മുട്ടുചിറ - റൂഹാദ്കുദിശ ഫൊറോന ചർച്ച്, മുട്ടുചിറ
14 പൂഞ്ഞാർ - സെന്റ്ജോസഫ് ചർച്ച്, കുന്നോന്നി
15 പ്രവിത്താനം - സേക്രട്ട് ഹാർട്ട് ചർച്ച്, ഉള്ളനാട്
16 രാമപുരം - സെന്റ് അഗസ്റ്റിൻ ഫൊറോന ചർച്ച്, രാമപുരം
17 തീക്കോയി - സെന്റ് ആന്റണീസ് ചർച്ച്, വെള്ളികുളം
18 തുടങ്ങനാട് - സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, സിബിഗിരി

മികച്ച ഫൊറോനാകൾ

1 പ്രവിത്താനം
2 മുട്ടുചിറ
3 രാമപുരം

ഫാ. ജോസഫ് അരിമറ്റത്ത് (ഡയറക്ടർ)
ഫാ.ആൽബിൻ പുതുപ്പറമ്പിൽ (അസിസ്റ്റന്റ് ഡയറക്ടർ)

ഫാമിലി അപ്പോസ്തലേറ്റ്

A. **വിവാഹ ഒരുക്ക ധ്യാനം**

1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

ജനുവരി 09-11, 23-25 തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 232 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

2. രജിസ്ട്രേഷൻ

ഫെബ്രുവരി 27-1, മാർച്ച് 20-22, 30-ഏപ്രിൽ 1 എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

3. പേരന്റ്സ് മീറ്റ്

ജനുവരിമാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ പേരന്റ്സ് മീറ്റിങ്ങിൽ റവ. ഫാ. തോമസ് വടക്കേൽ, പ്രൊഫ. അലക്സ് കാവുകാട്ട് എന്നിവർ ക്ലാസ്സെടുത്തു. 407 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

4. സമ്മേളനം

ജനുവരി 13-ാം തീയതി ഫാമിലി അപ്പോസ്തലേറ്റിന്റെ മുഖ്യകർമ്മമേഖലയായ വിവാഹ ഒരുക്കസെമിനാറിൽ സഹകാരികളായ വൈദികരുടെ ഒരു സമ്മേളനം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. 7.30 ന് രൂപത ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ സ്വാഗതം ആശംസിച്ചു. ഫാ. ജോസഫ് വടക്കേക്കുറ്റിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച കൂട്ടായ്മയിൽ പാലാ രൂപത മുഖ്യ വികാരി ജനറാൾ ഉൾപ്പെടെ 43 വൈദികർ സന്നിഹിതരായിരുന്നു. സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, റവ. ഡോ. തോമസ് വടക്കേൽ എന്നിവർ സംസാരിച്ചു. ഫാമിലി അപ്പോസ്തലേറ്റിൽ റീജൻസി ചെയ്ത 3 നവവൈദികർ റവ. ഫാ. അബ്രഹാം പുതിയാത്ത്, റവ. ഫാ. അലക്സ് കാഞ്ഞിരത്തുങ്കൽ, റവ. ഫാ. ക്രിസ്റ്റോ പുള്ളിക്കാട്ടിൽ എന്നിവർ ചേർന്ന് കേക്കു മുറിച്ചു. അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. മാത്യു മുതുപ്ലാക്കൽ ഏവർക്കും നന്ദി അർപ്പിച്ചു.

B. പിതൃവേദി

1. യൂണിറ്റ് വാർഷികം

ജനുവരി 4 ഉച്ചകഴിഞ്ഞ് 2 മണിക്ക് പിതൃവേദിയുടെ മൂന്നിലവ് യൂണിറ്റിന്റെ വാർഷികം പാരിഷ് ഹാളിൽ വച്ചു നടന്നു. പിതൃവേദി രൂപത അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. മാത്യു മുതുപ്ലാക്കൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മൂന്നിലവ് പിതൃവേദി ഡയറക്ടർ റവ. ഫാ. കുര്യൻ തടത്തിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

2. മേഖല വാർഷികം

ജനുവരി 11-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ഭരണങ്ങാനം മേഖലയുടെ വാർഷികം പള്ളി ഓഡിറ്റോറിയത്തിൽ വച്ച് മേഖല ഡയറക്ടർ ഫാ. സഖറിയാസ് ആട്ടപ്പാട്ടിന്റെ അധ്യക്ഷതയിൽ കൂടി. ജനുവരി 18-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് കൂത്താട്ടുകുളം മേഖല വാർഷികം ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. മേഖല ഡയറക്ടർ റവ. ഫാ. ജെയിംസ് കുടിലിൽ അധ്യക്ഷത വഹിച്ചു. രണ്ടു വാർഷികവും പിതൃവേദി രൂപത അസി. ഡയറക്ടർ ഫാ. മാത്യു മുതുപ്ലാക്കൽ ഉദ്ഘാടനം ചെയ്തു.

3. 2026-27 വർഷത്തെ കർമ്മരേഖപ്രകാശനം

ജനുവരി 18-ാം തീയതി 12 മണിക്ക് പിതൃവേദിയുടെ പുതിയ കർമ്മരേഖയുടെ പ്രകാശനം ബിഷപ്സ് ഹൗസിൽ വച്ചു നടന്നു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് കർമ്മരേഖയുടെ ആദ്യപതിപ്പ് രൂപത പ്രസിഡന്റ് ശ്രീ ജോസ് മുത്തനാട്ടിനു നൽകി പ്രകാശനം ചെയ്തു. രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

4. എക്സിക്യൂട്ടീവ് മീറ്റിങ്

ജനുവരി 18-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് പിതൃവേദി പുതിയ ഭരണസമിതിയുടെ എക്സിക്യൂട്ടീവിന്റെ ആദ്യയോഗം ഷലോം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തി.

5. യോഗം

ജനുവരി 18-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 ന് പാലാ രൂപത പിതൃവേദി സമിതിയുടെ ആദ്യയോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ ജോസ് തോമസ് മുത്തനാട്ടിന്റെ അധ്യക്ഷതയിൽ ചേർന്നു. രൂപത ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ ആമുഖപ്രസംഗം നടത്തി. ചർച്ചകൾക്കുശേഷം 4 മണിയോടുകൂടി മീറ്റിങ് അവസാനിച്ചു.

6. യൂണിറ്റ് തിരഞ്ഞെടുപ്പ്

ജനുവരി 27-ാം തീയതി പിതൃവേദിയുടെ 2024-25 പ്രവർത്തനവർഷത്തെ മികച്ച യൂണിറ്റിനെ കണ്ടെത്തുന്നതിനായുള്ള ഇവാലുവേഷന്റെ ഭാഗമായി ജഡ്ജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ 10 പള്ളികൾ 27,29 തീയതികളിൽ സന്ദർശിച്ച് വിലയിരുത്തലുകൾ നടത്തി.

C. മാതൃവേദി

1. രൂപതസമിതി

ജനുവരി 7-ാം തീയതി രാവിലെ 10 മണിക്ക് മാതൃവേദി രൂപത സമിതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. പരിപാടിയിൽ മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

2. എക്സിക്യൂട്ടീവ് മീറ്റിങ്

ജനുവരി 26-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃവേദി രൂപത എക്സിക്യൂട്ടീവ് മീറ്റിങ് പ്രസിഡന്റ് ശ്രീമതി ഷേർളി ചെറിയാന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു.

D. സീറോ മലബാർ പാലാ മാട്രിമണി

1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

2. ഓൺലൈൻ മീറ്റിങ്

ജനുവരി 21-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എമ്പോസിങ്, ഹാൻഡ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ - 7306293048

H. മംഗല്യനിധി

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായമായ മംഗല്യനിധിപദ്ധതി വഴി ളാലം പുത്തൻപള്ളി, കുടക്കച്ചിറ, കുറവിലങ്ങാട്, മാനത്തൂർ ഇടവകകളിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ)

കത്തോലിക്കാ കോൺഗ്രസ്

രൂപത കമ്മിറ്റി

കത്തോലിക്കാകോൺഗ്രസ് പാലാ രൂപത കമ്മിറ്റിയുടെ യോഗം നടത്തി. പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ഡയറ

ക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം വഹിച്ചു.

തീരുമാനങ്ങൾ

1. യൂണിറ്റ്, ഫൊറോന, രൂപത ഭാരവാഹികൾ തങ്ങളുടെ ഉത്തരവാദിത്വം കൃത്യമായി നിർവഹിക്കുന്നില്ലെങ്കിൽ ഒരു മുന്നറിയിപ്പു കൊടുത്തതിനു ശേഷം തൽസ്ഥാനത്തുനിന്നു നീക്കംചെയ്യുക.

2. പുതിയ ഫൊറോനകളിൽ (കൊഴുവനാൽ, കടപ്ലാമറ്റം, കൂത്താട്ടുകുളം) ഫൊറോന കമ്മിറ്റികൾ രൂപീകരിക്കുക. ഇലഞ്ഞി, ചേർപ്പുങ്കൽ ഫൊറോനകളിൽ ഒഴിവുവന്ന സ്ഥാനങ്ങളിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുക. തിരഞ്ഞെടുപ്പുകളുടെ വരണാധികാരി രൂപത ഡയറക്ടർ ആയിരിക്കും.

3. ഫെബ്രുവരി മുതൽ രൂപത ഭാരവാഹികൾ മുൻകൂട്ടി അറിയിച്ചതിനു ശേഷം യൂണിറ്റുകൾ സന്ദർശിക്കുന്നതാണ്. ഫൊറോന കമ്മിറ്റികൾ രണ്ടു മാസത്തിലൊരിക്കൽ നിർബന്ധമായും കൂടിയിരിക്കണം. റിപ്പോർട്ട് രൂപത ജനറൽ സെക്രട്ടറിക്കു കൊടുക്കണം.

4. ചേർപ്പുങ്കൽ ഫൊറോനയുടെ നേതൃത്വത്തിൽ മൂഴൂരിൽ പണിയുന്ന പാലാ രൂപത പ്ലാറ്റിനം ജൂബിലി സ്മാരക കത്തോലിക്കാ കോൺഗ്രസ് ഭവനത്തിന്റെ നിർമാണമേൽനോട്ടം ജോയി കണിപറമ്പിലിനും ബേബി അഴിയാത്തിനും നൽകി.

5. കത്തോലിക്കാകോൺഗ്രസ് 108-ാം ജന്മദിനസമ്മേളനം മാർച്ച് 13, 14 തീയതികളിൽ തലശേരി രൂപതയുടെ ആതിഥേയത്വത്തിൽ കണ്ണൂരിലാണു നടക്കുന്നത്.

ഫൊറോന വാർത്തകൾ

കടപ്ലാമറ്റം

കത്തോലിക്കാകോൺഗ്രസ് കടപ്ലാമറ്റം ഫൊറോനയുടെ ആദ്യയോഗം രൂപതാപ്രസിഡന്റിന്റെ അധ്യക്ഷതയിൽ നടത്തി. ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് മുളഞ്ഞനാൽ ഉദ്ഘാടനം ചെയ്തു. ഫൊറോന കമ്മിറ്റി ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ രൂപത ഡയറക്ടർ നേതൃത്വം നൽകി. രൂപത ജനറൽ സെക്രട്ടറി ആശംസകൾ നേർന്നു.

പുതിയ ഭാരവാഹികൾ

പ്രസിഡന്റ്: അഡ്വ. സജീവ് മാത്യു കുത്തിവളച്ചതിൽ, കടപ്ലാമറ്റം

സെക്രട്ടറി: ബെന്നി മാത്യു തോട്ടപ്പനാൽ, മരങ്ങാട്ടുപിള്ളി

ട്രഷറർ: മൈക്കിൾ കുന്നക്കാട്ട്, പാളയം.

ഇലഞ്ഞി ഫൊറോന

ഇലഞ്ഞി ഫൊറോന കമ്മിറ്റിയുടെ യോഗം രൂപതപ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. ഡയറക്ടർ വെരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ തിരഞ്ഞെടുപ്പിനു നേതൃത്വം നൽകി. ജോസ് വട്ടുകുളം, ബേബി ആലുങ്കൽ എന്നിവർ ആശംസകൾ നേർന്നു.

പുതിയ ഭാരവാഹികൾ

പ്രസിഡന്റ്: ജോസഫ് തോമസ് നരിക്കുന്നേൽ, ഇലഞ്ഞി

സെക്രട്ടറി: റോയി ചുമ്മാർ, നരിപ്പാറ, ജോസ്ഗിരി

ട്രഷറർ: ബേബിച്ചൻ മൂലയിൽ, മുത്തോലപുരം.

വൈസ് പ്രസിഡന്റ്: ജോസഫ് അഗസ്റ്റിൻ, തുരുത്തേൽ, മുളക്കുളം.

ചേർപ്പുങ്കൽ ഫൊറോന

പുതുതായി രൂപീകരിച്ച ചേർപ്പുങ്കൽ ഫൊറോന കത്തോലിക്കാ കോൺഗ്രസ് കമ്മിറ്റിയുടെ യോഗം രൂപതപ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. ഫൊറോനവികാരി വെരി. റവ. ഫാ. മാത്യു തെക്കേൽ ഉദ്ഘാടനം ചെയ്തു. രൂപതഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ തിരഞ്ഞെടുപ്പിനു നേതൃത്വം നൽകി. ജോസ് വട്ടുകുളം, മാർട്ടിൻ കോലടി എന്നിവർ ആശംസകൾ നേർന്നു.

ഭാരവാഹികൾ

പ്രസിഡന്റ്: ജസ്റ്റിൻ മാർട്ടിൻ കോലടി, ചേർപ്പുങ്കൽ

സെക്രട്ടറി: ജോസ് തേവർകുന്നേൽ, കുരുവിനാൽ

ട്രഷറർ: ഷൈജ് തോമസ് കോയിക്കൽ, ചെമ്പിളാവ്

വൈസ് പ്രസിഡന്റ്: സണ്ണി അഗസ്റ്റിൻ നായിപുരയിടം, മേവട.

ഭരണങ്ങാനം ഫൊറോന

ഭരണങ്ങാനം ഫൊറോന കമ്മിറ്റിയുടെ മീറ്റിങ് പൂവത്തോട് പള്ളി ഹാളിൽ ഫൊറോന പ്രസിഡന്റ് സണ്ണി ഞായർകുളത്തിന്റെ അധ്യക്ഷതയിൽ നടത്തി. പൂവത്തോട് യൂണിറ്റ് ഡയറക്ടർ റവ.ഫാ.ജേക്കബ് പുതിയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. എമ്മാനുവൽ നിധീരി മുഖ്യപ്രഭാഷണം നടത്തി. ജോസ് വട്ടുകുളം ആശംസകൾ നേർന്നു. മേഖല സെക്രട്ടറി അരുൺപോൾ റിപ്പോർട്ട് അവതരിപ്പിച്ചു.

യൂണിറ്റ് വാർത്തകൾ

കൂത്താട്ടുകുളം

കത്തോലിക്കാകോൺഗ്രസ് കൂത്താട്ടുകുളം യൂണിറ്റിന്റെ നേതൃത്വത്തിൽ 'കരുണാഭവനു'വേണ്ടി ഒരു ആംബുലൻസ് വാങ്ങി നല്കി. താക്കോൽ റവ. സി. ജോയി കാർമൽ എസ്.എം.എസിനു കൈമാറി. യൂണിറ്റ് ഡയറക്ടർ വെരി റവ.ഫാ. ജെയിംസ് കുടിലിൽ, ബേബി ആലുങ്കൽ, ജോസ് തോമസ്, സ്റ്റീഫൻ ചിറയിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

അനുമോദനങ്ങൾ

2026 ജനുവരി 27 ന് 70-ാം പിറന്നാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന് കത്തോലിക്കാകോൺഗ്രസ് അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും സ്നേഹനിർഭരമായ ആശംസകളും പ്രാർഥനകളും നേരുന്നു.

ജോസ് വട്ടുകുളം (ജനറൽ സെക്രട്ടറി)

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

പാലാ സാൻതോം ഫുഡ് ഫാക്ടറിയുടെ ഫസ്റ്റ് ഇന്റർനാഷണൽ ഷിപ്മെന്റ് ഉദ്ഘാടനം നടത്തി

രൂപതയുടെ കാർഷികോന്നമനത്തിന്റെ മുഖമായ പാലാ സാൻതോം ഫുഡ് ഫാക്ടറിയുടെ ഫസ്റ്റ് ഇന്റർനാഷണൽ ഷിപ്മെന്റിന്റെ ഉദ്ഘാടനം പാലാ രൂപതാധ്യക്ഷൻ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. പാലാ രൂപതയുടെ വികാരി ജനറാളന്മാരായ വെരി. റവ. ഫാ. ജോസഫ് മലേപ്പറമ്പിൽ, വെരി. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, വിശ്വാസ് ഫുഡ്സ് എം.ഡി. ശ്രീ സോണി ഏറത്ത്, പാലാ നഗരസഭാധ്യക്ഷ കുമാരി ദിയ ബിനു പുളിക്കക്കണ്ടം, അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ATMA) പ്രൊജക്റ്റ് ഡയറക്ടർ ശ്രീമതി മിനി ജോർജ്, PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, രൂപതയിലെ ബഹുമാനപ്പെട്ട മറ്റു വൈദികർ, കമ്പനിയുടെ പ്രീമിയം ഷെയർ ഹോൾഡേഴ്സ്, പാലാ നഗരസഭ കൗൺസിലേഴ്സ്, പഞ്ചായത്ത് അംഗങ്ങൾ, വിവിധ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, PSWS സ്റ്റാഫ് അംഗങ്ങൾ എന്നിവർ പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു.

നവവൈദികരെ അനുമോദിച്ചു

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയിൽ റീജൻസി ചെയ്ത, ഈ വർഷം ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ച നവവൈദികരെ അനുമോദിച്ചു.

ത്രിതല പഞ്ചായത്തു തിരഞ്ഞെടുപ്പിൽ വിജയിച്ച അംഗങ്ങളെ ആദരിച്ചു

ത്രിതല പഞ്ചായത്തുതിരഞ്ഞെടുപ്പിൽ വിജയിച്ച പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ സ്വാശ്രയസംഘങ്ങളിലെ അംഗങ്ങളെ ഇടവകതലത്തിൽ ആദരിച്ചു.

രുചിയേറും കാന്തല്ലൂർ കൂർക്കമേള സംഘടിപ്പിച്ചു

കാന്തല്ലൂർ ട്രൈബൽ മേഖലയിൽ ജൈവരീതിയിൽ കൃഷി ചെയ്തതും, ഫൈബർ ധാരാളം അടങ്ങിയിട്ടുള്ളതും, രക്തസമ്മർദം കുറയ്ക്കുന്നതിനു സഹായിക്കുന്നതും, ഹൃദയാരോഗ്യത്തിന് ഉത്തമവുമായ നല്ലയിനം രുചിയുള്ള കൂർക്കയുടെ മേള അഗ്രിമ കർഷക മാർക്കറ്റിൽ സംഘടിപ്പിച്ചു.

പ്രൊഫഷണൽ ഡെവലപ്മെന്റ് ക്ലാസ് നടത്തി

PSWS സ്റ്റാഫംഗങ്ങൾക്കുവേണ്ടി പെരുവന്താനം സെന്റ് ആന്റണിസ് കോളേജ് BSc സൈക്കോളജി ഫൈനൽ ഇയർ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പ്രൊഫഷണൽ ഡെവലപ്മെന്റ് ക്ലാസ് അഗ്രിമ ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെട്ടു. പ്രസ്തുത ക്ലാസ്സിൽ PSWS ന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാഫ് അംഗങ്ങൾ, SHG ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

കാർഷിക മൂല്യവർധിത ഉത്പന്നങ്ങളെക്കുറിച്ചുള്ള സെമിനാർ സംഘടിപ്പിച്ചു.

കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ് വിദ്യാർത്ഥികൾക്കായി കാർഷികമൂല്യവർധിത ഉത്പന്നങ്ങളെക്കുറിച്ചുള്ള സെമിനാർ സംഘടിപ്പിച്ചു. PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ക്ലാസ്സിനു നേതൃത്വം നൽകി.

NCDC കർഷക ഉത്പാദക സംഘങ്ങളുടെ പ്രവർത്തനപുരോഗതി വിലയിരുത്തി

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സഹായസംഘടന (ക്ലസ്റ്റർ ബേസ്ഡ് ബിസിനസ് ഓർഗനൈസേഷൻ – CBBO) യായി പ്രവർത്തിക്കുന്ന ഈരാറ്റുപേട്ട, പള്ളം, വൈക്കം ബ്ലോക്കുകൾ കേന്ദ്രീകരിച്ച് രൂപീകൃതമായ കർഷക ഉത്പാദകസംഘങ്ങളുടെ പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനും നിർവഹണ ഏജൻസിയായ NCDC യുടെ ഉദ്യോഗസ്ഥ ശ്രീമതി ദിയ

ദിനേശ് എല്ലാ എഫ്.പി.ഒ.കളിലും സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി.

വിദഗ്ധസന്ദർശനങ്ങൾ

* സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എംഡി ശ്രീ സജി ജോൺ, ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ശ്രീമതി ലെൻസി തോമസ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ ജോ ജോസ് എന്നിവർ പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ കീഴിൽ പ്രവർത്തിക്കുന്ന സാന്തോം ഫുഡ് ഫാക്ടറി സന്ദർശിച്ചു വിലയിരുത്തലുകൾ നടത്തി.

* അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ATMA) പ്രൊജക്റ്റ് ഡയറക്ടർ ശ്രീമതി മിനി ജോർജ് പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ കീഴിൽ പ്രവർത്തിക്കുന്ന സാന്തോം ഫുഡ് ഫാക്ടറി സന്ദർശിച്ചു വിലയിരുത്തലുകൾ നടത്തി.

കോഴിക്കുഞ്ഞുങ്ങളുടെയും മുട്ടത്താറാവുകളുടെയും വിതരണം

സ്റ്റീൽ ഇന്ത്യ മുണ്ടുപാലം ക്യാമ്പസ് പാലായിൽ വച്ച് ഉയർന്ന യിനം BV380 കോഴിക്കുഞ്ഞുങ്ങൾ, ഗിനി കോഴിക്കുഞ്ഞുങ്ങൾ, മുട്ടത്താറാവ്, ഹൈടെക് കോഴിക്കൂടുകൾ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു.

ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി

ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതിപ്രകാരം ഫ്രിഡ്ജ്, വാഷിങ് മെഷീൻ, മൊബൈൽ ഫോൺ, ഓവൻ എന്നിവയുടെ വിതരണം വിവിധ സോണൽ തലത്തിൽ നടത്തിവരുന്നു. ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഈ പദ്ധതി വളരെ സഹായകമായി.

സേവ് എ ഫാമിലി പ്ലാൻ പദ്ധതി

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ ഗുണഭോക്താക്കൾക്കായി അടുത്ത ഘട്ട ഫണ്ട് അനുവദിക്കുന്നതിനുമുമ്പായി ആവശ്യമായ പ്ലാനിങ് നടപടികൾ ആരംഭിച്ചിരിക്കുന്നു. പദ്ധതിയുടെ ഭാഗമായി അരുവിത്തുറ, മൂലമറ്റം, തീക്കോയി എന്നീ ഫൊറോനകളിൽ ഉൾപ്പെടുന്ന 128 ഗുണഭോക്താക്കളുടെ വീടുകൾ പ്രോജക്റ്റ് ഓഫീസർ സന്ദർശിച്ച്, മുമ്പ് അനുവദിച്ച ധനസഹായം ഉപയോഗിച്ച് ആരംഭിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ശേഷിക്കുന്ന എല്ലാ ഗുണഭോക്താക്കളുടെയും വീടുകളും ഫെബ്രുവരിമാസത്തിനുള്ളിൽ സന്ദർശിച്ച് അവർ ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ പരിശോധിക്കുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്ത്, അടുത്തഘട്ട ഫണ്ട് അനുവദിക്കുന്നതിനുള്ള പ്ലാനിങ്നടപടികൾ പൂർത്തീകരിക്കുന്നതായിരിക്കും.

അവലോകനയോഗങ്ങൾ

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയംസഹായസംഘങ്ങളുടെ അവലോകനമീറ്റിങ്ങുകൾ ഇടവകതലത്തിൽ നടത്തപ്പെട്ടു. പുതിയ ഗ്രൂപ്പുകളുടെ രൂപീകരണം, കൃഷിസംബന്ധമായ ക്ലാസുകൾ എന്നിവയും നടന്നു. മീറ്റിങ്ങിൽ പഞ്ചായത്തുതിരഞ്ഞെടുപ്പിൽ വിജയിച്ച അംഗങ്ങളെ ആദരിച്ചു.

വാർഷികാഘോഷങ്ങൾ

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയംസഹായസംഘങ്ങളുടെ ഇടവക - ഫൊറോന തലത്തിലുള്ള വാർഷികാഘോഷങ്ങൾ നടത്തപ്പെട്ടു. വാർഷികാഘോഷങ്ങളോട് അനുബന്ധിച്ചു വിവിധ ഫൊറോന, ഇടവക തലങ്ങളിൽ വിവിധ മത്സരങ്ങളും നടത്തപ്പെട്ടു. മീറ്റിങ്ങിൽ പഞ്ചായത്തുതിരഞ്ഞെടുപ്പിൽ വിജയിച്ച അംഗങ്ങളെ ആദരിച്ചു

ഫാ. തോമസ് കിഴക്കേൽ (ഡയറക്ടർ)

ഡി.സി.എം.എസ്.

DCMS 2026-2029 വർഷത്തെ തിരഞ്ഞെടുപ്പ്

ഫൊറോനാ തിരഞ്ഞെടുപ്പ്

DCMS 2026-29 വർഷത്തെ ഫൊറോനാതലത്തിലുള്ള തിരഞ്ഞെടുപ്പ് 2026 ജനുവരി 4, 11 തിയതികളിൽ നടന്നു. ഫൊറോനാ ഡയറക്ടർമാരുടെയും ഫൊറോനാ വികാരിയുടെയും നേതൃത്വത്തിൽ രൂപത മുഖ്യതിരഞ്ഞെടുപ്പ് വരണാധികാരി മോൺ. ഫാ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ നിർദേശമനുസരിച്ച് രൂപതയിലെ 14 ഫൊറോനകളിൽ തിരഞ്ഞെടുപ്പ് നടക്കുകയും ഫൊറോനാ കൗൺസിലുകൾ രൂപീകരിക്കുകയും ചെയ്തു. പാലാ, അരുവിത്തുറ, ചേർപ്പുങ്കൽ, ഇലഞ്ഞി, കടനാട്, കോതനല്ലൂർ, കൂത്താട്ടുകുളം, കൊഴുവനാൽ, കടപ്ലാമറ്റം, കുറവിലങ്ങാട്, മുട്ടുചിറ, മൂലമറ്റം, രാമപുരം, പൂഞ്ഞാർ എന്നീ ഫൊറോനകളിലാണ് തിരഞ്ഞെടുപ്പ് നടന്നത്.

2026-29 വർഷത്തെ രൂപതാതല തിരഞ്ഞെടുപ്പ്

DCMS 2026-29 വർഷത്തെ രൂപതതലതിരഞ്ഞെടുപ്പ് 2026 ജനുവരി 25 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി. ഈശ്വരപ്രാർത്ഥന രൂപത അസി. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി നടത്തി. തുടർന്ന് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖസന്ദേശം നൽകി. ശേഷം മുഖ്യതിരഞ്ഞെടുപ്പ് വരണാധികാരി മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് തിരഞ്ഞെടുപ്പുനിർദേശങ്ങൾ വായിക്കുകയും തിരഞ്ഞെടുപ്പിനു നേതൃത്വം നൽകുകയും ചെയ്തു.

15 അംഗ രൂപത എക്സിക്യൂട്ടീവ് സമിതിയിലേക്കും, DCMS സംസ്ഥാനസമിതിയിലേക്കും നടന്ന തിരഞ്ഞെടുപ്പിൽ DCMS പാലാ രൂപത പ്രസിഡന്റായി മുട്ടുചിറ ഫൊറോനാ കാഞ്ഞിരത്താനം ഇടവക ശ്രീ ബിനോയ് ജോൺ അമ്പലംകട്ടയിൽ, വൈസ് പ്രസിഡന്റായി രാമപുരം ഫൊറോന രാമപുരം ഇടവക ശ്രീമതി റോസമ്മ അഗസ്റ്റിൻ തറയിൽ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. സെക്രട്ടറിയായി പാലാ ഫൊറോനാ അരുണാപുരം ഇടവക ശ്രീമതി ബിന്ദു ആന്റണി വട്ടമറ്റത്തിൽ, ജോയിന്റ് സെക്രട്ടറിയായി മുട്ടുചിറ ഫൊറോന ജയ്ഗിരി ഇടവക ജിബിൻ ബിജു മറ്റത്തിൽ, ഖജാൻജിയായി കൂത്താട്ടുകുളം ഫൊറോനാ ഉദയഗിരി ഇടവക ശ്രീമതി മേരിഎം.പി. കക്കാലിമറ്റത്തിൽ, ഓർഗനൈസറായി മൂലമറ്റം ഫൊറോനാ അറക്കുളം ന്യൂ ഇടവക ശ്രീ ജയൻ കെ. ജെ. കളപ്പുര എന്നിവരെയും തിരഞ്ഞെടുത്തു.

അരുവിത്തുറ ഫൊറോനാ അരുവിത്തുറ ഇടവക ശ്രീ ജോയ് മാത്യു കുന്നത്തുപറമ്പിൽ, ചേർപ്പുങ്കൽ ഫൊറോനാ ചേർപ്പുങ്കൽ ഇടവക ശ്രീ സണ്ണി പി.എം. പല്ലാട്ട്, കുറവിലങ്ങാട് ഫൊറോന കാളികാവ് ഇടവക ശ്രീ ബാബു ജോസഫ് തൊമ്മനായിൽ, പൂഞ്ഞാർ ഫൊറോനാ കൈപ്പള്ളി ഇടവക ശ്രീമതി ബിന്ദു സജി തോട്ടുമാക്കൽ, കടനാട് ഫൊറോന മാനത്തൂർ ഇടവക ജെഫിൻ ജോമോൻ കൈപ്പുഴവള്ളിയിൽ, കടപ്ലാമറ്റം ഫൊറോനാ കടപ്ലാമറ്റം ഇടവക ശ്രീ ജെറിൻ സണ്ണി നരിവേലിൽ എന്നിവരെ സംസ്ഥാന കൗൺസിലിലേക്കും, ഇലഞ്ഞി ഫൊറോനാ സേവ്യർപുരം ഇടവക ശ്രീ ബാബു പീറ്റർ പാണ്ടിമാക്കൽ, കോതനല്ലൂർ ഫൊറോനാ മാൻവെട്ടം ഇടവക ശ്രീ ബിബിൻ ബേബി ഇടപറമ്പിൽ, കൊഴുവനാൽ ഫൊറോനാ കൊഴുവനാൽ ഇടവക ശ്രീ സുബിൻ ബാബു വടക്കേപുരയ്ക്കൽ എന്നിവരെ കമ്മിറ്റിയംഗങ്ങളായും തിരഞ്ഞെടുത്തു.

സ്നേഹത്തിന്റെ ഒരു വാക്ക്

2026-2029 വർഷത്തേക്കുള്ള യൂണിറ്റ്, ഫൊറോനാ, രൂപത ഇലക്ഷൻ വളരെ കൃത്യമായും അടുക്കും ചിട്ടയോടുംകൂടി പൂർത്തിയാക്കാൻ സഹായിച്ച പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടും, മുഖ്യവരണാധികാരിയായ മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, DCMS രൂപത ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ്, അസി. ഡയറക്ടർ റവ.ഫാ.മാണി കൊഴുപ്പൻകുറ്റി എന്നിവരോടും മുൻ രൂപതസമിതിയംഗങ്ങളോടുമുള്ള നന്ദിയും കടപ്പാടും സ്നേഹത്തോടെ സ്മരിക്കുന്നു.

ഫാ. ജോസ് വടക്കേക്കുറ്റ് (ഡയറക്ടർ)

ഫാ. മാണി കൊഴുപ്പൻകുറ്റി (അസി. ഡയറക്ടർ)

കെയർ ഹോംസ്

എക്സിക്യൂട്ടീവ്

സ്പെഷ്യൽ സ്കൂൾ, മാനസിക പുനരധിവാസകേന്ദ്രങ്ങൾ, വൃദ്ധ മന്ദിരം എന്നിവയുടെ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

വാർഷികാഘോഷം

മണ്ണയ്ക്കനാട് സ്പെഷ്യൽ സ്കൂൾ വാർഷികാഘോഷം 22/1/2026 വെള്ളിയാഴ്ച നടന്നു.

മെഡിസിറ്റി കെയർ ഹോംസ് പ്രോജക്ട്

മെഡിസിറ്റിയും കെയർ ഹോംസും സംയുക്തമായി നടത്തിവരുന്ന പ്രോജക്ട് മൂന്നാം ഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. രൂപതയുടെ 7 സ്പെഷ്യൽ സ്കൂളുകളാണ് പ്രോജക്ടിൽ ഉൾപ്പെടുന്നത്.

ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം (ഡയറക്ടർ)

കെ.എൽ.എം.

എക്സിക്യൂട്ടീവ്

14/1/2026 ബുധനാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് നടത്തപ്പെട്ടു.

എം പവർ പ്രോജക്ട്

എം. പവർ പ്രോജക്ടിന്റെ ഭാഗമായി നിർമ്മാണത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് കംപ്രസർ, മാർബിൾ കട്ടർ, ഹാൻഡ് ഡ്രിൽ, ആംഗിൾ ഗ്രൈൻഡർ, മെയ്സൺ കിറ്റ് മുതലായ ഉപകരണങ്ങൾ നൽകുന്നു.

ക്ഷേമനിധി

ക്ഷേമനിധി അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.

വിവിധ ക്ഷേമനിധികൾ

അസംഘടിതത്തൊഴിലാളി ക്ഷേമനിധി
നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
തയ്യൽക്ഷേമനിധി
ബന്ധപ്പെടേണ്ട നമ്പർ: 8304981275

ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം (ഡയറക്ടർ)

അഡാർട്ട്

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിങ്ങ്)

ജനുവരി 4,11,18,25 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ജനുവരി 11-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് നടന്നു.

ഗാന്ധിദർശൻ ക്വിസ് പ്രോഗ്രാം

കേന്ദ്രഗവൺമെന്റിന്റെ നശാ മുക്ത ഭാരത അഭിയാന്റെ അഞ്ചാം വാർഷികത്തിന്റെ ഭാഗമായി ലഹരിവിമുക്ത ചികിത്സാകേന്ദ്രമായ പാലാ അഡാർട്ടും, പാലാ ഗാന്ധി സെന്ററും സംയുക്തമായി നടത്തിയ ഗാന്ധിദർശൻ പഠനപദ്ധതിയുടെ ഭാഗമായ ക്വിസ്മത്സരത്തിന്റെ അവസാന റൗണ്ട് മത്സരങ്ങൾ പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. പ്രാഥമികതലത്തിൽ നടന്ന മത്സരങ്ങളിൽ വിജയിച്ച കുട്ടികളാണ് ഈ മത്സരത്തിൽ പങ്കെടുത്തത്. യുപി, ഹൈസ്കൂൾ ഹയർ സെക്കൻഡറി വിഭാഗങ്ങൾക്ക് പ്രത്യേകമായി മത്സരങ്ങൾ നടന്നു. ഫാദർ തോമസ് കാലാച്ചിറ മത്സരം നിയന്ത്രിച്ചു. ഫാദർ സെബാസ്റ്റ്യൻ ചാമക്കാലയിൽ വിജയികൾക്ക് ക്യാഷ് അവാർഡും മറ്റു സമ്മാനങ്ങളും വിതരണം ചെയ്തു. അഡാർട്ട് ഡയറക്ടർ ഫാദർ ജെയിംസ് പൊരുന്നോലിൽ, ജോയ് കെ.മാത്യു, കെ.ജെ. എബ്രഹാം, ലിജോ ജോസഫ്, ലിബി അഗസ്റ്റിൻ, റിച്ചു എസ്.കാപ്പൻ തുടങ്ങിയവർ പ്രോഗ്രാമുകൾക്കു നേതൃത്വം നൽകി.

FINGODAP ആദരവ്

FINGODAP കേരള ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ലഹരി ചികിത്സാമേഖലയിലെ ആദ്യകാലപ്രവർത്തകനായ അഡാർട്ട് പ്രോജക്ട് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യനെ ആദരിച്ചു. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, മറ്റു ഭാരവാഹികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

നവവൈദികർക്ക് സ്വീകരണം

പാലാ രൂപതയിൽ ഈ വർഷം പൗരോഹിത്യം എന്ന ദൈവികദാനം സ്വീകരിച്ച 16 നവവൈദികർക്ക് അഡാർട്ടിൽ ജനുവരി 17 ന്

സ്വീകരണം നൽകി. യോഗത്തിൽ അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, പ്രോജക്ട് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ, സീനിയർ കൗൺസിലർ ജോയി കെ. മാത്യു എന്നിവർ പ്രസംഗിച്ചു.

ഭവനസന്ദർശനം

അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, പ്രോജക്ട് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ചേർന്നു അഡാർട്ടിൽ ചികിത്സ പൂർത്തിയാക്കിയ കൂത്താട്ടുകുളം, രാമപുരം ഭാഗത്തുള്ള എ.എ അംഗങ്ങളുടെ ഭവനം സന്ദർശിച്ചു.

ഫാ. ജെയിംസ് പൊരുന്നോലിൽ (ഡയറക്ടർ)

ബൈബിൾ അപ്പോസ്തലേറ്റ്

1. ലോഗോസ് ക്വിസ് 2025

ലോഗോസ് ക്വിസ് 2025 ന്റെ സമ്മാനങ്ങൾ 2026 ഫെബ്രുവരി 16 മുതൽ ഷലോമിലുള്ള ഓഫീസിൽനിന്നു വിതരണം ചെയ്യുന്നു.

2. ലോഗോസ് ക്വിസ് പഠനസഹായി

ലോഗോസ് ക്വിസ് 2026 ന്റെ പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

3. ലോഗോസ് ക്വിസ് 2026

പഠനഭാഗം റൂത്ത് 1-4, സഭാപ്രസംഗകൻ 1-6
വി. യോഹന്നാൻ 1-12
ഗലാത്തിയ 1-6
1 സാമുവൽ 1-7

പരീക്ഷാത്തീയതി : 2026 സെപ്തംബർ 27

രജിസ്ട്രേഷൻ ആരംഭിക്കുന്നത് : 2026 ജൂൺ 1

ഒരുക്കങ്ങൾ നേരത്തേ ആരംഭിക്കുമല്ലോ.

4. ബൈബിൾ ക്ലാസ്

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ ജനുവരിമാസത്തിലെ ക്ലാസ് 10-ാം തീയതി നടന്നു. അടുത്ത ക്ലാസ് ഫെബ്രുവരി 14 ന് നടക്കും.

ഫാ. തോമസ് പുതുപ്പറമ്പിൽ (ഡയറക്ടർ)

കരിസ്മാറ്റിക് വാർത്തകൾ

1. പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സഥാശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ശുശ്രൂഷകൾ ഉച്ചകഴിഞ്ഞു രണ്ടു മണിക്ക് അവസാനിക്കും. കരുണക്കൊന്ത, ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. 2026 ജനുവരി മാസത്തിൽ ഫാ. ജോസ് ബേസിൽ പ്ലാത്തോട്ടത്തിൽ, ഫാ. കുര്യൻ തടത്തിൽ, ബ്രദർ ജെഫിൻ മൂലംകുഴി, ഫാ. റോബർട്ട് ചവറനാനിക്കൽ വി.സി., ഡോ. വി.റ്റി. ജേക്കബ് വടക്കായിൽ പൊടിമറ്റം എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തി.

2. ജൂബിലേവൂസ് 2026

കേരള കത്തോലിക്കാകരിസ്മാറ്റിക് നവീകരണ സുവർണ്ണ ജൂബിലിസഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മധ്യസ്ഥ പ്രാർത്ഥനാദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ജനുവരി 7ന് മൂലമറ്റം സബ് സോണിൽ മൂലമറ്റം സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് ഉപവാസമധ്യസ്ഥപ്രാർത്ഥന നടത്തി. ഫാ. അനൂപ് വാഴേപ്പറമ്പിൽ ജൂബിലിത്തിരിതെളിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. ശ്രീ ബിനു ജേക്കബ് വാഴേപ്പറമ്പിൽ (സോണൽ സെക്രട്ടറി) ജൂബിലിസന്ദേശം നൽകി. പാലാ സോൺ, മൂലമറ്റം സബ് സോൺ അംഗങ്ങൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

3. രാത്രിയാരാധന

ജനുവരി 31 ശനി ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ വച്ച് രാത്രിയാരാധന നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ രൂപത ബിഷപ്) വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഫാ. ജെയിംസ് മാക്കിയിൽ (നെടുങ്കണ്ടം കരുണ ഡിവൈൻ മേഴ്സി ധ്യാനകേന്ദ്രം ഡയറക്ടർ) വചനശുശ്രൂഷയും ആരാധനയും നയിച്ചു. ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

4. ദിവ്യകാരുണ്യ ആരാധന

ജനുവരി 3 ന് വയലാ സെന്റ് ജോർജ് ദൈവാലയത്തിലും 13 ന് തിടനാട് സെന്റ് ജോസഫ് ദൈവാലയത്തിലും മൂന്നാനി സെന്റ് പീറ്റർ

ദൈവാലയത്തിലും 13 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു. ഈ ശുശ്രൂഷകൾക്ക് സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങൾ നേതൃത്വം നൽകി.

5. ജനുവരി 17 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു.

6. ജനുവരി 18 ന് പാലാ അരുണാപുരം സെന്റ് ജോസഫ് ദൈവാലയത്തിലെ മതബോധനകുട്ടികൾക്കായി കെറിഗ്മ (പ്രാരംഭ സുവിശേഷപ്രഘോഷണം) നടത്തുകയുണ്ടായി. ദൈവാലയത്തിലും ക്ലാസ്റൂമിലുമായി നടത്തപ്പെട്ട ഈ ശുശ്രൂഷയിൽ പാലാ സോൺ കെറിഗ്മ മിനിസ്ട്രി അംഗങ്ങളും YU4C അംഗങ്ങളും ഒന്നുചേർന്ന് (30 പേർ) ഈ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

ഫാ. ജോസഫ് അരിമറ്റത്ത് (ഡയറക്ടർ)

ഫാ.ആൽബിൻ പുതുപ്പറമ്പിൽ (അസിസ്റ്റന്റ് ഡയറക്ടർ)

ജീസസ് ഫ്രട്ടേണിറ്റി

പ്രാർത്ഥനാകൂട്ടായ്മ

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ജനുവരി 7 ന് അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

ബോധവൽക്കരണ ക്ലാസ്

ജനുവരി 15,22 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

തൊഴിൽ പരിശീലനം

പാലാ മീനച്ചിൽ സബ് ജയിലിൽ ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ സെൻറ് തോമസ് പ്രസ്സിന്റെ സഹകരണത്തോടെ തടവറയിൽ കഴിയുന്നവർക്കുവേണ്ടി ബുക്ക് ബൈൻഡിങ്ങിന് പരിശീലനം നൽകി.

കൗൺസിലിംഗ്

ജനുവരി 6, 20 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിലിൽ തടവറയിലെ അന്തേവാസികൾക്കായി കൗൺസലിങ് നടത്തി.

യൂണിറ്റ് സമ്മേളനം

ജനുവരി 24 ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും പ്രാർത്ഥനായോഗങ്ങളും നടത്തി.

ഫാ. ജെയിംസ് പൊരുന്നോലിൽ (ഡയറക്ടർ)

മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം:

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിനദൈവ രാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് വിശുദ്ധ കുർബാന, തുടർന്ന് തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭി ഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തി യാകുന്ന ധ്യാനം - ജനുവരി 10 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ചു നടത്തി.

2. സിസ്റ്റേഴ്സിന് ധ്യാനം:

ജനുവരി 12 മുതൽ 20 വരെ, ആന്ധ്രാപ്രദേശിലെ വിശാഖപട്ട ണത്ത് രക്ഷണഗിരി ക്രൈസ്റ്റ് ദി കിങ് മൊണാസ്ട്രിയിലെ ക്ലോയ്സ്റ്റർ സിസ്റ്റേഴ്സിനായി 9 ദിവസത്തെ ധ്യാനം നടത്തി.

3. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം:

2026 ജനുവരി 25 മുതൽ ജനുവരി 31 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

4. പ്രബോധനപരമ്പര : നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ എന്നുള്ള നിഷ്കർഷയോടെ നമ്മുടെ കർത്താവ് പഠിപ്പിച്ച 'സ്വർഗസ്ഥനായ ഞങ്ങ ളുടെ പിതാവേ' എന്ന പ്രാർത്ഥനയെപ്പറ്റി, കത്തോലിക്കാത്തിരുസഭയുടെ മതബോധനഗ്രന്ഥത്തെ അടിസ്ഥാനമാക്കി, പ്രായോഗിക ആത്മീയപ്രസ ക്തിയോടെ വ്യാഖ്യാനിച്ചു പഠിപ്പിക്കുന്ന തിരുവചനവിചിന്തനപരമ്പര, ആഴ്ചയിൽ 3 ദിവസം വീതം, 2025 ജൂലൈ 21 ന് ആരംഭിച്ചത് മൗണ്ട് നെബോയുടെ യൂ ട്യൂബ് ചാനലിൽ തുടർന്നുകൊണ്ടിരിക്കുന്നു.

5. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷ കൾ താഴെപ്പറയുംവിധം ആയിരിക്കും:

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2026 ഫെബ്രുവരി 15 ഞായർ 5 pm – 21 ശനി 9 am :
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 മാർച്ച് 15 ഞായർ 5 pm - 21 ശനി 9 am :
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 ഏപ്രിൽ 12 ഞായർ 5 pm - 18 ശനി 9 am :
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebovagamon.org

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

ഫാ. തോമസ് വാഴചാരിക്കൽ (ഡയറക്ടർ)

ഫാ. മാത്യു കാടൻകാവിൽ (അസി. ഡയറക്ടർ)

ദീപിക ഫ്രണ്ട്സ് ക്ലബ്

എക്സിക്യൂട്ടീവ് മീറ്റിങ്ങ്

രൂപതാ സമിതിയുടെ വനിത - പുരുഷ വിഭാഗം എക്സിക്യൂട്ടീവ് മീറ്റിങ് 9/1/2026 ൽ നടത്തപ്പെട്ടു.

സംസ്ഥാനസമിതി

സംസ്ഥാനസമിതി മീറ്റിങ് കോട്ടയം ദീപിക ഓഫീസിൽ വച്ച് 28/1 ൽ നടത്തപ്പെട്ടു.

വാർഷികവരിസംഖ്യ

ദീപിക ദിനപത്രത്തിന്റെ വാർഷികവരിസംഖ്യ 3100/-

സമുദായശക്തീകരണം

ദീപികപ്പത്രത്തിലൂടെ സീറോ മലബാർ സഭ ഈ വർഷം സാമുദായികവർഷമായി ആഘോഷിക്കുന്നു. സഭയുടെ ശബ്ദമായ ദീപിക ദിനപത്രത്തിന്റെ പ്രചാരണം കൂടുതൽ ശക്തമാക്കാൻ എക്സിക്യൂട്ടീവ് തീരുമാനിച്ചു.

ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം (ഡയറക്ടർ)

ഇൻഫാം

ഇൻഫാം രജതജൂബിലി റാലി കട്ടപ്പനയിൽ

ഇൻഫാമിന്റെ രജതജൂബിലിയോടനുബന്ധിച്ചുള്ള കർഷകറാലി 3-01-2026 ൽ കട്ടപ്പനയിൽ വച്ചു നടന്നു. 17000 ൽപരം കർഷകർ പങ്കെടുത്ത അത്യാകർഷവും പ്രൗഢഗംഭീരവുമായ റാലിയിൽ പാലാ കാർഷികജില്ലയിൽനിന്ന് 75-ഓളം അംഗങ്ങൾ പങ്കെടുത്തു. റാലിക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, ഡീൻ കുര്യാക്കോസ് എം.പി., മന്ത്രി റോഷി അഗസ്റ്റിൻ എന്നിവർ പങ്കെടുത്തു.

പാലാ കാർഷിക ജില്ലാ സമിതി

പാലാ കാർഷിക ജില്ലാസമിതിയുടെ ഒരു മീറ്റിങ് 16-1-2026 വെള്ളിയാഴ്ച പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തി. പ്രസിഡന്റ് ഡോ. കെ.കെ.

ജോസ് കരിപ്പാകുടിയിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, ദേശീയ കമ്മിറ്റിയംഗം മാത്യു മാമ്പറമ്പിൽ, സെക്രട്ടറി തോമസ് മറ്റം, ജോയിന്റ് സെക്രട്ടറി ജസ്റ്റിൻ ഇടയോടിയിൽ, വൈസ് പ്രസിഡന്റ് ഉണ്ണികുഞ്ഞ്, ജോർജ് വെള്ളൂക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

ഇൻഫാം വീർ കിസാൻ ഭൂമിപത്ര അവാർഡ്

20-01-2026 ൽ പൊടിമറ്റം സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ചു 75 വയസ്സ് കഴിഞ്ഞ 1500 കർഷകരെ ഇൻഫാം വീർ കിസാൻ ഭൂമി പത്ര അവാർഡ് നൽകി ആദരിച്ചു. പാലാ കാർഷികജില്ലയിൽനിന്ന് 30 അംഗങ്ങൾ ആദരിക്കപ്പെട്ടു. പ്രസ്തുത സമ്മേളനത്തിൽ ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്, ആർച്ചുബിഷപ് മാർ തോമസ് തറയിൽ, മാർ മാത്യു അറയ്ക്കൽ, ശ്രീ ജോസ് കെ. മാണി എന്നിവർ പങ്കെടുത്തു.

ഇൻഫാം ലീഡേഴ്സ് മീറ്റ്

03-01-2026 ൽ കാഞ്ഞിരപ്പള്ളി കത്തീഡ്രൽ മഹാജൂബിലി ഹാളിൽ വച്ച് ഇൻഫാം ലീഡേഴ്സ് മീറ്റ് നടത്തി. ദേശീയ, സംസ്ഥാന, ജില്ലാ, താലൂക്ക്, ഗ്രാമസമിതി എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്ത പ്രസ്തുത പരിപാടിയിൽ 30 അംഗങ്ങൾ പങ്കെടുത്തു. ലീഡേഴ്സ് മീറ്റിൽ പാലാ കാർഷികജില്ലയിൽനിന്ന് 80 ൽപരം അംഗങ്ങൾ പങ്കെടുത്തു. മാർ ജോസഫ് പാംപ്ലാനി, മാർ ജോസ് പുളിക്കൽ, ഡോ. എൻ. ജയരാജ്, ഫ്രാൻസിസ് ജോർജ് എം.പി. എന്നിവർ പങ്കെടുത്തു.

ഫാ. ജോസ് തറപ്പേൽ (ഡയറക്ടർ)

JANUARY 2026		
1	9.15 pm	ഉദയഗിരി ഇടവകയിൽ ഡീക്കൻ പോൾ ഇരട്ടമാക്കിലിന് പൗരോഹിത്യം നൽകി.
2	2.30 pm	അയ്യമ്പാറ ഇടവകയിൽ ഡീക്കൻ തോമസ് പുത്തൻ പുരയ്ക്ക് പൗരോഹിത്യം നൽകി.
	3 .00 pm	മുട്ടുചിറ ഇടവകയിൽ നവീകരിച്ച രാക്കുളിക്കുളവും ഹോം പാലാ പ്രൊജക്റ്റിന്റെ ഭാഗമായി പണിത മൂന്നു ഭവനങ്ങളും വെഞ്ചരിച്ചു.
3	9.15 am	പ്ലാശനാൽ ഇടവകയിൽ ഡീക്കൻ മാത്യു മുകളേലിന് പൗരോഹിത്യം നൽകി
	2.30 pm	ജയ്ഗിരി ഇടവകയിൽ ഡീക്കൻ ജോസഫ് കന്നുതൊട്ടി കല്ലുവേലിലിന് പൗരോഹിത്യം നൽകി
4	9.15 am	കയ്യൂർ ഇടവകയിൽ ഡീക്കൻ ദേവസ്യാ പടിഞ്ഞാറേക്കുറ്റിന് പൗരോഹിത്യം നൽകി.
	3.30 pm	മീനടം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വച്ചു നടന്ന കോട്ടയം ഭദ്രാസന വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.
	5.30 pm	കാഞ്ഞിരമറ്റം പള്ളിയുടെ ജൂബിലിസമാപനമീറ്റിങ്ങിൽ പങ്കെടുത്തു.
5	9.15 am	കടുത്തുരുത്തി ഇടവകയിൽ ഡീക്കൻ സേവ്യർ മുക്കുടിക്കാട്ടിലിന് പൗരോഹിത്യം നൽകി.
	5.30 pm	ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ പ്രത്യാശയുടെ ജൂബിലി കവാടം അടയ്ക്കുന്ന ചടങ്ങിൽ അത്യുന്നത കർദിനാൾ മാർ ജേക്കബ് കൂവക്കാട്ടിനൊപ്പം പങ്കെടുത്തു.

6		സീറോ മലബാർ സഭയുടെ സിനഡ് സമ്മേളനത്തിൽ പങ്കെടുത്തു.
13		ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.
15	11.00 am	പ്ലാശനാൽ സ്കൂളിന്റെ നവതിയാഘോഷസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു.
	5 .30 pm	രാമപുരം പള്ളിയിൽ പുതിയ പയസ് ആർട്ടിക്കിൾസ് സ്റ്റാൾ വെഞ്ചരിച്ചു.
	6.00 pm	നീറന്താനം പള്ളിയിൽ പാരിഷ് ഹാളിന് അടിസ്ഥാന ശില ആശീവദിച്ചു സ്ഥാപിച്ചു.
16	2.30 pm	ഭരണങ്ങാനം സ്കൂളിന്റെ ആനിവേഴ്സറിയിലും അധ്യാപകർക്കുള്ള യാത്രയയപ്പുസമ്മേളനത്തിലും പങ്കെടുത്തു സംസാരിച്ചു.
17	9.15 am	അറുനൂറ്റിമംഗലം ഇടവകയിൽ ഹോളി ട്രിനിറ്റി സഭാംഗമായ ഡീക്കൻ ജീവൻ മരിയഭവന് പൗരോഹിത്യം നൽകി.
	3.30 pm	നെല്ലിയാനി പള്ളിയുടെ പുതിയ കൊടിമരം വെഞ്ചരിച്ചു.
	5.00 pm	മാവടി പള്ളിയുടെ ജൂബിലിസമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.
18	4.00 pm	നെല്ലാപ്പാറ പള്ളിയുടെ ജൂബിലി കുർബാന അർപ്പിച്ചു സന്ദേശം നൽകി. പുതിയ മോണ്ടളം വെഞ്ചരിച്ചു.
19	5.00 pm	ഇളംതോട്ടം ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഒരു ഭവനം വെഞ്ചരിച്ചു.
20	4.00 pm	കൂട്ടിക്കാനം മരിയൻ കോളജിൽ വച്ചു നടന്ന റീജിയണൽ ബിഷപ്സ് റിട്രീറ്റിൽ സംബന്ധിച്ചു.
21		മംഗലപ്പുഴ സെമിനാരി കമ്മീഷൻ അംഗമെന്ന നിലയിൽ മംഗലപ്പുഴ സെമിനാരിയിൽ സന്ദർശനം നടത്തി.
22	3.30 pm	മാർ സ്ലീവാ മെഡിസിറ്റിയിൽ റേഡിയേഷൻ തെറാപ്പി യൂണിറ്റിന്റെ വെഞ്ചരിപ്പ് നടത്തി.
	5.00 pm	മരങ്ങോലി പള്ളിയുടെ പുതിയ കുരിശുപള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ചു.
	2.15 pm	ഇളംതോട്ടം ഇടവകയിൽ ബഹു. ഇമ്മാനുവേൽ വരിക്കമാക്കൽ അച്ചന്റെ സംസ്കാരശുശ്രൂഷയിൽ മുഖ്യ കാർമ്മികനായി.

24	11.00 am	PSWS ന്റെ കീഴിലുള്ള പാലാ ഫുഡ് ഫാക്ടറിയുടെ പുതിയ സംരംഭമായ കപ്പ കയറ്റുമതിയുടെ ഉദ്ഘാടനം നിർവഹിച്ചു.
	7.00 pm	മുത്തോലി പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി
25	7.00 am	മുത്തോലി പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.
	4.00 pm	മേവിട പള്ളിയുടെ പുതിയ കുരിശുപള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ചു.
	6.00 pm	കൂത്താട്ടുകുളം ഫൊറോനാ പള്ളിയിൽ വച്ചു നടന്ന ഇന്റർ ചർച്ച് കൗൺസിലിന്റെ സഭൈക്യവാരസമാപന സമ്മേളനത്തിൽ പങ്കെടുത്തു.
26	10.30 am	മംഗളഗിരി പള്ളിയുടെ ജൂബിലിസമാപനത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.
	2.30 pm	അരുണാപുരം പാരിഷ് ഹാളിൽ വച്ചു നടന്ന വിശ്വാസ പരിശീലനകേന്ദ്രത്തിന്റെ രൂപതാവാർഷികത്തിൽ സംബന്ധിച്ചു വിവിധ സമ്മാനങ്ങൾ നൽകി.
	5.30 pm	തുരുത്തിപ്പള്ളി പള്ളിയുടെ പുതിയ വൈദികമന്ദിരം വെഞ്ചരിച്ചു.
27	9.30 am	കുറവിലങ്ങാട് പള്ളിയിൽ മൂന്നുനോമ്പിന്റെ ബാവൂസ നമസ്കാരത്തിൽ പങ്കെടുത്തു വിശുദ്ധ കുർബാനയ്ക്കിടയിൽ വചനസന്ദേശം നൽകി.
28	6.00 pm	ഇടപ്പാടി പള്ളിയുടെ നവീകരിച്ച വൈദികമന്ദിരവും പുതിയ ഹാളും വെഞ്ചരിച്ചു.
29		ശാന്തിഗിരി ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി ഒരു ഭവനം ആശീർവദിച്ചു.
30	3.00 pm	പെരിങ്ങുളം സ്കൂളിന്റെ ശതാബ്ദിയാഘോഷസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.
	4.00 pm	കൈപ്പള്ളി ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി ഒരു ഭവനം ആശീർവദിച്ചു.
31	9.30 am	ചൂണ്ടച്ചേരി എഞ്ചിനീയറിങ് കോളേജിൽ വച്ചു നടന്ന പാലാ രൂപതയുടെ 14-ാം പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാം സമ്മേളനത്തിൽ സംബന്ധിച്ചു സന്ദേശം നൽകി.
	5.30 pm	പാദുവ ഇടവകയിൽ പുതിയ കുരിശുപള്ളി വെഞ്ചരിച്ചു.

27.01.2026

കുറവിലങ്ങാട്
പള്ളിയിൽ മൂന്നു നോമ്പ്
തിരുനാളിന്റെ ബാവൂസാ
നമസ്കാരത്തിൽ
മാർ ജോസഫ് കല്ലറങ്ങാട്ട്,
മാർ ജോസഫ് കൊല്ലംപറമ്പിൽ,
മാർ ജോസഫ് സ്രാമ്പിക്കൽ എന്നീ
അഭിവന്ദ്യ പിതാക്കന്മാർ
പങ്കെടുത്തു

27.01.2026

ളാലം പഴയ
പള്ളിയുടെ പാരിഷ് ഹാളിൽ
വച്ചു നടന്ന പാലാ രൂപതാ
കുടുംബക്കൂട്ടായ്മ വാർഷിക
സമ്മേളനം അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം
ചെയ്തു സമ്മാനദാനം നടത്തി.
മാർ ജോസഫ് സ്രാമ്പിക്കൽ
പിതാവ് മുഖ്യ പ്രഭാഷണം
നടത്തി.

ഹോം പാലാ

02.01.2026

മുട്ടുചിറ
3 ഭവനങ്ങൾ

19.01.2026

ഇളന്തോട്ടം

29.01.2026

ശാന്തിഗിരി
പാലാ കോർപ്പറേറ്റ്

30.01.2026

കൈപ്പള്ളി
എ കെ സി സി

സ്നേഹസ്മരണയ്ക്ക്

ഫാ. ഇമ്മാനുവൽ വരിക്കമാക്കൽ

ഫാ. ഇമ്മാനുവൽ വരിക്കമാക്കൽ 1948 ജൂലൈ 24ന് ഇളന്തോട്ടം ഇടവകയിൽ വരിക്കമാക്കൽ കുര്യൻ - അന്ന ദമ്പതികളുടെ പുത്രനായി ജനിച്ചു. അഞ്ചു സഹോദരന്മാരും മൂന്നു സഹോദരിമാരുമടങ്ങുന്ന വലിയൊരു ക്രൈസ്തവ കുടുംബത്തിലെ വിശ്വാസപരമായ വളർച്ചയാണ് അദ്ദേഹത്തിന്റെ ജീവിതത്തിന് അടിത്തറയായത്. കവീക്കുന്ന് സെന്റ് എഫ്രേംസ് എൽ.പി. സ്കൂളിലും പ്രവിത്താനം സെന്റ് മൈക്കിൾസ് ഹൈസ്കൂളിലും പ്രാഥമികവിദ്യാഭ്യാസം നേടി. പാലാ സെന്റ് തോമസ് കോളേജിൽ കോളേജുപഠനം പൂർത്തിയാക്കിയ ശേഷം ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി പാലാ (1966–1968), സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി വടവാതൂർ (1968–1975) എന്നിവിടങ്ങളിൽ വൈദികപരിശീലനം നടത്തി B.Th. ബിരുദം നേടി. 1974 ഡിസംബർ 24ന് ഇളന്തോട്ടം പള്ളിയിൽ വച്ച് മാർ ജോസഫ് പള്ളിക്കാപറമ്പിൽപിതാവിന്റെ കൈവയ്പു വഴി വൈദികനായി അദ്ദേഹം അഭിഷിക്തനായി. മൂലമറ്റം പള്ളിയുടെ സഹവികാരിയായി (1975–1980) വൈദികശുശ്രൂഷ ആരംഭിച്ച അദ്ദേഹം തൊഴിലാളിക്ഷേമപ്രവർത്തനങ്ങളിലും ക്ഷീരസഹകരണസംരംഭങ്ങളിലും സാമൂഹികക്ഷേമപ്രവർത്തനങ്ങളിലും സജീവപങ്കുവഹിച്ചു. ഇലപ്പള്ളി (1980–1989), പയസ് മൗണ്ട് (1989–1995), കല്യാൺ രൂപത (1995–2004), കാക്കൂർ, കാക്കൊമ്പ്, അറക്കുളം പഴയപള്ളി, വെള്ളിയാമറ്റം എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. ഇലപ്പള്ളി പള്ളിനിർമ്മാണം അദ്ദേഹത്തിന്റെ സ്മരണീയസംഭാവനകളിലൊന്നാണ്. 2024 ഫെബ്രുവരി 3ന് വിരമിച്ചശേഷം പാലാ മാർ അപ്രേം വൈദികഭവനത്തിൽ വിശ്രമജീവിതം നയിച്ചു. 2026 ജനുവരി 19ന് കർത്താവിൽ നിദ്ര പ്രാപിച്ച അദ്ദേഹത്തിന്റെ സംസ്കാരശുശ്രൂഷ 2026 ജനുവരി 23ന് മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ തോമസ് ഇലവനാൽ, മാർ ജേക്കബ് അങ്ങാടിയാത്ത്, മാർ ജോസഫ് കൊല്ലംപറമ്പിൽ, മാർ ജോസഫ് സ്രാമ്പിക്കൽ എന്നീ അഭിവന്ദ്യപിതാക്കന്മാരുടെ കാർമ്മികത്വത്തിൽ ഇളന്തോട്ടം പള്ളിയിൽ വച്ചു നടന്നു.

സ്നേഹസ്മരണയ്ക്ക്

ഫാ. ജോർജ് പൂവക്കുളം

ഫാ. ജോർജ് പൂവക്കുളം കൊഴുവനാൽ ഇടവകയിലെ പൂവക്കുളം കുടുംബത്തിൽ എമ്മാനുവേലിന്റെയും മേരിയുടെയും മകനായി 1961 ഓഗസ്റ്റ് 6ന് ജനിച്ചു. 1961 ഓഗസ്റ്റ് 17ന് മുതലക്കോടം പള്ളിയിൽ വച്ച് മാമ്മോദീസ സ്വീകരിച്ചു. കൊഴുവനാൽ L.P.S. & U.P.S., മണലുങ്കൽ ഹൈസ്കൂൾ എന്നിവ പ്രാഥമിക വിദ്യാഭ്യാസത്തിന് വേദിയായി. പാലാ സെന്റ് തോമസ് കോളേജിൽ കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി (1984–1986), കാർമൽഗിരി സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി, മംഗലപ്പുഴ സെമിനാരി (1986–1989) എന്നിവിടങ്ങളിൽ വൈദികപരിശീലനം നേടി. 1994 ഏപ്രിൽ 7ന് കൊഴുവനാൽ ഇടവകയിൽവച്ച് മാർ ജോസഫ് പള്ളിക്കാപറമ്പിൽപിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. വെള്ളികുളം, ഉാലം പഴയ പള്ളി എന്നീ ഇടവകകളിൽ സഹവികാരിയായി സേവനം നടത്തി. 1998 മുതൽ 2003 വരെ കെ.സി.വൈ.എം., കെ.സി.എസ്.എൽ, എന്നിവയുടെ ഡയറക്ടറായി പ്രവർത്തിച്ചു. 2003 ഫെബ്രുവരി 22 മുതൽ 2024 ഫെബ്രുവരി 3 വരെ നീലൂർ സാവിയോ ഹോമിന്റെ റെക്ടറായി ദീർഘകാലം സേവനം കാഴ്ചവച്ചു. 2024 ജൂൺ 1 മുതൽ കാസ ഡെൽ ക്ലേരോയിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. 2026 ഫെബ്രുവരി 28 ന് ബഹു. ജോർജ് അച്ചന്റെ ആത്മാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2026 ഫെബ്രുവരി 2ന് കൊഴുവനാൽ സെന്റ് നെപുംസ്യാൻസ് പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അച്ചന്റെ അന്ത്യകർമ്മങ്ങൾ നടത്തി.

26.01.2026

പാലാ രൂപത
സൺഡേ സ്കൂൾ
വാർഷികസമ്മേളനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് ഉദ്ഘാടനം ചെയ്തു
സംസാരിക്കുകയും
സമ്മാനവിതരണം
നടത്തുകയും ചെയ്തു.

സ്നേഹസ്മരണയ്ക്ക്

സി. ലെയോ CMC

കാടകാവിൽ (94)

ഇടവക	:	തുടങ്ങനാട്
ജനനം	:	19.08.1933
നിത്യവ്രതം	:	19.05.1958
മരണം	:	30.12.2025
മൃതസംസ്കാരം	:	തുടങ്ങനാട്

സേവനമണ്ഡലങ്ങൾ:
വെള്ളികുളം, കരൂർ, പ്രൊവിൻഷ്യൽ ഹൗസ്, പിറവം, തുടങ്ങനാട്

സ്നേഹസ്മരണയ്ക്ക്

സി. ഫിലമിൻ മരിയ CMC

പട്ടേട്ട് (78)

ഇടവക	:	ഉപ്പുതറ
ജനനം	:	07.04.1947
നിത്യവ്രതം	:	26.05.1975
മരണം	:	19.01.2026
മൃതസംസ്കാരം	:	ചേർപ്പുങ്കൽ

സേവനമണ്ഡലങ്ങൾ:
മുണ്ടാങ്കൽ, മുട്ടുചിറ, മുത്തോലി, പ്രവിത്താനം, മംഗളഗിരി, കടപ്പാമറ്റം, രാമപുരം, ജനറലേറ്റ്, പ്രൊവിൻഷ്യൽ ഹൗസ്, മാണ്ട് കാർമ്മൽ, ജ്യോതി ഭവൻ, നസ്രത്ത് ഭവൻ, ചേർപ്പുങ്കൽ

സ്നേഹസ്മരണയ്ക്ക്

സി. മേഴ്സി ടോം FCC

കച്ചിറമറ്റം (91)

ഇടവക	:	അറക്കുളം
ജനനം	:	18.10.1934
നിത്യവ്രതം	:	30.05.1960
മരണം	:	22.01.2026
മൃതസംസ്കാരം	:	പാലാ കത്തീഡ്രൽ

സേവനമണ്ഡലങ്ങൾ:
തലശ്ശേരി, രാമപുരം, കിഴപറയാർ അരുവിത്തുറ, പോർസ്യുങ്കുള ആലുവാ, തുടങ്ങനാട്, പുലിയന്നൂർ, കൊഴുവനാൽ, പച്ചിക്കൽ, മരിയൻ മെഡിക്കൽ സെന്റർ, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, സ്ലീവാപുരം, കണ്ണാടിയുറുമ്പ്

സ്നേഹസ്മരണയ്ക്ക്

സി. എൽഫീജ് S.A.B.S

മഴുവഞ്ചേരിൽ (60)

ഇടവക	:	പുഞ്ഞാർ
ജനനം	:	21.11.1941
നിത്യവ്രതം	:	01.06.1968
മരണം	:	17.01.2026
മൃതസംസ്കാരം	:	കടനാട്

സേവനമണ്ഡലങ്ങൾ:
കാഞ്ഞിരമറ്റം, കടനാട്, കുന്നോന്നി, മുളക്കുളം, കാക്കൂർ, കാഞ്ഞിരത്താനം, അരുവിത്തുറ, മുത്തോലപുരം, മരങ്ങാട്ടുപിള്ളി, മുട്ടുചിറ, നസ്രത്ത് ഹിൽ, പുതുവേലി, കുറുമണ്ണ്, വടകര, കാക്കൊമ്പ്, യു.ജി.സി ഹോസ്റ്റൽ, ജയറാണി

2026
FEBRUARY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

"ആത്മാവാണു ജീവൻ നൽകുന്നതു; ശരീരം മെന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോടു ഞാൻ പറഞ്ഞവാക്കുകൾ ആത്മാവും ജീവനുമാണ്." (യോഹ 6 : 63)

പാലാ രൂപത

ഇവാഞ്ചലൈസേഷൻ, കുടുംബക്കൂട്ടായ്മ, മീഡിയ കമ്മീഷൻ

PLATINUM JUBILEE
EPARCHY OF PALAI
1950 - 2025

ജീവമന്ന

വചനം ജീവിതമാകാൻ, ജീവിതം സ്വർഗമാകാൻ

പാലാ രൂപത പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ വചന പഠന മത്സരം

Season I-2025

പഠനഭാഗം – സുവിശേഷങ്ങൾ, അപ്പസ്തോലപ്രവർത്തനങ്ങൾ

- കുടുംബമായും വ്യക്തിഗതമായും മത്സരം
- ഒരു കുടുംബത്തിൽനിന്ന് 2 പേർ അടങ്ങുന്ന ടീം

മത്സര കാറ്റഗറികൾ

A കാറ്റഗറി	തിരുബാലസഖ്യം (വചനം പറയുക)
B കാറ്റഗറി	5 മുതൽ 7 – ാം ക്ലാസ് വരെ
C കാറ്റഗറി	8 മുതൽ 12 – ാം ക്ലാസ് വരെ
D കാറ്റഗറി	18 മുതൽ 30 വരെ പ്രായം
E കാറ്റഗറി	31 മുതൽ 55 വരെ പ്രായം
F കാറ്റഗറി	56 മുതൽ മുകളിലേക്ക്

ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന സൺഡേ സ്കൂളിനും ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്കും പ്രത്യേക സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്

സന്യാസിനികൾ, സന്യാസാർഥിനികൾ, വൈദികവിദ്യാർഥികൾ എന്നിവർക്ക് പ്രത്യേക മത്സരങ്ങൾ

മത്സരക്രമീകരണം

- ഇടവക തല മത്സരങ്ങൾ
  2026 ഏപ്രിൽ 26നകം നടത്തേണ്ടതാണ്.
- ഫൊറോനാ തല മത്സരങ്ങൾ
  മെയ് 10 ഞായർ 2 PM
- രൂപതാ തല മത്സരം
  മെയ് 17 ഞായർ 2 PM
- ജീവമന്ന സംഗമവും സമ്മാന വിതരണവും
  മെയ് 27

സങ്കീർത്തനം 119
മുഴുവൻ പഠിക്കുന്ന
സൺഡേ സ്കൂൾ കുട്ടികൾക്ക്
2000 രൂപ ക്യാഷ് പ്രൈസ്

100 വചനങ്ങൾ പഠിക്കുന്ന
എല്ലാവർക്കും രൂപതയുടെ
ജീവമന്നാ സമ്മാനം

ഗ്രാൻഡ് ഫിനാലെ
മെമെന്റോ & ക്യാഷ് പ്രൈസ്

ഒന്നാം സമ്മാനം	₹	25000
രണ്ടാം സമ്മാനം	₹	15000
മൂന്നാം സമ്മാനം	₹	10000
നാലാം സമ്മാനം	₹	5000
അഞ്ചാം സമ്മാനം	₹	3000

For Details : 9847775738, 6282573690

Supported by Edimannickal Foundation

Printed at St.Thomas Press, Palai and Published by Fr. Augustine Kandathilkudilil